Malayalanadu weekly, Quilon
January 25, 1976
Phones: 2825, 3362

മലയാളനാട് വാരിക

പത്രാധിപർ,
എസ്.കെ. നായർ

താളുകൾ മറിക്കുമ്പോൾ

ലേഖനം

അകക്കലിയുടെ സംഗീതം
— കെ. പി. ദയാനന്ദൻ 4
അറബിക്കഥകളിലൂടെ ഒരു ഗവേഷണ പര്യടനം
— പ്രൊ: എം. അച്യുതൻ 25
കൊല്ലത്ത് ഒരു സാഹിത്യസായാഹ്നം
— ഹരികുമാർ 54

കവിത

ഒരു ഭീരുവിന്റെ പാട്ട്
— നീലമ്പേരൂർ 6
മരണത്തിനൊരമ്പലം
— ജയസൂര്യൻ 21
എന്റെ ദന്തഗോപുരത്തിലേക്ക് ഒരു ക്ഷണം കത്ത്
— വയലാർ രാമവർമ്മ 52

കഥ

പൂക്കളല്ലാതെ കൊഴിഞ്ഞ ഒരു വസന്തം
— വീളക്കടി രാജേന്ദ്രൻ 36
ജനാലപ്പടിയിലെ കല്ലുകൾ
— സാറാജോസഫ് 46

നോവൽ

വിലങ്ങുകളേ വിട
—എൻ. കൃഷ്ണൻനായർ 9
ആത്മം സ്വന്തമല്ല
— ഏകലവ്യൻ 17
വഷളൻ
— പമ്പ്ൻ 30
മനസ്സുകൊണ്ട് ഒരു മടക്കയാത്ര
— പാറപ്പുറത്ത് 40

പംക്തികൾ

സാഹിത്യവാരഫലം
— എം. കൃഷ്ണൻനായർ 14
കല്ലുകൾ കരട്ടുകൾ
— എ.പി.പി. നമ്പൂതിരി 23
കുമ്പസാരം
— ഭരൻ 59
സിനിമ
— മംഗലശ്ശേരി 61

മുഖചിത്രം

ഫോട്ടോ ഹരിശിവരാം

അടുത്തലക്കം മലയാളനാട്

റിപ്പബ്ളിക് വിശേഷാൽ പ്രതിയായി പുറത്തുവരുന്നു.

പ്രിയപ്പെട്ട പക്ഷികളേ, ഫ്രാൻസിസ് പുണ്യവാളനെപ്പോലെ ഞാനും നിങ്ങളെ ഊട്ടി, അഴുകിപ്പൊട്ടിയ അഞ്ചുകോടി ജഡങ്ങൾ ഞാൻ നിങ്ങൾക്കു തന്നു. വീണ്ടും നിങ്ങൾക്കു വിശക്കുന്നുവോ? നിങ്ങളെ പടച്ച ദൈവം നിങ്ങളെ പഴിക്കുന്നുവല്ലോ. നിങ്ങളുടെ വിശപ്പിനെ പടച്ചദൈവം നിങ്ങളെ കൈവെടിയുന്നുവല്ലോ. നിങ്ങളെ ഞാൻ കൈവെടിയില്ല. യോദോൻ നദിയുടെ കരയിൽ സ്നാനപ്പെട്ടനിന്നവനിലേക്ക് ഇറങ്ങിവന്ന വെള്ളപ്പിറാവിനെപ്പോലെ എന്നിലേക്കിറങ്ങുമ്പോൾ, നിങ്ങൾക്കായി ഞാൻ അഴുകിപ്പൊട്ടിക്കിടക്കുന്ന മനുഷ്യമനസ്സുകളെ മുഴുവൻ ഒരെഴുത്തുകാരന് തന്റെ തൂലിക കുത്തുമ്പിലൊതുക്കുവാൻ കഴിയുമോ? കഴിയുമെന്ന് മലയാളഭാഷ എക്കാലത്തെയും സ്മരണയായി നിലനില്ക്കുന്ന ഈ ഉജ്ജ്വലമായ സൃഷ്ടി തെളിയിക്കും.

ഓ. വി. വിജയന്റെ

'രണ്ടു പ്രബന്ധങ്ങൾ,

□

ശ്രീചക്രത്തിനുശേഷം **കാക്കനാടൻ** എഴുതിയ ഏററവും ശ്രദ്ധേയമായ ഈ നീണ്ടകഥയ്ക്ക് അസാധാരണമായ ഒരു പ്രമേയമാണുള്ളത്. ''ബാബേൽ'' ആകാശത്തോളം എത്തിനില്ക്കുന്ന വെറുമൊരു ഗോപുരമല്ല, മനുഷ്യമനസ്സിനുള്ളിലെ നാഡീസ്പന്ദനങ്ങളുള്ള ആയിരമായിരം ഗോപുരങ്ങളുടെ ഞെട്ടിപ്പിക്കുന്ന ഒരു കഥയാണ് കാക്കനാടന് പറയാനുള്ളത്. മലയാള സാഹിത്യത്തിന് ഒരിക്കലും മറക്കാനാവാത്ത ഒരു പേരായി അവശേഷിക്കാൻ 'ബാബേലി'ന് കഴിയുമെന്ന് തീർച്ചയാണ്.

□

ബാലനെ സൂക്ഷിച്ചുനോക്കി അച്ഛൻ പറഞ്ഞു: "പോടോ, പോയി കളിച്ചുവാ" ഇവരിതെങ്ങനെ മനസ്സിലാക്കി എന്നറിയാൻ കളിക്കുന്നതിനു മുമ്പ് ബാലൻ കണ്ണാടി നോക്കി. യക്ഷിയുടെ രണ്ടു പല്ലുകൾ തന്റെ വലതുകവിളിൽ പൂണ്ടിറങ്ങിയിരിക്കുന്നു.

വി. കെ. എൻ. 'യക്ഷി'

അവസാനിപ്പിക്കുന്നത് ഇവരികളിലൂടെയാണ്. യക്ഷിയെക്കുറിച്ച് പ്രത്യേകിച്ചൊരു വിശദീകരണത്തിന് ഞങ്ങൾ തയ്യാറാവുന്നില്ല. കാരണം 'യക്ഷി' നിങ്ങളുടെ മനസ്സിന്റെ അകത്തുണ്ടുകളിൽ മുഴക്കുന്ന നാദത്തെ വാക്കുകളിലൊതുക്കാനാവില്ല.

□

അപ്പോഴും കുഞ്ഞ് കരഞ്ഞുകൊണ്ടിരുന്നു. എന്തുചെയ്യണമെന്നറിയാതെ സിസ്റ്റർ അൽഫോൻസ കുഞ്ഞിനെ എടുത്ത് കട്ടിലിന്റെ ഒരററത്ത് കിടത്തി. പിന്നെ കുഞ്ഞിനെ കാലുകൾക്കിടയിലാക്കി രണ്ടു കാലുകളും കവച്ചുവച്ച് ദയനീയ സ്വരത്തിൽ നിലവിളിക്കാൻ തുടങ്ങി. "കർത്താവേ എന്നെ രക്ഷിക്കണേ."

പുനത്തിൽകുഞ്ഞബ്ദുള്ളയുടെ

'കുന്തി'

ചിരിക്കാനും ചിന്തിപ്പിക്കാനും കരയിപ്പിക്കാനുമല്ല. തന്റേതായ പ്രത്യേക ലോകത്തിലേക്ക് നിങ്ങളെ കൈപിടിച്ചുകൊണ്ടു പോവുകയാണ് എന്നും പുതുമയെത്തേടി അലയുന്ന ഈ കഥാകൃത്ത്:

□

ചെറുകഥയ്ക്ക് രൂപഭംഗിയാണോ, ഭാവഭംഗിയാണോ മുമ്പിൽ നില്ക്കേണ്ടത്. അലയുകയും അന്വേഷിക്കുകയും ചെയ്ത അസാധാരണ കഥാപാത്രങ്ങളെ സംഭാവനചെയ്ത **നരേന്ദ്രപ്രസാദ്** തന്റെ **'രാക്ഷസൻ,** എന്ന കഥയിലൂടെ അതിനുത്തരം പറയുന്നു. നിങ്ങൾ വായനയ്ക്കുശേഷം തീരുമാനിക്കൂ.

□

പിന്നെ നാഴികമണി നന്നാക്കുകാരനോട് ഒന്നും പറയാതെ പുറത്തിറങ്ങി ആഗിത്തക്കി നിടയിൽപെട്ട കരയുന്ന നീരത്തിൽവച്ച് അയാൾ പൊട്ടിച്ചിതറി പ്രത്യക്ഷപ്പെട്ട വായനക്കാരാ നിങ്ങളുടെ മനസ്സിനുള്ളിലും ഒരു പൊട്ടിത്തെറി പ്രതീക്ഷിക്കുക.

പെരുമ്പടവം ശ്രീധരന്റെ

ഏററവും മികച്ച കഥയാണ്.

കുമിള കുമിള കുമിള

□

പത്മന്റെ, പാറപ്പുറത്ത്, എൻ. കൃഷ്ണൻ നായർ, ഏകലവ്യൻ എന്നിവരുടെ നോവലുകൾ.

□

പിക്കാസ്സോയുടെ വിഖ്യാതചിത്രമായ ഗോർണിക്കയും കടമ്മനിട്ട രാമകൃഷ്ണന്റെ കടമ്മനിട്ട എന്ന കവിതയും മനോഹരമായ ചലച്ചിത്രങ്ങളാക്കി മാററാൻ കഴിയുമെന്ന് ഉത്തരായണാകാശങ്ങൾ കയ്യിലൊതുക്കിയ **അരവിന്ദൻ.**

□

ഇതുംകൂടി പറഞ്ഞവസാനിപ്പിച്ചേക്കാം. പക്ഷേ, ആരംഭിക്കുകയാണ് ശ്രീവരാഹം ബാലകൃഷ്ണന്റെ കഥ

'ഇനിയൊരിക്കലും'

□

ഒരു സ്ത്രീയുടേയും നഗ്നത സുന്ദരമായി തോന്നുകയില്ല. കാരണം അവയവത്തിന്റെ അന്യൂനാവസ്ഥയാണ് സൗന്ദര്യത്തിന്റെ അനുഭൂതി ഉളവാക്കുന്നത്.

എം. കൃഷ്ണൻനായർ,

□

വൈക്കം

ചന്ദ്രശേഖരൻനായരുടെ

മനോഹരമായ ഒരു കഥ "താമര"

□

ഓ. എൻ. വി. കുറുപ്പ്, നാലാങ്കൽ, രമാകാന്തൻ, ഓ. വി. ഉഷ കവിതകൾ

വി. ബി. സി. നായർ,

"പ്രിയപ്പെട്ട സുസന്നേ ഒന്നു പറഞ്ഞുതരൂ"

ഇനിയും എത്രയോ വിശേഷപ്പെട്ട വിഭവങ്ങൾ.....

ആകർഷകമായ മുഖചിത്രം.

ഒറാപ്രതി 1 രൂ. 50പൈസ

അങ്കക്കലിയുടെ സംഗീതം

കെ. പി ദയാനന്ദൻ

ഇവിടെയും കവിതയുടെ ഉറവിടം നാടൻ പാട്ടുകളാണ്. കവിതയുടെ ഇളനീരുതേടി, ഒറിജിനാലിറ്റിതേടി കവി ഈ ഉറവയിൽ (origin) ഏകാകിയായി എത്തിച്ചേരുന്നു ഇന്നത്തെ കവിയാകട്ടെ ഈ തീർത്ഥസ്നാനം ജന്മസ്നാനമായി കരുതുന്നവനത്രേ

കവിത ഇന്ന് കലങ്ങിപ്പോയിരിക്കുന്നു. അന്തരീക്ഷവായുവിനോടൊപ്പം കവിതയും മലിനമാക്കപ്പെട്ടിരിക്കുന്നു (polluted) ഓടുകളുത്തണ്ടുകളുടെ ഇളനീരൊഴുക്കിയ കവിതയുടെ ശീതളസ്മരണകൾ നാടൻപാട്ടിന്റെ ശീലുകളിൽ, തെങ്ങോലകളിൽ നിലാവിന്റെ തേങ്ങലുകൾപോലെ കുതിന്നു നഷ്ടപ്പെട്ടുകിടക്കുന്നു.

നാടൻ പാട്ടുകളെ പ്രാദേശികതയുടെ പേരിൽ തെക്കൻ, വടക്കൻ എന്നെല്ലാം വകതിരിക്കാമെങ്കിലും, അവയെല്ലാംകൂടി ഒന്നായി ഇഴുകിച്ചേരുന്നു, കേരള കവിതയായി പരിണമിക്കുന്നു. അതൊന്നും പുതിയ കവിതയ്ക്ക് ചമഞ്ഞൊരുങ്ങാൻ കുറിക്കുട്ടുകൾ നൽകുന്ന സിന്ദൂരച്ചെപ്പുകളായി, കവിമനസ്സിലെ കണ്ണാടിവെള്ളരിയായി, കാലത്തിപ്പുത്തെ കാട്ടുതവിയായി, കേരളീയതയായി വർത്തിക്കുന്നു ഇവിടെ അങ്കച്ചേവകൻ് അങ്കച്ചമയങ്ങൾ നൽകിയതു ഗ്രഹിച്ചുപോ "വടക്കൻ പാട്ടുകളി"ലേക്ക് ഒരു സായ ഹസ്സാരി നടത്തുകയാതുമാണ്.

വടക്കൻ പാട്ടുകൾ വടക്കൻ കേരളത്തിന്റെ വീരഗാഥകളാകുന്നു നാടൻ പാട്ടുകൾ വെറും വർണ്ണനകളെന്നതിൽക്കവിഞ്ഞ് ഒരു കഥ പറഞ്ഞുതുടങ്ങിയ വികാസദശയിലാണ് വടക്കൻ പാട്ടുകൾ ഉണ്ടാകുന്നത് വടക്കൻ പാട്ടുകളെ പുത്തൂരം പാട്ടുകൾ, തച്ചോളിപ്പാട്ടുകൾ ഒറവയൊററപ്പാട്ടുകൾ എന്ന് മൂന്നായി തരംതിരിച്ചിട്ടുണ്ട് ചോ ചേലാടൻ പുത്തൂരം പാട്ടുകൾ അരിങ്ങാർ ചേവകർ, ഉണ്ണിയാർച്ച, കുഞ്ഞിപ്പച്ചേവകർ എന്നിവരുടേയും തച്ചോളിപ്പാട്ടുകൾ, തച്ചേനൻ, ചന്തു കോമൻ എന്നിവരുടേയും വീരേതിഹാസങ്ങളത്രേ.

സാമൂഹ്യപാഠങ്ങൾ

നാടൻപാട്ടുകളുടെ മികവുററമൂല്യം അവ അതതുസമൂഹത്തിന്റെ തെളിവുകൾ അവതരിപ്പിക്കുന്നു എന്നതാണ്. വ്യക്തിസ്വത്വമായൊരു സമൂഹത്തിൽ കേവലം മെയ്ക്കരുത്തിന്റെ വിജയങ്ങളിലൂടെ ഉയർന്നുയർന്നു പോകുന്ന വീരപുരുഷന്റെ ചുററും വീരാരാധനയുടെ കൂപ്പുവങ്ങലുകളുണ്ടായി കൈകളോടെ നിർവൃതിയടഞ്ഞുനില്ക്കുന്ന സമൂഹത്തിന്റെ ചിത്രമാണ് വടക്കൻ പാട്ടുകളുടെ ഹൃദയഭാഗം.

നാവുകൾക്കുപകരം വാളുകൾ സംസാരിച്ചിരുന്നൊരു കാലഘട്ടം. എല്ലാ തർക്കപ്രശ്നങ്ങളും അങ്കത്തട്ടുകളിൽവെച്ച് വാളുകൾ പറഞ്ഞുതീർത്തു. "അങ്കംപിടിച്ചാലേ ചേകോനാവൂ" — അതിലപ്പുറം ഒരു ജീവിതസാഹചര്യവുമില്ല. ചേകോന്മാരുടെ പ്രശസ്തി പെട്ടിപ്പിടിക്കാൻവേണ്ടി അങ്കത്തട്ടുകളന്വേഷിച്ചു നടന്നു. സമുദായം അതിന്റെ വീരസങ്കല്പങ്ങളുടെയെല്ലാം വിഗ്രഹമായി ചേകോനെ ആരാധിച്ചു ആരോമൽച്ചേവകൻ ചേകോൻ പദവിയുടെ കൊടുമുടി കേറിയ പൂർണ്ണപുരുഷനത്രേ! കാപട്യങ്ങളും ചതിപ്രയോഗങ്ങളും ഒരിക്കലും പൊറുപ്പിച്ചുകൂടാത്തതും തലമുറകളിലൂടെ കത്തിപ്പടർന്ന കൊടിയ പ്രതികാരങ്ങളായി വിജൃംഭിക്കുന്ന ദുരന്തങ്ങളായി കെട്ടടങ്ങുന്നതും ആണെന്ന് ആരോമൽച്ചേവകരുടേയും ഉണ്ണിയാർച്ചയുടേയും ജീവിതം തെളിയിക്കുന്നു. അങ്കത്തിലേല്ക്കുന്ന പരാജയം പോലെ അപമാനകരമായി മറെറാന്നുമില്ലായിരുന്നു. "പുലയും കൂടിഞാൻ കളിക്കയില്ല" എന്ന ഉണ്ണിയാർച്ചയുടെ ഗരജ്ജനത്തിലുണ്ട് ദുർദ്ദാന്തമായ ഈ അപമാനശല്യം.

വനിതാവർഷം

ആയുധാഭ്യാസത്തിൽ കവിഞ്ഞൊരു വിദ്യാഭ്യാസമില്ലാതിരുന്നതുകൊണ്ട് ആയുധാഭ്യാസസമ്പന്നന്മാർ സമൂഹത്തിൽ ഏററവും ബഹുമാനിതരായി അതുകൊണ്ട് അങ്കത്തട്ടിൽ ആൺ പെൺ വ്യത്യാസമുണ്ടായിരുന്നില്ല. അങ്ങിനെ കഴുത്തുകളുള്ളവളും കാര്യക്കാരിയായി. "വീരത്വം" പുരുഷന്മാർക്കു മാത്രമുണ്ടായിരുന്നു ഇന്നുമല്ല. സ്ത്രീയിലുണ്ടായാലതു് പൗരുഷത്തെപ്പോലും തോല്പിക്കുമെന്നും ഉണ്ണിയാർച്ചയുടെ പുരുഷഗാഥ പാടുന്നു.

അങ്കത്തട്ടിലേക്കുള്ള സ്ത്രീയുടെ ഈ എടുത്തു ചാട്ടം സമുദായത്തിന്റെ മേൽത്തട്ടിലേക്ക് സമതാസ്ഥാപനത്തിനുള്ള കുതിപ്പാകുന്നു. തുടർന്ന വിവാഹമോചനത്തിനുള്ള സ്വാതന്ത്ര്യം—അച്ഛനം കൊടുക്കൽ എന്നാണ് വടക്കൻപാട്ടിൽ—അവൾ നേടിയെടുത്തു. പ്രേമവിവാഹങ്ങളും ഒളിച്ചോട്ടങ്ങളും അത്രതരമോ സമൂഹവ്യവസ്ഥിതിക്കു ചേർന്നതാണെന്ന് ആരെ മൽച്ചേവകരും തുമ്പോലാർച്ചയും, കോമപ്പനുണ്ണിയമ്മയും തമ്മിലുള്ള വിവാഹങ്ങൾ ഉദാഹരിക്കുന്നു. എന്നാൽ തച്ചോളിക്കുറുപ്പന്മാരുടെ കാലമായപ്പോഴേക്കും ഈ സ്ത്രീസമത്വം നിഷേധിക്കപ്പെട്ടു. ചേകോന്മാരുടെ ആദർശങ്ങളും ആത്മോന്നതിയും കളരിക്കപ്പുറത്തെ ലോകത്തിൽ വിസ്മൃതിക്കപ്പെടുകയായിരുന്നു.

തച്ചോളിപ്പാട്ടുകളിൽ പ്രതിബിംബിക്കുന്ന തരമക്കത്തായ വ്യവസ്ഥയും ബഹുഭർത്തൃത്വവും. ബഹുഭാര്യാത്വവുമെല്ലാം സമുദായജീവിതം വിശദമാക്കുന്നുണ്ട്. ഈ ജീവിതസ്വാധീനത്തെ സൂക്ഷ്മമാക്കുന്ന ആചാരാനുഷ്ഠാനങ്ങളുടെ ഒരു നീണ്ടജാഥ തന്നെ തച്ചോളിപ്പാട്ടുകളിൽ വ്യക്തിയെ വലയം ചെയ്യുന്നതായിത്തോന്നും. കുട്ടി പിറന്നാലുള്ള ആചാരങ്ങൾ (കുങ്കിയത്തു കോമന്റെ പ്രസവകർമ്മ സന്ദർഭം), കുട്ടിക്ക് ദുഷ്ടിദോഷം വരാതിരിക്കുവാനുള്ള "നാവേറു പാടൽ;" മക്കത്തായി കല്യാണം" തുടങ്ങിയ വിവാഹച്ചടങ്ങുകൾ, അടിച്ചുനളികളി, തേവാരം (തേവാരം ബ്രാഹ്മണർക്കു മാത്രമല്ല) സദ്യാവട്ടം തുടങ്ങിയ ആചാരവർണ്ണനകൾ വടക്കൻ പാട്ടിന്റെ വിപുലമായൊരു വിഭാഗം കൈവശപ്പെടുത്തിയിരിക്കുന്നു! അപരിത്യാജ്യങ്ങളും അലംഘ്യങ്ങളുമായ "അങ്കച്ചമയങ്ങൾ" പുറമായുള്ള ആചാരമുറകളാണിപ്പറഞ്ഞതെല്ലാം മതമക്കത്തായത്തിന്റെ നിർവ്വചിക്കപ്പെടുന്നോന്നം ഈ ആചാരാനുഷ്ഠാനങ്ങൾ വ്യക്തിയേയും സമൂഹത്തേയും വരിഞ്ഞു മുറുക്കി നിലയ്ക്കു നിർത്തുവാൻ ശ്രമിച്ചു. എന്നാൽ വാൾപ്പിടിയിൽ നിന്നും കുതറിത്തെറിക്കുന്ന കുറുപ്പന്മാർ അങ്കക്കലിയുടെ ഹുങ്കിയിൽ ശത്രുവിന്റെ തലയ്ക്കുപ്പം ആചാരാനുഷ്ഠാനങ്ങളുടെ തലയും കൊയ്തെറിഞ്ഞതായിക്കാണാം. തച്ചോളി തേനൻ കുറുപ്പന്റെ വീരകൃത്യങ്ങളും ചെയ്തികളും കാണുക. ചുരുക്കത്തിൽ ആചാരസ്വാധീനങ്ങളിൽ കുടുങ്ങിക്കിടക്കുന്ന, വാമത്തുകളത്തിൽ ജീവിതമന്ദഹാസം ദർശിച്ച ഒരു സമൂഹത്തിന്റെ ജീവിതമാണ് വടക്കൻ പാട്ടുകൾ അവതരിപ്പിക്കുന്നത്.

ചരിത്രസത്യങ്ങൾ

പതിനെട്ടു നാട്ടിനെപ്പററിയും പതിനെട്ടു നാട്ടുകൂട്ടത്തെപ്പററിയും ചില നുറുങ്ങു സത്യങ്ങൾ വടക്കൻ പാട്ടിലുണ്ട്.

"ചേരമാൻ പെരുമാളു തമ്പുരാൻ" എന്നതു് അവസാനത്തെ ചേരമാൻ പെരുമാളായിരിക്കണം എന്ന് ചേലനാട്ടു അച്യുതമേനോൻ. ശ്രീ കെ കെ നായർ എഴുതുന്നു: "ഉത്തരകേരളം നാട്ടുകളായിത്തീർന്നു ഒരു കേന്ദ്രഭരണത്തിന്റെ കീഴിൽ വരാതെ, സാധാരണ ശാസ്ത്രീയാടിസ്ഥാനത്തിൽ ലക്ഷണനിർണ്ണയം ചെയ്യപ്പെടാത്ത നാട്ടുവാഴ്ച സമ്പ്രദായത്തിലുള്ള ഭരണക്രമത്തിൽ കഴിയുന്ന ഒരു കാലമായിരുന്നു അതു്." എന്നാൽ നാവാഴികളിൽ പലരും ദുർബ്ബലരും യോദ്ധാക്കളുടെ മുമ്പിൽ നിഷ്പ്രഭരുമായിരുന്നു് ഒതേനന്റെ ചില സാഹസകൃത്യങ്ങളിൽ നിന്നും മനസ്സിലാക്കാം. ആരോമൽച്ചേവകരുടെ കാലം രാജശക്തി സുപ്രധാനമായിരുന്നു എന്നു പറയണം. വമ്പിച്ച പടയൊരുക്കങ്ങൾക്കല്ല വ്യക്തിപരമായ പകപോക്കലിനും തുടർന്

ള്ള ദ്വന്ദ്വയുദ്ധത്തിനുമായിരുന്നു പ്രാധാന്യവും പ്രാമാണ്യവും. ചേരമാൻ പെരുമാളിന്നു ശേഷം ശിഥിലമായ രാജശക്തിയുടെ ചരിത്രം വിളിച്ചോതുന്ന 12ാം ശതകമായിരിക്കണം ആരോമൽച്ചേവകരുടെ ജീവിതകാലം. തച്ചോളിപ്പാട്ടിൽ സാമൂതിരിയെപ്പററി സുപ്രധാനങ്ങളായ പരാമർശങ്ങളുള്ളതിനാൽ 15ാം- ശതകത്തിൽ ജീവിച്ചിരിക്കാവുന്ന ഒരു "ചരിത്ര" പുരുഷനായി തച്ചോളിമാണിക്കോത്തു് ഒതേനക്കുറുപ്പിനെ മാനിച്ചാൽ തെററില്ലെന്നു തോന്നുന്നു.

കാവ്യശില്പം

വടക്കൻപാട്ടുകളുടെ സാഹിത്യമൂല്യത്തെപ്പററി പലക്കും വിവരംകുറയും. ഇത് കവിതയെക്കുറിച്ചുള്ള അജ്ഞതയും സഹൃദയത്വത്തിന്റെ സങ്കോചവും മാത്രം സൂചിപ്പിക്കുന്നു. വള്ളത്തോളിനെപ്പോലുള്ള മഹാകവികളെ ആവേശംകൊള്ളിച്ചതും കവിതാരചനയ്ക്കു ചമയങ്ങളേകിയതും വടക്കൻ പാട്ടുകളാണു്. എന്നാലും ഇവിടെ വടക്കൻപാട്ടുകൾ സാഹിത്യത്തിന്റെ അഭിജാതസദസ്സുകളിൽ ശ്രദ്ധിക്കപ്പെടുന്നില്ല. അതുകൊണ്ടു് അവയെ സാഹിത്യദൃഷ്ട്യാനിരൂപണം ചെയ്യുന്നത് മിന്നാമിനുങ്ങിന്റെ് വോൾട്ടേജ് നിർണ്ണയിക്കുന്നതുപോലെയായിരിക്കുമെന്നു് ഒരു ലേഖകൻ * ഫലിതം പറയുകയും ചെയ്തു. ഈ അജ്ഞതയുടെ അന്ധകാരത്തിൽ സ്വർണ്ണത്തരികൾകൊണ്ടു് കവിതരചിക്കുന്ന ആ മിന്നാമിനുങ്ങിൻപററങ്ങളുടെ പ്രകാശമൂല്യം നിർണ്ണയിക്കേണ്ടതുണ്ടു്.

വടക്കൻ പാട്ടുകൾ എന്നു കേൾക്കുമ്പോൾ നാവിലൊട്ടിപ്പിടിച്ചുപോയ വരികളാണു് ഓർമ്മയിലെത്തുക

"വയനാടൻ മഞ്ഞൾ മുറിച്ചപോലെ
കുന്നത്ത് കൊന്നയും പൂത്തപോലെ"

എന്നീ ഉപമകൾ അതിപരിചയം മൂലം നിറം കെട്ടുപോയിട്ടും അവയിൽ ഭാവസൗന്ദര്യം ഇന്നും തങ്ങിനില്ക്കുകതന്നെ ചെയ്യുന്നു!! എന്നാൽ എത്രയെടുത്തണിഞ്ഞാലും മതിവരാത്തതും ഗ്രാമീണസൗന്ദര്യത്തിൽ പണിതീർത്തതുമായ കല്പനകളുടെ ഒരു തിരുവാതിരക്കളിയാണു് വടക്കൻ പാട്ടുകൾ.

"ചോലപ്പനങ്കിളികൂവുംപോലെ
പനങ്കണ്ടൻ തത്ത പറയുംപോലെ
നാദാപുരം കഴലൂതുംപോലെ
നാട്ടുകയിലു വിളിക്കുംപോലെ"

ഈ മാലോപമയിൽ കോട്ടമല കങ്കിയമ്മയുടെ രാമായണം വായനയുടെ ശ്രവണസുഖം മുഴുവനും വായനക്കാരനു് അനുഭവപ്പെടുന്നു.

ഒതേനൻ ശത്രുക്കളെ കൈകാര്യം ചെയ്യുന്നരീതി രസകരമാകുന്നു.:-

"എളുകതിരു കൊത്തിപ്പാറുംപോലെ
കാമയീന്നു നെയ്യപ്പം കത്തുംപോലെ
പപ്പടം വാട്ടിയെടുക്കുംപോലെ... "

മററാനു്

"ചീരുനെ കണ്ണാലെ കണ്ടനേരം
പച്ചമീൻകണ്ട പരുന്തുപോലെ"

ഈ കല്പനകളെല്ലാംതന്നെ പ്രകൃതിയിൽ നിന്നും നിത്യപരിചയസീമയിൽനിന്നും

ഒരു ഭീതുവിന്റെ പാട്ടു്

നീലമ്പേത്തൂർ

കാലിൽപ്പതിയുന്ന
ചീഞ്ഞവാഗ്ദത്തങ്ങൾ.
കാതിലുടക്കു-
മുടഞ്ഞ പ്രതീക്ഷകൾ.
നാവിന്റെ തുമ്പിലെ
നാറുന്നയാചന.
"ഇതാ, വെളിച്ചം!
വെളിച്ചം! വെളിച്ച"-
മെന്നോതി നടന്നവർ
കാൽതെററി വീണകുഴികളിൽ
വാഴമീരട്ടിൻ കുഴൽവിളി.
സേവനം നേട്ടം
പ്രതാപത്തിൽ മഞ്ഞളിച്ചാകൈക്കലിക്കും
തെരുവിന്റെ കണ്ണുകൾ.
ബുദ്ധിയിൽ ഫാഷനായ്
തുള്ളുന്ന വിപ്ലവം.
മൈക്കുകൾക്കുള്ളിൽ
കുരുങ്ങിയ പോരുകൾ.
കാക്കകൾ കൊത്തിപ്പറിക്കുന്ന
ജീവിതമെന്ന ചാപിള്ള.
അതിൽനിന്നു-
കാററിൽ തെറിക്കുന്ന നാററം.
"ഇതാ, വെളിച്ചം!
വെളിച്ച", മെന്നോതി
നടന്നവരെങ്ങു്?
പാണ്ഡവരഞ്ചായ് പിരിഞ്ഞു.
പിരിഞ്ഞവരന്യോന്യം
ചുതിനു കോപ്പൊരുക്കുന്നു.
കാലിലൊളിക്കണ
ചാണുന്നിടയ്ക്കിടെ.
പടനിലം പാലാഴിയാക്കി-
ക്കടയും വിരുതിന്റെ
കക്കശതാളത്തിൽ
താണയരുന്നൊരുന്നത്യം.
അതു-
ചുററിവരിഞ്ഞു കറക്കി-
ക്കറങ്ങും നെടിയപാപം
കാലം വിഴുങ്ങും വിഷം.
മധുകുംഭം
നേടുവാൻ കാട്ടുന്ന
വേലവെയ്ക്കിന്റെ കുരുക്കുകൾ
കണ്ടു കലിക്കും മിഴികളിൽ
തണ്ടു വലിക്കുന്നരോഷം
വാലും തലയും
വലിക്കുവോർ പാടുന്നു:-
"ഇതാ, വെളിച്ചം!
വെളിച്ചം! വെളിച്ചം!"
ആവർത്തനം കേട്ടു
ഞെട്ടിത്തെറിക്കുന്ന
ബോധത്തെ നോക്കി-
ച്ചിരിപ്പു പകലുകൾ!
കയ്യുകൊട്ടി
വെളിച്ചവും പൂക്കളും
തേടുന്നു നേടണ-
ചെന്നൊരു നേരിന്റെ
മൂർച്ചകണ്ടുള്ളം
ശരമുനയാകുവോ-.
തടവുചവുട്ടും
കളരിമുററങ്ങളിൽ
എന്റെ വെളിച്ചം
കൊള്ളുത്താൻ കഴിയാത്ത
ഭീരുത്വമായ് ഞാ-
നെരിഞ്ഞടങ്ങുന്നു!
ആ—
ചാരത്തിൽ നിന്നു
വളക്കൂറു നേടി
മുള നീട്ടിവന്ന
മുളം തണ്ടിലീണം
പൊടിക്കുന്നു:-
"ഇതാ, വെളിച്ച.!
വെളിച്ചം!
വെളിച്ചം!"

□

കത്രിച്ചെടുത്തിരിക്കുന്നു. അതുകൊണ്ടു് അവയുടെ ഔചിത്യവും സർഗ്ഗലാവണ്യവും, നർമ്മരസവും നിത്യനൂതനമായിരിക്കുകയും ചെയ്യും. അലങ്കാരത്തിന്റെ ശൈശവസമ്പൂരമായ സാമ്യോക്തികളാണു് വടക്കൻപാട്ടിൽ ഏറിയകൂറും പ്രയോഗിച്ചു കാണുന്നതു്. ഇത് വടക്കൻപാട്ടിന്റെ കവിതയുടെ അകൃത്രിമദശയെ സൂചിപ്പിക്കുന്നു.

"കാരിരുൾക്കൊത്ത മുടിയഴകെ
പഞ്ചമിച്ചന്ദ്രനോടൊത്തനെററി
തത്തമ്മച്ചുണ്ടും പവിഴപ്പല്ലും
കണ്ണാടിക്കൊത്ത കവിളുരണ്ടും
ശംഖുകടഞ്ഞ കഴുത്തഴകെ
ചെപ്പുകടഞ്ഞ കതുമുഖവും
ആലിലയ്ക്കൊത്തൊരുത്തരണിവയറും
നെററിച്ചുഴിയ്ക്കൊത്ത പൊക്കിൾക്കുഴി
ആമയോടൊത്ത പുറവടിവ... "

ആരോമൽച്ചേവകരുടെ ഈ അംഗപ്രത്യംഗവർണ്ണന അതിപ്രസിദ്ധങ്ങളായ കാവ്യസങ്കേതങ്ങളെ തലോടിപ്പോകുന്നുവെന്നു് സംശയം തോന്നാം. എന്നാൽ മേലെഴുതിയ വരികൾ സങ്കേതപങ്കിലമല്ലെന്നു തന്നെയാണു് പറയേണ്ടതു് കാരണം ചുററുവട്ടത്തുനിന്നും പെറുക്കിയെടുത്ത കാവ്യബിംബങ്ങൾ മാത്രമാണു് ഇവിടെ കവിയുടെ ഉത്പന്നങ്ങൾ.

പ്രതിപാദന ശൈലിയാണു് വടക്കൻ പാട്ടിന്റെ കാവ്യശില്പത്തെ ഇത്രയും ആകർഷമാക്കിയതു്. വീരപുരുഷന്മാരുടെ അപദാന കീർത്തനങ്ങളായ ഈ പാട്ടുകൾ മിക്കതും പരിപൂർണ്ണമായ ഒരു കഥ പറഞ്ഞു വിരമിക്കുകയാണു്. പല ഗാഥാകാരന്മാരും പ്രതിപാദനത്തിൽ ഒരു ചെ

ദുകഥാകൃത്തിന്റെ ശില്പവൈദഗ്ദ്ധ്യം പ്രദർശിപ്പിക്കുന്നവരുമാണ്. ഉണ്ണിയാർച്ചയുടെ വീരതാഹങ്കാരങ്ങൾ ഒരപദർപ്പക കഥയുടെ ഉദ്ദേശ്യമാണ് വായനക്കാരനിലുണ്ടാക്കുക.

വീരരസമാണ് വടക്കൻ പാട്ടുകളുടെ ആത്മവീര്യം. അവ വടക്കൻ കേരളത്തിന്റെ വരദാനങ്ങളാണ്. വള്ളുവനാടിന്റെ ചുരുളിട്ടുന്ന അന്തരീക്ഷത്തിൽ അവ അങ്കക്കലിയുടെ സംഗീതമായി മാറുന്നു. വീരരസത്തിനും മാറ്റുകൂട്ടിക്കൊണ്ട് ശൃംഗാരം വടക്കൻ പാട്ടുകളെ മധുരതരമാക്കുന്നു. കോമപ്പനും ഉണ്ണിയാർച്ചയും തമ്മിലുള്ള പ്രണയകഥകളും തച്ചോളിഒതേനന്റെ പ്രണയനാടകങ്ങളും ഇതിന്റെ സ്മരണകൾ. അങ്ങിനെ ശൃംഗാരത്തിന്റെ കസവണിഞ്ഞ വീരരസം ഒരു വീരഭൂപ്രദേശമെന്ന വടക്കൻ പാട്ടുകളുടെ അരയിൽ മുറുകി നില്ക്കുന്നു.

എന്നാൽ സംഘർഷാത്മകവും ശോകതീവ്രവുമായ രംഗങ്ങൾ ആ വിഷ്ടരക്കുന്ന വടക്കൻ പാട്ടുകളുടെ കവി മനുഷ്യജീവിതത്തിന്റെ വിധി വൈപരീത്യത്തിലും ദുരന്തപൂർണ്ണതയിലും കേന്ദ്രീകരിയ്ക്കുന്നതിയിൽ നിന്നുണ്ടായാണെന്നു ഒരദ്ഭുതത്തോടെ നാം മനസ്സിലാക്കേണ്ടിവരും. ആരോമൽച്ചേകവരുടേയും ഒതേനന്റേയും വിധിനിഷ്ഠുരങ്ങളായ അന്ത്യരംഗങ്ങൾ ഒരു ദുരന്തനാടകത്തിന്റെ അനുഭവത്തോടെ വായനക്കാരൻ കണ്ടുനില്ക്കേണ്ടിവരുന്നു!

കേരളീയർക്കു ജന്മനായത്തമാണെന്ന് പറയപ്പെടുന്ന ഹാസ്യം ഏതു് സംഘർഷാത്മകമായ അന്തരീക്ഷത്തിലും ഉരഞ്ഞു കത്തുമെന്ന് വടക്കൻ പാട്ടിലെ പല വരികളും തെളിയിക്കുന്നു. പലതലത്തിലും പടവാളിന്റെ മൂർച്ചയും തിളക്കവുമുണ്ട്:—

"കാക്കയെപ്പോലെ കുത്തി കുത്തി
ചക്കപ്പൊളപ്പല്ല, പേനതലയേ—"

ഒതേനൻ കുങ്കയെ ഇവിടെ വെട്ടി മുറിവേല്പിക്കുകതന്നെയല്ലേ ചെയ്തതു്. ഒതേനനെ കണ്ടപ്പോൾ വയനാടൻ കോട്ടയിലെ കേളുപ്പണ്ടാരം പിണഞ്ഞ ഗതികേടു് കാണുക:—

"ഏഴുകിലക്കോൻന്റെ ചോട്ടിലാണേ
ചേടിച്ചെള്ളു കുന്നുകേളുചാണേ
ഏഴുകടക്കു വിറയ്ക്കുന്നുണ്ടേ"

കുഞ്ചുണ്ണിയുടെ "നാലുന്നാരുടെ പൂർവ്വികനെ ഏഴു കിലക്കമേലേറി സമാദരിച്ചു കവിയുടെ ഫലിതബോധം നമ്മുടെ മർമ്മത്തുകവിയേക്കാളും ഏറ്റുടുത്തുജീവിതമാണ്.

വടക്കൻപാട്ടിലെ ഏതു വീരനായകനും ജീവിതം ആയുധമാണ്. അതുകൊണ്ടു ഏതു കഥാപാത്രവും സുദൃഢമായ മെയ്മിടുക്കുകൊണ്ടും, അപാരമായ ആയുധനൈപുണ്യംകൊണ്ടും ശത്രുഭീഷണനും പൌരുഷപൂർണ്ണനാണ്.

അരിങ്ങോടർ, പയ്യനാടൻ, ചിണ്ടൻ നമ്പ്യാർ, കതിരൂർ ഗുരുക്കൾ തുടങ്ങിയ നീചകഥാപാത്രങ്ങൾ പോലും അത്യുദാത്തമായ അങ്കം വെട്ടുകൊണ്ടു് നമ്മുടെ ആദരാതിശയങ്ങൾ കൂടുകൂട്ടുന്നു. പൌരുഷവും അഭിമാനവുംകൊണ്ടു ജ്വലിച്ചു നില്ക്കുന്ന വീര ഗാനായകന്മാരാകട്ടെ

(ശേഷം 60 - ൽ)

കേരള
ദിനേശ് ബീഡി
കണ്ണൂർ

24

സന്തോഷം അന്നത്തെപ്പോലെയാണ് മധു "ചേട്ടത്തി അമ്മ"യെക്കുറിയ്ക്കുന്നതു് — സർക്കിളിന്റെ ഭാര്യ പരിശുദ്ധയായ ഒരു കുടുംബിനിയും — പക്ഷേ സേവനസംഘടനകളിലെ കർമ്മോത്സുകരായ കുടുംബകുമാരിമാർക്കും ഉന്നതവിദ്യാഭ്യാസം നേടിയ കോളേജദ്ധ്യാപികമാർക്കുമല്ല. മററുള്ളവരുടെ "ഉറക്കറ രഹസ്യങ്ങൾ" വ്യക്തമായറിയുക?

മിസ്സ് ഐസക്ക് ഒരിക്കൽ സർക്കിളിന്റെ വീട്ടിൽ പോയപ്പോഴാണ് മധുവിനെ ആദ്യമായി കണ്ടതു് ഒരു ലുങ്കിമാത്രമുടുത്തു്, മുററത്തു നട്ടുകളത്തിയിരുന്ന ചെടികൾക്കു വെള്ളമൊഴിച്ചുകൊണ്ടു് നില്ക്കുന്ന, വിരിഞ്ഞ നെഞ്ചു്. കരഞ്ഞെത്തുപോലുള്ള മാംസപേശികൾ. പ്രതിക്ഷ്യ സാഹചര്യങ്ങളിൽ കരിഞ്ഞുപോയ ചൈതന്യകാസക്തയുടെ ചില്ലകളിൽ മധു ജലസേചനം നടത്തുകയായിരുന്നു, അറിയാതെ —

യാത്രപറഞ്ഞിറങ്ങുമ്പോൾ മിസ്സ് ഐസക്ക് മധുവിനെ നോക്കിപ്പറഞ്ഞു.

"മധു സമയം കിട്ടുമ്പോഴൊക്കെ വൈകുന്നേരം അത്രടം വരെ. സുവോളജി ഞാൻ പഠിപ്പിച്ചുതരാം — — ഹൈ ഹസ്സ് ക്ളസ്സ് വാങ്ങി മെഡിസിനു പോകണ്ടേ?

അടുത്ത ഞായറാഴ്ച, മധു മിസ്സ് ഐസക്കിന്റെ വീട്ടിലേയ്ക്കു കടന്നു. ചെന്നപ്പോൾ സന്ധ്യയായിരുന്നു. ചുവരിട്ട പടിയിൽ ചെരുപ്പുകളൂരിയിട്ടു് സ്വീകരണമുറിയിലേയ്ക്കു കടന്നു. ക്രൂശിക്കപ്പെട്ട യേശുവിന്റെ ചിത്രത്തിനു മുമ്പിൽ ഒരു "സിറോവോൾട്ട്" ബൾബ് കത്തിക്കൊണ്ടിരുന്നു — —

"ആരു്. മധുവോ?"

കർട്ടനു പിറകിൽ നിന്നും ടീച്ചർ പ്രത്യക്ഷപ്പെട്ടു.

ആ കണ്ണുകളിൽ പെട്ടെന്നു പ്രസരിച്ച വെളിച്ചത്തിന്റെ വോൾട്ടേജ് അളക്കാൻ മധുവിനു കഴിഞ്ഞില്ല.

"ഇങ്ങകത്തു വരൂ"

മിസ്സ് ഐസക്ക് ഒരു സൈഡ് റൂമിലേയ്ക്കു കടന്നു — പിറകെ മധുവും

പഠനമുറിയും കിടപ്പുമുറിയും.

"ഞാനിതാ വന്നു"

മേശപ്പുറത്തു തന്നെ ടൈംപീസിലെ മിനിട്ടു സൂചി നീങ്ങിക്കൊണ്ടിരുന്നു. പകുതിവായിച്ചു തീർന്ന ഒരു പുസ്തകം മേശപ്പുറത്തു നിവർത്തി വച്ചിരിക്കുന്നു. അലസമായി ആ പേജുകളിലൂടെ കണ്ണോടിച്ചു — — മധുവിനു് അപ്പോഴാണ് — — ചെരി എന്തൊരു നാണംകെട്ട ഹെഡ്മിസ്ട്രസ്സ്! പേജുകൾ മറിച്ചു. പൊൻകന്നം പക്ഷിയുടെ കഥ യാ — — — ?

"ബോറടിച്ചോ?"

ഞെട്ടി എഴുന്നേററു.

മിസ്സ് ഐസക്ക്.

എന്തൊരു മാററം —

വെളുത്ത, നേരിയ ഫുൾ വോയിൽ സാരി. കട്ടം ചുവപ്പു നിറമുള്ള ചോളി.



എൻ. കൃഷ്ണൻനായർ

മുടി, ഭംഗിയായി ചീകിയൊതുക്കിവിരിക്കുന്നു. പൗഡർ പൂശിയ മുഖം — — തിരിച്ചും ആസ്വാദ്യമായ ഗന്ധം മുറിക്കുള്ളിൽ പരക്കുന്നു — —

"മധു ഇരിക്കൂ"

തോളത്തു മൃദുവായി പിടിച്ചു് കസേരയിലിരുത്തി — —

മിസ്സ് ഐസക്ക്, മധുവിനെ ജന്തുശാസ്ത്രം പഠിപ്പിച്ചില്ല; മനുഷ്യശരീരശാസ്ത്രം പഠിപ്പിക്കാൻ ശ്രമിച്ചു. മധുവിനു് വല്ലാത്ത അറപ്പും വേദനയും തോന്നി. തടിച്ച 'സുവോളജി' റിക്കാർഡ് കക്ഷത്തിടുക്കിക്കൊണ്ടു് അവൾ മുറിവിട്ടിറങ്ങി — — സ്വീകരണമുറിയിലെ ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ രൂപം വീണ്ടും മധുവിന്റെ കണ്ണിൽപെട്ടു. ഇവർ ചെയ്യുന്നതെന്താ

കണ്ടുന്ന് ഇവരറിയുന്നില്ല — — ഇവർക്ക് മാപ്പു കൊടുക്കേണമേ — —

ആ മധുവിനെ മിസ്സ് ഐസക്ക് ക്രൂശിച്ചു — അയാളുടെ ഏററവും മുത്ത ചേട്ടനായ സർക്കിളിനേയും അദ്ദേഹത്തിന്റെ വിധവയായ ഭാര്യയേയും —

രംഭാനായക്ക് ആവേശമേറി. അവരുടെ ഭാവനയും ചിറകുകൾ വിടർത്തി.

"സർക്കിളും അളുമോശമല്ലായിരുന്നു, പറേന്നെ — — പല പെണ്ണുള്ളുമാരിട്ടും പുള്ളിക്ക് അവിഹിതബന്ധമുണ്ടായിരുന്നത്രേ — "

ആ നല്ല മനുഷ്യന്റെ ആത്മാവ് (ആത്മാവ് എന്നൊന്നുണ്ടെങ്കിൽ) ഇവർക്ക് മാപ്പുകൊടുക്കില്ല, തീർച്ച.

ഗാഢമായ എന്തോ ചിന്തയിൽ മുഴുകി നടക്കുകയായിരുന്ന സർക്കിൾ ഇൻസ്പെക്ടർ, സൂപ്പർ എക്സ്പ്രസ്സ് പാഞ്ഞുപോയ ശബ്ദം അദ്ദേഹം കേട്ടില്ല. എല്ലാം നിമിഷങ്ങൾക്കുള്ളിൽ കഴിഞ്ഞു.

ഡി. എച്ച്. പി. പറഞ്ഞാണ് രഘു ഈ കഥകൾ അറിഞ്ഞത് — പെട്ടെന്ന് അതൊക്കെ ഓർത്തുപോയി.

തന്റെ ജീവനും നഷ്ടപ്പെട്ടു പോയിരുന്നെങ്കിൽ — ? എന്തെല്ലാം കഥകൾ പ്രചരിക്കുമായിരുന്നു?

താൻ, ആത്മഹത്യചെയ്തതാണെന്നോ?

എന്തിന്?

അതിനു കാരണങ്ങൾ കണ്ടുപിടിക്കാനുണ്ടോ ജോലിയില്ലാത്ത, സേവനതല്പരരായ ലലനാമണികൾക്കും വിദ്യാസമ്പന്നരായ കോളേജദ്ധ്യാപികമാർക്കും വിഷമം?

അവസാനത്തെ ബോറായും കടന്നുപോയിട്ടും രഘു അവിടെത്തന്നെ നിന്നു. ചിന്തകൾ അലസമായി എങ്ങോ അലഞ്ഞുതിരിയുകയായിരുന്നു.

പെട്ടെന്നാണ് ഒരു കറുത്ത അംബാസഡർ കാർ അമിതവേഗത്തിൽ വന്നു നിന്നത്.

ചന്ദ്രൻ.

"നീ പ്രൊഫസറുടെ വീട്ടിൽ നിന്നാണോ?"

ആ ചോദ്യവുമായാണ് ചന്ദ്രൻ കാറിൽ നിന്നിറങ്ങിയത്.

"അതേ."

രഘുവിന്റെ പ്രതികരണം മററവാക്കിൽ ഒതുങ്ങിനിന്നു.

"ഞങ്ങൾ കോളേജിൽ പോയി പ്രൂഫ് ഷീറ്റ് കണ്ടിട്ടാണു വരുന്നത്. ജയൻ, കയറിവാ."

ഇത്രയും പറഞ്ഞ് ഡോർ തുറന്ന് ഒരു അപരിചിതൻ ഇറങ്ങിവന്നു.

തന്റെ പ്രായം കാണും.

ഇരുനിറത്തിൽ, മെലിഞ്ഞു രൂപക്കൂടിയ മനുഷ്യൻ. നീണ്ട കൃതാവ് വിരിച്ചു കുറഞ്ഞ മീശ. ചുരുണ്ടമുടി ഒരു വോട്ടത്തിൽ തന്നെ ശ്രദ്ധയാകർഷിക്കുന്ന താടിയെല്ലുകൾ.

'ഈ ലോകത്തിൽ ഞാൻ തനിച്ചാണ്' എന്ന ഭാവം.

"ജയൻ, എന്റെ സഹപാഠി. ഇവനാണ് ജയൻ, ഞാനെപ്പോഴും പറയാറുള്ള രഘു. ഓ, അയാം സോറി... മിസ്റ്റർ രഘു, ഐ. പി. എസ്സ്."

ജയൻ വലതു കൈ നീട്ടി. രഘുവും.

"പ്ളീസ്ഡ് ടു മീററ് യു."

ആ 'കൈ കുലുക്കലിനു' ഒരു 'സാമാന്യ മര്യാദ'യുടെ തണുപ്പുണ്ടായിരുന്നു.

"എന്താ നിന്റെ പരിപാടി?" "ഉടനെ തിരുവനന്തപുരത്തേയ്ക്കു മടങ്ങുകയാണ്. അച്ഛനു തീരെ സുഖമില്ല."

"അയാം സോ സോറി ടു ഹിയർ ദാററ്."

ചന്ദ്രന്റെ മുഖം വാടി.

കുറച്ചു സമയത്തെ നിശ്ശബ്ദത.

"ഞങ്ങൾ ഒരു കല്യാണാലോചനയ്ക്കു പോവുകയാണ്..."

ജയന്റെ നേരേ തിരിഞ്ഞുകൊണ്ട് ചന്ദ്രൻ പറഞ്ഞു.

"വരൻ ഞാനല്ല ഇവനാണ്...ഞാൻ കാരണവർ...വധുവിനെ നിനക്കറിയും...ഏതായാലും ഒരു കാര്യം ചെയ്യ്. വി. ആർ സ്റ്റേയിംഗ് അററ് നീല...ഷാൽ ഐ ഡ്രോപ്പ് യു ദേർ? ഞങ്ങൾ മടങ്ങി വരുന്നതുവരെ അവിടെ വെയിററ് ചെയ്യുമോ?"

"പിന്നെന്താ...ഞാൻ നടന്നു രൂപാന്തരപ്പെടാം...അധികം വൈകരുതേ..."

"ഓക്കേ."

ചന്ദ്രനും ജയനും കാറിൽ കയറി...

കൗണ്ടറിൽ നിന്നും ഒരു പാക്കററ് "സ്റ്റേററ് എക്സ്പ്രസ്സ്" സിഗററും വാങ്ങി രഘു ഉഞ്ഞാലിലിരുന്നു.

മനസ്സ് ഒരനാഥ പ്രേതത്തെപ്പോലെ അലഞ്ഞു തിരിയുകയായിരുന്നു.

അവിചാരിതം വഴിമുടിനിന്നുപോയ ചന്ദ്രനും ജയനും പ്രൊഫസറുടെ വീട്ടിലേയ്ക്കു തന്നെയല്ലേ പോയതു?

എന്തിന്?

'ഞങ്ങൾ ഒരു കല്യാണാലോചനയ്ക്കു പോവുകയാണ്.' എന്ന് ചന്ദ്രൻ പറഞ്ഞതിന്റെ അർത്ഥമെന്താണ്?

എങ്ങനെ അവർ ഇവിടെ എത്തിച്ചേരാനാണ്? "ഞാനെപ്പോഴും പറയാറുള്ള രഘു" എന്നു പറഞ്ഞ് ചന്ദ്രൻ, തന്നെ ജയനു പരിചയപ്പെടുത്തിയതെന്തിനാണ്? എന്തുണ്ട് തെളിപ്പിച്ചു 'എപ്പോഴും' പറയാൻ?

എത്രസമയം ഉഞ്ഞാലിലിരുന്നു എന്നറിയില്ല.

പോക്കററിൽ ഇനി മൂന്നു നാലു സിഗററ് മാത്രമേ ബാക്കിയുള്ളൂ. ആഷ്ട്രേ നിറഞ്ഞിരിക്കുന്നു...ചന്ദ്രനും ജയനും എന്താണിനിയും എത്താത്തതു?

വേഗത്തിലോടിച്ചു വന്ന കാറ് ചന്ദ്രൻ പെട്ടെന്ന് ബ്രേക്കിട്ടു നിറുത്തി.

"കാറ് ഒരു സൈഡിൽ പാർക്ക് ചെയ്തിട്ടു വരാം."

ചന്ദ്രന്റെ ശബ്ദം മുഴങ്ങിക്കേട്ടു.

"നീ ഊണു കഴിച്ചോ?"

ആ ചോദ്യം രഘുവിനെ ചിന്തയിൽ നിന്നുപിന്തിരിപ്പിച്ചു.

"ഇല്ല."

"വാ, മുറിയിലേയ്ക്കു പോകാം."

നിശബ്ദരായി മൂന്നു പേരും കോവേണി കയറി.

ചന്ദ്രൻ എയർ കണ്ടീഷണർ ഓൺ ചെയ്തു. കോളിംഗ് ബെല്ലിൽ വിരലമർത്തി.

"എ ബോട്ടിൽ ഓഫ് ബ്രൂത്ത്സ്, മെലം കോർഡിയൽ. വറുത്ത കരിമീൻ... സ്പ്രൈറ്റ്... ഐസും സോഡയും... വേഗം വേണം."

ചന്ദ്രൻ ബേറററോട് ഒററശ്വാസത്തിൽ പറഞ്ഞുതീർത്തു.



"ജിംലെററ്", കരിമീൻ എന്നാലക്കയോർത്തപ്പോൾ ഷൈലജയെ ഓർത്തു പോയി. ഡ്രൈ ദി ബൈ ... ഹൗ ഈസ് ഷി?"

രഘു മറുപടി പറഞ്ഞില്ല. അസോസിയേഷൻ ഓഫ് ഐസ യാസ് ജിംലെററ് — കരിമീൻ ഇതൊക്കെ ഷൈലജയെ ഓർമ്മിപ്പിക്കാതിരിക്കുമോ?

ചന്ദ്രനെന്താ, ശവത്തെ കത്തുകയാണോ? മദ്യവും "അനുസാരി"കളും മേശപ്പുറത്തു നിരന്നു.

"ഓ, ഞാൻ മറന്നു രഘു ... നിങ്ങൾ കൂടുതൽ അടുത്തു പരിചയപ്പെടേണ്ടവരാണ് ... ജയൻ ആയ ഗുർകാരനാണ്. അച്ഛനമ്മമാരുടെ ഒററമകൻ. എന്റെ കൂടെ മെഡിസിന് പഠിക്കുന്നു. അച്ഛനമ്മയും ജയൻ കഞ്ഞായിത കുടുമ്പാംഗമതിച്ചു ... എവിടെയോക്കെയ്ങ്ങ ലാൻറന്റ് പ്രോപ്പർട്ടി ഉള്ളതെന്ന് ജയനിനിയും തിട്ടമില്ല — അവനിപ്പോളൊരു മോഹം, പെണ്ണുകെട്ടണമെന്ന് — ഞാനവനെ കൂട്ടിക്കൊണ്ടുവന്നതു്, പെണ്ണുകാണാനാണ്. ആ ചടങ്ങും കഴിഞ്ഞു. പെണ്ണാരെന്നല്ല് നിനക്കറിയണ്ടേ? നിന്റെ പഴയ കാമുകി — വിമല"

ഗ്ളാസ് കൂടെക്കൂടെ ചുണ്ടോടടുപ്പിച്ചുകൊണ്ട് ചന്ദ്രൻ തുടന്നു.

"നീയും വിമലയുമായുള്ള ബന്ധം മുഴുവൻ ജയനറിയാം. എനിക്കറിയുന്നതൊക്കെ ഞാനിവനെ പറഞ്ഞു മനസ്സിലാക്കിയിരുന്നു. അറിഞ്ഞുകൂടാതിരുന്ന പലതും ഇന്നു വിമലയും പറഞ്ഞു — അതാണിത്ര വൈകിയതു്."

"എനിക്ക് ഡ്രഫഷ് ലൈംമതി" എന്നു നേരത്തേ പറയണ്ടായിരുന്നുവെന്ന് രഘുവിനു തോന്നി. മത്തുപിടിക്കത്തക്കവണ്ണം മദ്യപിച്ചിരുന്നെങ്കിൽ, ഒരുപക്ഷേ ചന്ദ്രന്റെ വാക്കുകൾ തന്നെ ഇത്രമാത്രം തളർത്തിക്കളയുമായിരുന്നില്ല — തൊണ്ടവളെന്നു — നാരങ്ങാവെള്ളം വലിച്ചുകുടിച്ചു.

ജയൻ നിശബ്ദനായിരുന്നു — "ഈ പാപത്തിൽ എനിക്കു പങ്കില്ല്", എന്ന മട്ടിൽ

'വിമലയോടുള്ള നിന്റെ സമീപനത്തിൽ വന്നുകൊണ്ടിരുന്ന മാററങ്ങൾ ഞാൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. നിങ്ങളെ കൂടുതൽ അടുപ്പിക്കുന്നതിൽ പരോക്ഷമായെങ്കിലും ഞാനൊരു പങ്കു വഹിച്ചിരുന്നുവല്ലോ എന്നോർത്തപ്പോൾ എനിക്കു വല്ലാത്ത കുററബോധം തോന്നി."

പെട്ടെന്ന് ചന്ദ്രന്റെ ശബ്ദത്തിന് കട്ടികൂടി.

'അവളെന്റെ സഹോദരിയാണെങ്കിലുമല്ല, ഞങ്ങളെ പ്രസവിക്കാൻ പേററു നോവനുഭവിച്ചതെങ്കിലും.'

ചന്ദ്രന് വിമലയോടിത്രത്തോളം അടുപ്പമുണ്ടോ? അവൻ ഇത്ര വികാരധീനനാവുന്നതെന്തിന്? രഘു ചിന്തിച്ചു.

ചന്ദ്രൻ മറെറാരു "ചാർമിനാറി"നു തീ കൊളുത്തി. ഒഴിഞ്ഞുകിടന്ന ഒരു കസേരയുടെ പുറത്ത് കാലുകൾ കയററിവച്ചു. ദീർഘമായി സംസാരിക്കാൻ തയ്യാറെടുക്കുന്നതുപോലെ തോന്നി.

"മസ്സൂറിയിലുള്ള നിന്റെ ജീവിതം ഞാൻ അപഗ്രഥിച്ചു പഠിക്കുകയായിരുന്നു — ബാംഗ്ളൂരിലിരുന്നുകൊണ്ട്. ബാംഗ്ളൂരുകാരനായ ശ്രീ രാംകുമാറെന്ന ഐ. പി. എസ്. പ്രൊബേഷണറെ നിനക്കറിയില്ലേ? അയാളുടെ അനുജൻ ശാന്താറാം എന്റെ സഹപാഠിയാണ് എന്റെ ഏററവുമടുത്ത സുഹൃത്തുക്കളിൽ ഒരാളും. ശ്രീറാം, നിന്റെ ഓരോ ചലനവും എന്നെ എഴുതി അറിയിക്കാറുണ്ടായിരുന്നു — നിന്റെ വീഴ്ചകൾ ഞാൻ മാസങ്ങൾക്കുമുമ്പ് മനസ്സിൽ കണ്ടതാണ് — പക്ഷേ അതിത്ര പെട്ടെന്നാവുമെന്ന് ഞാൻ കരുതിയില്ല — രണ്ടുദിവസം മുമ്പാണ് തിരുവനന്തപുരത്തുവച്ച് ഷൈലജയെ കണ്ടതു്— തികച്ചും അപ്രതീക്ഷിതമായി ആ നല്ല പെൺകുട്ടിയോട് അല്പസമയം സംസാരിച്ചപ്പോൾ എന്റെ സംശയങ്ങളെല്ലാം മാറി— അല്ലെങ്കിൽ ഞാനെന്തിനു അതൊക്കെ വിശദീകരിക്കുന്നു?"

ഗ്ളാസ്സുകൾ ശൂന്യമായിക്കഴിഞ്ഞിരുന്നു. ചന്ദ്രൻ ഗ്ളാസ്സിൽ വീണ്ടും മദ്യം പകന്ന് ചുണ്ടോടടുപ്പിച്ചു.

"കന്യാകുമാരിയിൽ എക്സ്കർഷൻ പോയപ്പോഴാണ് വിമലയെ കല്യാണംകഴിക്കണമെന്ന് തീരുമാനിച്ചതെന്ന് നീ എന്നാടു പറഞ്ഞിട്ടുള്ളതോർമ്മയുണ്ടോ? ജയനും ഞാനും രണ്ടുദിവസം കന്യാകുമാരിയിലായിരുന്നു. വിമലയെ ചുററിപ്പററിയായിരുന്നു, ഞങ്ങൾ സംസാരിച്ചതു മുഴുവൻ കന്യാകുമാരി കടല്പുറത്ത് മലന്നുകിടന്നു ഞങ്ങൾ സംസാരിക്കുന്നതു കണ്ടുകൊണ്ടാണ്, അന്നു സൂര്യനസ്തമിച്ചതു് — പിറേറദിവസം ഉദിച്ചതും — ഒരു പ്രേമബന്ധത്തിന്റെ അസ്തമനത്തിനും മറെറാരു ബന്ധത്തിന്റെ ഉദയത്തിനും ഞാൻ സാക്ഷ്യം വഹിച്ചു—"

ചന്ദ്രന്റെ വാക്കുകൾ പലപ്പോഴും വ്യക്തമായില്ല. ഒഴിഞ്ഞ ഒരു ചാർമിനാർ പാക്കററ് ചെറിയ ചെറിയ കഷണങ്ങളായി കീറിക്കൊണ്ട് ജയൻ നിശബ്ദനായിരുന്നു.

"വളരെ നാടകീയമായാണ് കല്ലുവത്തെ ആ രംഗം അവസാനിച്ചതു് കടലലകൾ കുഞ്ഞലകളിൽ കൗതുകപൂർവ്വം കണ്ണും നട്ടുകൊണ്ട്, ജയൻ ചോദിച്ചു. "വിമല, എന്റെ ഭാര്യയാവാൻ സന്നദ്ധയാവുമോ?" അവളുടെ വാക്കുകൾ എന്നിലുണർത്തിയ വികാരങ്ങൾ വിവരിക്കാനാവില്ല, രഘു — നീ ഒരുപക്ഷേ, വിമലയോടൊപ്പം ശയിച്ചിരിക്കാം എന്നു ഞാൻ പറഞ്ഞു — അങ്ങനെ സംഭവിച്ചിട്ടില്ല എന്നറിഞ്ഞുകൊണ്ടു തന്നെ. "ഓ, അതൊന്നും സാരമില്ല" എന്നായിരുന്നു, ജയന്റെ മറുപടി. വിമലയെ ജയൻ കണ്ടിട്ടുണ്ടായിരുന്നില്ല. എന്റെ വാക്കുകൾ വരച്ചുകാട്ടിയ വികൃതമായ ഒരു ചിത്രം മാത്രമേ അവന്റെ മനസ്സിലുണ്ടായിരുന്നുള്ളൂ—"

കസേരയിൽനിന്നും കാലുകൾ പിൻവലിച്ച്, ജയന്റെ തോളത്തു ശക്തിയായി തട്ടിക്കൊണ്ട് ചന്ദ്രൻ ചോദിച്ചു:

"നീയെന്താ ഒന്നും മിണ്ടാതിരിക്കുന്നേ?" ജയൻ ഒന്നു പുഞ്ചിരിച്ചതേയുള്ളൂ. മദ്യപിച്ചിട്ടില്ലെങ്കിലും, തനിക്ക് സ്വബോധം നഷ്ടപ്പെടുന്നതുപോലെ രഘുവിനു തോന്നി. വാക്കുകൾക്കു കയ്യെത്തിപ്പിടിക്കാനാവാത്ത അകലത്തിലായിരുന്നുവെന്നു തോന്നി, ജയൻ.

അല്പസമയത്തെ നിശബ്ദതയ്ക്കുശേഷം ചന്ദ്രൻ വീണ്ടും തുടന്നു.

"നീ, അവളെ സംബന്ധിച്ചിടത്തോളം ഇപ്പോഴും ഒരു ദുർബ്ബലനാണെന്നെനിക്കു തോന്നി — പാവം, വിമല —

ജയന് അവളെ വിവാഹംകഴിക്കാനാഗ്രഹമുണ്ടെന്നു പറഞ്ഞപ്പോൾ, അവൾ പൊട്ടിത്തെറിച്ചു.

"ചന്ദ്രാ!"

(തുടരും)

—o—

NBS NEWS

വിളക്കുകൊളുത്തു

പാലാ നാരായണൻ നായർ

നൂതന ഭാവങ്ങളുടെ സൂക്ഷ്മാംശങ്ങളെ നൂതനമായ ശൈലിയിൽ ആവിഷ്കരിച്ചിട്ടുള്ള അൻപതിലധികം കവിതകൾ. അവതാരിക: പ്രൊഫ: കെ. എം. തരകൻ. വില. 6–50 ക.

അടിയറവ്

കാക്കനാടൻ

ഉജ്ജ്വലമായ ഒരു കലാശിൽപമെന്നു വിശേഷിപ്പിക്കാവുന്ന ഒരു നോവൽ. വില. 12-50 ക.

പട്ടമഹിഷി

ബിമൽമിത്ര

പ്രശസ്തമായൊരു ബംഗാളി നോവൽ. അനുപമമായ ചാരുതയും രചനാവൈഭവവും ഒന്നുപോലെ നിറഞ്ഞുനില്ക്കുന്ന ഒരു കൃതി. വിവ: വ. ഡി. കൃഷ്ണൻനമ്പ്യാർ. വില. 6-50 ക.

വരുത്തവരും കാത്തുനിൽക്കാത്തവരും

സി. ചന്ദ്രശേഖരൻ

ചെറുകഥാസമാഹാരം. ഗദ്യപദ്യങ്ങൾക്കിടയിലുള്ള വിടവു നികത്തിക്കൊണ്ടുള്ള ഇതിലെ കഥകളുടെ രചനാരീതി ശ്ളാഘനീയമായ രീതിയിലുള്ളതു്. വില. 3–50 ക.

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം, തിരുവനന്തപുരം, എറണാകുളം തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കൊല്ലം, കോഴിക്കോട്, ആലപ്പുഴ.

സാഹിത്യവാരഫലം

എം. കൃഷ്ണൻനായർ

മാവേലിക്കരക്കാരനായ ഒരു ഗോപാലൻ എന്നെക്കണ്ടു് തിരുവനന്തപുരത്തെ യൂണിവേഴ്സിററി കോളേജിൽ അഡ്മിഷൻ വാങ്ങിക്കൊടുക്കണമെന്നു് അപേക്ഷിച്ചു. ഗവണ്മെൻറു് കോളേജിൽ ശുപാർശകൊണ്ടൊന്നും പ്രയോജനമില്ലെന്നു് ഇങ്ങനെയുള്ളവരോടു പറഞ്ഞാൽ ഒരു പ്രയോജനവുമില്ല. അതുകൊണ്ടു് "ശ്രമിക്കാം" എന്നുമാത്രം ഞാൻ മറുപടി നല്കി. ഞാൻ അന്വേഷിച്ചപ്പോൾ പട്ടിക ജാതിക്കാരനായ ഗോപാലന്നു് അഡ്മിഷനുണ്ടു്. ലിസ്റ്റിൽ ആദ്യത്തെ പേരുകാരനാണു് അയാൾ. വിവരം ഞാൻ ഗോപാലനെ അറിയിച്ചു. എൻെറ ശുപാർശകൊണ്ടാണു് അഡ്മിഷൻ കിട്ടിയതെന്നു് വിചാരിച്ചു് അയാൾ ആഹ്ളാദിക്കുകയും എനിക്കു നന്ദി പറയുകയും ചെയ്തു. ഇൻറർവ്യൂ നടക്കുന്ന ദിവസമായി. പത്തുമണിക്കു് പ്രിൻസിപ്പലിൻെറ മുറിയുടെ നടയിൽ നിന്നുകൊള്ളണമെന്നും പേരുവിളിക്കുമ്പോൾ അകത്തു ചെല്ലണമെന്നും ഞാൻ ഗോപാലനെ അറിയിച്ചു. അതനുസരിച്ചു് അയാൾ കോളേജിൽ ചെന്നു. പക്ഷേ, ഗോപാലന്നു് അപ്പോൾ അത്യന്തമായ ഒരൊഗ്രഹം, കോളേജു് ഓഡിറോറിയത്തിൽ തൂക്കിയിരിക്കുന്ന പ്രിൻസിപ്പലന്മാരുടെ ചിത്രങ്ങൾ കാണണമെന്നു്. "ക്ളാസിൽ പരസ്യമായി എന്തൊക്കെ കള്ളം പറയുന്നോ?" എന്ന അർത്ഥത്തിൽ ഒരു പെൺകുട്ടിയോടു് "Do you want to lie with me in the open class?" എന്നു് ദേഷ്യത്തിൽ ചോദിച്ച പ്രിൻസിപ്പലിൻെറ പടംതൊട്ടു് പലപല പ്രഗല്ഭന്മാരുടെയും എണ്ണച്ചായ പടങ്ങൾ അവിടെയുണ്ടു്. ഗോപാലൻ ഓരോന്നും നോക്കിനിന്നു. സമയം പോയതു് അയാൾ അറിഞ്ഞില്ല. ഒടുവിൽ എല്ലാം കണ്ടു് പന്ത്രണ്ടു മണിയോടടുപ്പിച്ചു് അഡ്മിഷനു വേണ്ടി എത്തിയപ്പോൾ പേരു പലപ്രാവശ്യവും വിളിച്ചിട്ടു് കാണാത്ത ഗോപാലനു പകരം മററൊരു വിദ്യാർത്ഥിക്കു് അഡ്മിഷൻ കൊടുത്തു കഴിഞ്ഞിരുന്നു. ചിത്രദർശന തൽപരനായ ഗോപാലൻ കരുത്തുകൊണ്ടു് എൻെറ അടുക്കലെത്തി. എനിക്കു് അന്നു് ഗവൺമെൻറു് കോളേജു് പ്രിൻസിപ്പലിൻെറ "ചാർജ്ജു്" ഉണ്ടായിരുന്നു. നിയമാനുസാരിയായ വിധത്തിൽത്തന്നെ ഞാൻ അയാൾക്കു് അവിടെ അഡ്മിഷൻ നല്കി. അയാളുള്ള ക്ളാസ്സിൽ ഞാൻ ഒരുദിവസം കയറിച്ചെന്നു. എല്ലാ വിദ്യാർത്ഥികളും എഴുന്നേററു. ഞാൻ ഇരുന്നപ്പോൾ ഗോപാലനൊഴിച്ചുള്ള വിദ്യാർത്ഥികൾ ഇരുന്നു. അതു വിനയം ഭാവിച്ചു് നില്ക്കുന്ന ഗോപാലനെ കുന്നിരുത്താൻ ഞാൻ വളരെ പ്രയാസപ്പെട്ടു. പാഠം തുടങ്ങി. ഗോപാലനോടു് ഒരു ചോദ്യം:- "ഗോപാലാ, ഹാർമ്മോണിയത്തിൽ നിന്നുണ്ടാകുന്ന ശബ്ദം എവിടെനിന്നു വരുന്നു?" വിനയത്താൽ നാലു വിരലുകൾകൊണ്ടു് വായപൊത്തി ഗോപാലൻ മറുപടി നല്കി. "ഹർമ്മോണിയത്തിലെ കട്ടകളിൽനിന്നു്." ഞാൻ ചോദിച്ചു:- "കട്ടകളിൽ നിന്നോ?" ഉത്തരം തെററിപ്പോയതെന്നു മനസ്സിലാക്കിയ ഗോപാലൻ കൂടുതൽ വിനയത്തോടെ തുടർന്നു:- "അല്ല!, ഹാർമ്മോണിയത്തിൻെറ ദ്വാരങ്ങളിൽനിന്നു്." ആ ഗാനോപകരണം ചുമക്കുന്ന ആളിൻെറ ഉപരിവിരലുകളിൽനിന്നാണു് ശബ്ദമുണ്ടാകുന്നതു് എന്നുവരെ ഗോപാലൻ പറയുമായിരുന്നു. പക്ഷേ, ഞാൻ പിന്നീടു് ചോദ്യങ്ങൾ ചോദിച്ചില്ല. മലബാർ ഗോപാലൻ നായരും ശങ്കുണ്ണിനായരും ഹാർമ്മോണിയം വായിച്ചു് സദസ്യരെ ആഹ്ളാദിപ്പിക്കുന്നതു് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ടു്. എൻെറ ശിഷ്യൻ ഗോപാലനെപ്പോലുള്ളവർ അതുകണ്ടാൽ "നോക്കൂ, മലബാർ ഗോപാലൻ നായരുടെ പെരുവിരലിൽ നിന്നു ശബ്ദമുണ്ടാകുന്നു, ശങ്കുണ്ണിനായരുടെ പെരുവിരലിൽനിന്നു ശബ്ദമുണ്ടാകുന്നു" എന്നു ഉദ്ഘോഷിക്കും. ഗോപാലന്നു് സദൃശരായ ആളുകൾ കഥയെഴുത്തുകാരിലുമുണ്ടു്. കലാത്മകതമിരിക്കുന്നതു് ചെറുകഥയ്ക്കു നല്കുന്ന രൂപത്തിലാണു് എന്നു് അവർ ധരിച്ചുവച്ചിരിക്കുന്നു. പ്രഖ്യാതരായ എഴുത്തുകാർ തുടങ്ങുന്നതിൽ അവർ കഥ ആരംഭിക്കുന്നു. ഇടയ്ക്കിടെ പുനർജ്ജനി, ആർത്തവം, സുതാര്യം, ഏകാന്തത എന്നീ പദങ്ങൾ തിരുകിക്കയററുന്നു. മനുഷ്യന്നു് മനസ്സിലാകാത്ത ചില വാക്യങ്ങൾ നിവേശിപ്പിക്കുന്നു. നാടകീയമായി ഒരവസാനിപ്പിക്കുന്നു. കമാൽ ബി. സുനന്ദ ചിത്രകാർത്തികയിലെഴുതിയ "ഇരകൾ" എന്ന മനസ്സിലാകാത്ത കഥയിൽ ഭാഗ്യവശാൽ ഈ വാക്കുകളില്ല. ബാക്കിയെല്ലാമുണ്ടു്. എന്നു പറഞ്ഞാലോ? കഥയുടെ രൂപമുണ്ടു്. ആ രൂപത്തിലാണു് കലയിരിക്കുന്നതെന്ന തെററിദ്ധാരണയുണ്ടു്. ഇക്കാര്യത്തിൽ സുനന്ദ ഒററയ്ക്കല്ല. ജനയുഗത്തിൽ "മിന്നാമിനുങ്ങു്" എന്ന കഥയെഴുതിയ ശ്രീമതി ലളിതാ ശങ്കർ എം. എ. മാവേലിക്കരയും സുനന്ദയ്ക്കു കൂട്ടുകാരിയായുണ്ടു്. സുനന്ദയുടെ കഥ എനിക്കു മനസ്സിലായില്ലെന്നു പറഞ്ഞല്ലോ. ലളിതാ ശങ്കറിൻെറ കഥ മനസ്സിലായി. ഗന്ധരമില്ലാതെ ഒരുത്തൻ പോക്കററടിക്കുന്നു ഇതു പറയാൻ കൃത്രിമത്വത്തിൻെറ കൊടുമുടിയിലേക്കാണു് ലളിതാശങ്കറുടെ കയറിപ്പോക്കു്. രണ്ടുപേരും വായനക്കാരെ പീഡിപ്പിക്കുകയാണു്. സംശയമില്ല. .....ഗോപാലൻ വീണ്ടും മുൻപിൽ വന്നു നില്ക്കുന്നു. അയാൾ ചോദിക്കുകയാണു്:- "സാർ പാലക്കാട്ടു മണി മൃദംഗം വായിക്കുന്നതുകണ്ടിട്ടുണ്ടോ? മൃദംഗത്തിൻെറ ശബ്ദം എവിടെ നിന്നു വരുന്നു?" ഗോപാലൻ ഇപ്പോൾ വിദ്യാർത്ഥിയല്ല. അതുകൊണ്ടു് അയാളെ പേടിക്കണം. ഞാൻ ഭയത്തോടെ മറുപടി നല്കുന്നു. "ഗോപാലാ പാലക്കാട്ടു് മണിയുടെ വിരലുകളിൽനിന്നാണു് മൃദംഗത്തിൻെറ ശബ്ദം ഉണ്ടാകുന്നതു്". വിരലുകളിൽനിന്നു്, വിരലുകളിൽ നിന്നു്."

* * *

വൈകുന്നേരം കാപ്പിക്കടയിൽകയറുന്നു. "സ്വാമി എന്തുണ്ടു്?" എന്നു ബഹുമാനപൂർവ്വം നമ്മുടെ ചോദ്യം. "ചൂടാനം ഇട്ടലി" എന്നു് മറുപടി. ചൂടുള്ള ഇഡ്ഡലിയെന്നു പറഞ്ഞാൽ ഉപ്പുമ്പു് മിച്ചം വന്ന ചോറു് ഒന്നു് അരച്ചെടുത്തു് വേകിച്ചു ഇഡ്ഡലിയാക്കി വച്ചിരിക്കുകയാണു് എന്നർത്ഥം. നാം മനുഷ്യരിക്കുമ്പോൾ "ഒൻറു് ശാപ്പിട്ടു പാരുങ്കൾ" എന്നു് സ്വാമിയുടെ പ്രലോഭനം "വേണ്ടും ചൂട്ടു പിടിപ്പിച്ചതു് വിഷസദൃശം" (പുനസ്തുപ്പം വിഷോപമം) എന്ന പ്രമാണമനുസരിച്ചു് നാം ഇഡ്ഡലി വേണ്ടെന്നു വച്ചു് "നെയ്ദോശ" എന്നു് ഓർഡർ നല്കുന്നു. കുറച്ചു കഴിയുമ്പോൾ പ്ളേററു് കവിഞ്ഞു് എച്ചിൽ നിറഞ്ഞ മേശപ്പുറത്തു് തൊട്ടു കിടക്കുന്ന നെയ്ദോശ നമ്മുടെ മുൻപിൽ എത്തുന്നു. കുടെ കാലത്തു മുതൽ ഗുറന്നു കിടക്കുന്ന പാത്രത്തിലെ അതിസാരജനകമായ ചമ്മന്തിയും തകിട്ടു പോലെയുള്ള, വിസ്തൃതമായിരിക്കുന്ന ആ ദോശ അല്പമൊന്നു മുറിച്ചു് രുചിച്ചു നോക്കൂ. അതു കഴിക്കാൻ തോന്നുകയില്ല .....

വൈകുന്നേരം റോഡിലൂടെ നടക്കുകയാണു്. "സാർ വലിയ ഓറഞ്ചു് വന്നിട്ടുണ്ടു്—" ഓറഞ്ചു് വില്ക്കുന്നവരുടെ ശബ്ദം. നാം നോക്കുന്നു സന്തോഷ്ട്രോഫി ഫുട്ബാൾ മത്സരത്തിനു് ഉപയോഗിക്കുന്ന പന്തിനു സദൃശമായ ഓറഞ്ചു്. ഒന്നു വാങ്ങുന്നു. വീട്ടിൽ കൊണ്ടുപോയി അതിൻെറ തോടു് പൊളിച്ചെടുക്കുമ്പോൾ മൈക്രോസ്കോപ്പു് കൊണ്ടു നോക്കിയാൽ മാത്രം കാണാവുന്ന അല്ലികൾ. അതു പൂളിച്ചിട്ടു് തിന്നാൻ വയ്യാത്ത പ.....ഇനി പന്ത്രണ്ടത്തക്കാര്യം. ബോട്ടു് തണ്ണീർമുക്കത്തു് എത്തുമ്പോൾ "അവല്ലൊതി അവല്ലൊതി" എന്നുള്ള കർണ്ണകഠോരമായ വിളികൾ. നാലു കാശാണു് അവല്ലൊതിക്കു്. വാങ്ങിയാൽ ആദ്യം വാഴയില. അതു മാററിയാൽ പിന്നെയും വാഴയില. പിന്നെയും വാഴയില. വാഴയില. പാഞ്ചാലിയുടെ വസ്ത്രം പോലെ തന്നെ.....

ഇപ്പോഴുണ്ടാകുന്ന നോവലുകൾ നെയ്ദോ

ശ പോലെ വലിയ ഓറഞ്ച് പോലെ തണ്ണീർമുക്കത്തെ അവലോകി പോലെയാണ്. 900 പേജ്, 1000 പേജ്. അകത്തൊട്ട് ഒന്നുമല്ലതാനും. വലുതോ 30 രൂപ, 35 രൂപ എന്ന കണക്കിന് നോവലുകളുടെ ഈ സംവിധാനം ചില ചെറുകഥകളും പുലർത്തുന്നുണ്ട്. ഒരു വാക്ക് പ്രയോഗിക്കേണ്ടിടത്ത് ആയിരം വാക്കുകൾ പ്രയോഗിക്കുക; ഒരു വര വരക്കേണ്ടിടത്ത് ആയിരം വരകൾ വരയ്ക്കുക. കലാബോധമില്ലാത്ത പ്രവർത്തനമാണിതു്. ഒരുമ്പുമ്പ് പേരക്കുട്ടിയെ ഇഷ്ടം — ഈ ആശയമാവിഷ്കരിക്കാൻ ശ്രീ. സി വി. ബാലകൃഷ്ണൻ പെടുന്ന പാട് നോക്കൂ. (ദേശാഭിമാനിയിലെ "കളിക്" എന്ന കഥ) അദ്ദേഹം വാരികയുടെ നാലു പുറങ്ങൾ മുഴുവനും അതുമിതും എഴുതുന്നു. വ്യർത്ഥചിന്ത എന്നേ പറയാനുള്ളു. കഥാകാരന്മാർ പ്രതിപാദ്യവിഷയത്തെ അന്തർനേത്രം കൊണ്ടു നോക്കണം. അവിടെ നിന്ന് ആ നോട്ടമെടുത്തു കളയരുതു്. അപ്പോൾ ആ വിഷയത്തോടു മാത്രം ബന്ധപ്പെട്ട അനുഭൂതികൾ ഉണ്ടാകും. അവയെയാണ് ആവിഷ്കരിക്കേണ്ടതു്. ബാലകൃഷ്ണൻ ബാഹ്യചക്ഷുസ്സ് കൊണ്ടേ പ്രതിപാദ്യവിഷയത്തെ നോക്കുന്നുള്ളു. അവിടെയും ഏകാഗ്രതയില്ല. അതിനാലാണ് അദ്ദേഹത്തിന്റെ ഈ ചെറുകഥ ഇങ്ങിനെ വ്യർത്ഥമായ രീതിയിൽ പരന്നു പോയതു്.

* * *

മാനുഷികമൂല്യങ്ങൾക്കൊന്നും വിലയില്ലെന്ന് അസ്തിത്വവാദികൾ പറയുന്നതു് ശരിയാണെന്ന് ചിലപ്പോൾ തോന്നാറുണ്ട്. പെൻഷൻ വാങ്ങിയ പോലീസുകാരും പെൻഷൻ വാങ്ങിയ ശിപായിയും തോളോടു തോൾ ചേർന്ന് കാലത്തു തിരുവനന്തപുരത്തെ മ്യൂസിയം റോഡിലൂടെ നടന്നു പോകുന്നതു് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. ആ പാവപ്പെട്ട ശിപായിയെ ഒരു കാലത്തു് ആ പോലീസുകാർ കിടുകിടെ വിറപ്പിച്ചിട്ടുണ്ട്. ഇന്ന് അവർക്കു തമ്മിൽ ഒരു വ്യത്യാസവുമില്ല. അല്ലെങ്കിൽ ജോലിയിലിരിക്കുമ്പോഴത്തെ അവസ്ഥയൊന്ന് ആലോചിച്ചു നോക്കൂ. "ശങ്കരപ്പിള്ളേ" എന്നു വിളിക്കുമ്പോൾ "ഏമാൻ" എന്ന് ഉത്തരം. ഈ ഏമാനും ശങ്കരപ്പിള്ളയും ഒരുമിച്ച് "ടൂർ" പോയി എന്നിരിക്കട്ടെ. അവർ താമസിക്കുന്ന ഡാവലേഴ്സ് ബംഗ്ളാവ് തിപിടിച്ചെന്നും സങ്കല്പിക്കൂ. ശിപായിക്കു രക്ഷപ്പെടണമെങ്കിൽ അതിനകം ബോധശൂന്യനായി വീണു കിടക്കുന്ന യജമാനന്റെ മുഖത്തു ബലമായി ചവിട്ടിക്കൊണ്ടേ സാധിക്കുകയുള്ളു എന്നും വിചാരിക്കൂ. ശിപായി നിശ്ചയമായും ആ യജമാനന്റെ മുഖത്തു ചവിട്ടി അദ്ദേഹത്തിന്റെ പല്ലുകൾ അടർത്തി നെടുപ്പിച്ചുകൊണ്ട് രക്ഷപ്പെട്ടു. അപ്പോൾ തീപിടുത്തത്തിനു മുൻപ് അയാൾ "ഏമാൻ" എന്നു വിളിച്ചതിന് എന്തു് അർത്ഥമിരിക്കുന്നു? അയാൾ കാണിച്ച ഭക്തിക്ക് എന്തു് അർത്ഥമിരിക്കുന്നു? ഇതാണ് ലോകം എല്ലാം കപടം. ഇവിടം നന്നാകണമെങ്കിൽ ഓരോ പ്രവൃത്തിയും ഓരോ വികാരവും ഓരോ വിചാരവും ആർജ്ജവമുള്ളതാകണം. കലയുടെ ലോകവും വിഭിന്നമല്ല. ഓരോ വാക്യം മാത്രമല്ല, ഓരോ വാക്കും യഥാർത്ഥമായ വികാരത്താൽ സ്പന്ദിക്കണം. ജീവിതമെന്നതു് വികാരം തന്നെയാണ്. അതിനാൽ അതു് ജീവിതത്താൽ സ്പന്ദിക്കുന്നുവെന്ന് നാം പറയും. ശ്രീ. കാക്കനാടൻ കലാകൗമുദിയിലെഴുതിയ "പരിചയം" എന്ന ചെറുകഥയിൽ ഈ സ്പന്ദനം ഇല്ല. ഭാര്യയും ഭർത്താവും കുട്ടികളും. അവരുടെ അന്യോന്യബന്ധത്തെ നൂതനമായ രീതിയിൽ കഥാകാരൻ ചിത്രീകരിക്കുന്നു. ഭർത്താവ് ഒരു "ആക്സിഡന്റിൽ" പെട്ട് മരിക്കുന്നു. പക്ഷേ, കളിൻ പ്രതിമയെ സജീവമാക്കുന്ന ആ മന്ത്രികശക്തിയുണ്ടല്ലോ അതു് കാക്കനാടന്റെ കഥയിൽ ഇല്ല. സംഗീതം വേണം ഈ ശക്തിവിശേഷം. ശ്രീ. വി പി. ശിവകുമാറിന്റെ "സാഹിത്യത്തിൽ കഴുതകൾക്കുള്ള സ്ഥാനം" എന്ന കഥയുടെ സ്വന്തം അതാണ്. ഹാസ്യം ഉൽപാദിപ്പിക്കുന്നതിനു പകരം അതു് സവിശേഷമായ മാനസിക നിലയാണ് അനുവാചകന് ഉളവാക്കുന്നതു്. "സവിശേഷമായ മാനസിക നില" എന്നു പറഞ്ഞാൽ വ്യക്തമായില്ല അല്ലേ? ശരിയാണ് ഒരാൾ പറയുന്നതിനു വേണ്ടി ഒരു കഥയെഴുതിയാൽ എന്തു

(ശേഷം 51-ൽ)

ഏകലവ്യൻ

ഒരു വിധത്തിൽ അകത്തു കടന്നുകൂടി, കമ്പിയിൽ തൂങ്ങിനിന്നു. തിക്കും, തിരക്കും ഉന്തും തള്ളും. ശകാരവാക്കുകളും.

തന്റെ ഓട്ടം ആരംഭിച്ചു ഗ്ലാറായി, ലക്ഷ്യമറിയാത്ത ഓട്ടം.

കലക്ടറേറ്റ്: കൂററൻ സൌധം. ജോലിക്കാർ പച്ചുറുമ്പുകളെപ്പോലെ വന്നുകൊണ്ടിരുന്നു. ബസ്സിൽ, കാറിൽ, സൈക്കിളിൽ, കാൽ നടയായി.

പല്ലുകളുള്ള വലുതും ചെറുതും പരസ്പരം ബന്ധപ്പെട്ടതുമായ ആയിരം പൽചക്രങ്ങളുള്ള ഒരു കൂററൻ യന്ത്രമാണ് ഈ ഓഫീസ്. കൃത്യംപത്തിന് അതു ചലിക്കാൻ തുടങ്ങുന്നു.

അന്ന് പതിനഞ്ചു മിനിററു മുമ്പു തന്നെ ഓഫീസിലെത്തി. ഒരു റിട്ടേൺ തിരുവനന്തപുരത്തേക്ക് അയക്കാനുണ്ട്. അർജ്ജൻറാണ്. ഡ്യൂ ടെയിററുമാണ്.

വന്നു കയറുമ്പോൾ അററൻഡർ വാസുപിള്ള തന്റെ മേധാവിയുടെ മേശയും കസേരയും തുടച്ച് വൃത്തിയാക്കുന്നതാണ് കണ്ടതു്.

കണ്ടപ്പോൾ വാസുപിള്ള അറിയിച്ചു.

"പുതിയ സാർ വന്നിട്ടുണ്ട്."

"ഓഹോ"

ആരു് വന്നാലെന്തു്! ഓഫീസർ വരുന്നു, പോകുന്നു. ക്ളാർക്കുമാർ മാററമായി പോകുന്നു, പകരം വരുന്നു. ഇവിടെ വ്യക്തി പ്രശ്നമല്ല. അവർ കേവലം നിഴലുകളാണ്.

ശാശ്വതമായ സത്യം ജോലിയാണ്. അതു് അഭംഗുരമായി തുടരുകൊണ്ടിരിക്കണം.

അലമാര തുറന്നു. ഫയലുകൾ നിറഞ്ഞ ഷേൾഫുകൾ ശ്രദ്ധപ്പെട്ടു. നിരത്തിവെച്ച എൻഗെയ്ജ്ഡ് ഫയലുകൾ. പേരിന്റെ പേജുകൾ നിവർത്തി അന്നത്തെ തിയ്യതിയിൽ കുറിച്ചിട്ട ചെയ്തു തീർക്കേണ്ട അത്യാവശ്യ ജോലികൾ നോക്കി.

പിടിപ്പതു് ജോലിയുണ്ട്. കഴിഞ്ഞ മാസം എൻ. ജി. ഒ. സമരമായിരുന്നു. ജോലിക്ക് ഹാജരായിക്കൂടെന്ന് യൂണിയന്റെ കല്പന. അനുസരിച്ചില്ലെങ്കിൽ കരിമാലിയെന്ന് മുദ്രകുത്തുക. പോയില്ല. വീട്ടിൽ, തന്റെ മുറിയിൽ, കാലത്തിനും ആകാശത്തിനും ശപിച്ചുകൊണ്ട് കഴിഞ്ഞു.

ഒടുവിൽ സമരം പൊളിഞ്ഞു. അതു നാണക്കേട്. കാശുംപോയി അല്ലെങ്കിൽ ജോലി ചെയ്യാത്തതിനു് ആരെങ്കിലും കൂലി തരുമോ? അതു കിട്ടാൻ മററൊരു സമരം നടത്തണമെന്നായി ചിലർ. താൻ വൃത്തിയായ ഭാഷയിൽ സമരക്കാരോട് പറഞ്ഞു.

"ഇനി സമരത്തിനൊന്നും എന്നെ കാക്കണ്ട. ഈ സമരം കഴിഞ്ഞു് കുന്നുകൂട്ടുന്ന ജോലി ചെയ്തു തീർക്കാൻ നിങ്ങൾ വന്ന് സഹായിക്കുമോ?"

ധർമ്മോപദേശം കൊണ്ടു് മററൊരു സമരം

തുടങ്ങിയില്ല. ഫലം, കുന്നുകൂടുന്ന ജോലി, ഊഴം കാത്തു കെട്ടിക്കിടക്കുന്ന അനവധി ഫയലുകൾ. ഇതെല്ലാം എൽ. ഡി. സി. ഉഷ തന്നെ ചെയ്തു തീർക്കണം.

"ഗുഡ്മോർണിങ്ങ് സാർ."

തലയുയർത്തി നോക്കി.

തലേവാണ്.

"ഹലോ ഗുഡ് മോർണിങ്ങ് തലേ."

"അല്ല; ഉച്ചയ്ക്കേ ഇന്ന് നേർത്തെ എത്തിയല്ലോ."

നോക്കിയപ്പോൾ മന്ദഹസിച്ചുകൊണ്ടു പിള്ള കൈയുയർത്തി നമസ്കാരം പറഞ്ഞു.

"എന്തു ചെയ്യാനാ പിള്ളച്ചേട്ടാ. കണ്ടില്ലേ? ഫയലുകൾ."

"കത്തിച്ചു കളയണം ഇതൊക്കെ. കുലിക്കൂട്ട ചോദിച്ചാൽ ലക്ഷത്തിയാണ്" മറുപടി. "കാ, തുടങ്ങി കാലത്തു" തന്നെ വിപ്ലവം. ഇനി ഈ ഹിംസ അഞ്ചു മണിവരെ സഹിച്ചിരിക്കണം.

"എല്ലാവർക്കും നമസ്കാരംണ്ട്ട്ടോ."

ഭസ്മം പൂശി വരുന്ന വാരിയരാണ്. പിള്ള കളിയാക്കി ചോദിച്ചു

"അടുപ്പിലുള്ള ചാരമൊക്കെ ശരീരത്തിൽ പൂശിയോ വാരരെ."

മുറിയിൽ കൂട്ടച്ചിരിയുയർന്നു. വാരരും പിള്ളയും, പഴമയുടെയും പുതുമയുടെയും ഭണ്ഡാരങ്ങൾ.

"വയസ്സന്മാരെ കളിയാക്കിക്കൊ കൂട്ടി. കണ്ടില്ലേ അരി കിലോവിന്നു നാലുറുപ്പിക യായില്ലേ."

"എങ്ങിനെ ആവാതിരിക്കും വാരരെ, വൻകിട ജന്മികളുടെ ഇപ്പോഴത്തെ ഗോഡൗൺ പള്ളികളും അമ്പലങ്ങളുമല്ലേ. പോലീസും പട്ടാളവും കത്തി ഊറക്കാൻ പോകില്ലല്ലോ."

"അററൻഡർ വാസു വന്നറിയിച്ചു.

"ഹെഡ് ക്ളാർക്ക് സാർ ശബ്ദിക്കാതിരിക്കാൻ പറയുന്നു."

"ശബ്ദിക്കാതിരിക്കാൻ ഞങ്ങളൊന്നും ചത്തിട്ടില്ലെന്നു് പറഞ്ഞു വാസൊ." പിള്ള തിരിച്ചടിച്ചു.

അല്ലാ, നമ്മളെന്താ, സ്കൂൾ കുട്ടികളാണോ, മിണ്ടാതിരിക്കാൻ. അതു് നല്ല കൂത്തു്."

"അയ്യോ സാറിന്നു് ആസ്ത്മയാണ്. അതുകൊണ്ടു ശബ്ദം കുറക്കാൻ പറേണതു്."

"അങ്ങിനെ പറ." സംസാരം നിലച്ചു.

ശബ്ദം. ശബ്ദങ്ങൾ. . ഈ ശബ്ദങ്ങളുടെ ലോകത്തിൽ നിന്നു് ആദ്യമായി തനിക്കു് ഒളിച്ചോടണമെന്നുണ്ടു്. ഏതെങ്കിലും കൊടുങ്കാട്ടിൽ; നിതാന്ത നിശബ്ദത ഭരിക്കുന്ന ഏതെങ്കിലുംഗുഹകളിൽ, ശിഷ്ടകാലം തള്ളിനീക്കുക. ഒരു താപസിനിയെപ്പോലെ. ഈ യാന്ത്രികലോകത്തിന്റെ ഒച്ച കേട്ടു ചെവിയടഞ്ഞു.

ഒരു മണിക്കൂർ റിട്ടേൺ തയ്യാറാക്കാനെടുത്തു.

"പിള്ളച്ചേട്ടാ, ഇതൊന്നു വേഗം ടൈപ്പ് ചെയ്തു തരണം. ഇന്നു് ഔട്ടാക്കേണ്ട സാധനമാണ്." മാനുസ്ക്രിപ്റ്റ് പിള്ളയുടെ മേശപ്പുറത്തു് വെച്ചു് പറഞ്ഞു:

"കേട്ടോ ചേട്ടാ പരിഭവം തോന്നരുതു്. പിള്ള ഇന്നു മുതൽ 'ഗോ സ്ലൊ' ആണ്. ഒരിംക്രിമെന്റ് ഇവനാരു് തടഞ്ഞുവെച്ചില്ലെ. അവനാരു് വസ് ധൃതിയുണ്ടെങ്കിൽ ടൈപ്പ് ചെയ്യട്ടെ. അതു് നല്ല കൂത്തു്."

"അതു് പറേല്ലെ പിള്ളെ. പ്ലീസ്."

"ശരി, ഇത്രമാത്രം ഇന്നത്തെ ജോലി. ചേച്ചയെ നിരാകരിക്കുക നാകമോ?"

ഒന്നു പഞ്ചിരിക്കുക മാത്രം ചെയ്തു ആരോടും അധികം സംസാരിക്കില്ല. അടുക്കില്ല. അതിന്റെ ആവശ്യമെന്തു്? എല്ലാററിനും ഒരു കാലം ചിട്ടയും. പെരുമാററത്തിനു് ഒരു പരിധി നിർണ്ണയിച്ചു ഉറപ്പുറിയാൽ കുറയ്ക്കാൻ പററുമൊ? കുറഞ്ഞാൽ കൂട്ടുകയും ചെയ്യാം

ഇനിയേതു് ഫയലാണു് എടുക്കേണ്ടതെന്നു് ഓർക്കുമ്പോൾ തലേന്നാൾ വന്ന ഒരു വൃദ്ധന്റെ ദയനീയമായ രൂപം മനസ്സിൽ നിഴലിച്ചു. യുദ്ധത്തിൽ ഏകമകൻ മരിച്ച ഹതഭാഗ്യനായ വൃദ്ധൻ. മരുമകൾ



ദിച്ചറാണ്". വീട്ടിൽനിന്ന് എത്രയോ അകലെ, അടുത്തേക്ക് മാററത്തിന് അപേക്ഷ കൊടുത്തിട്ടുണ്ട്. അതിന്റെ പുരോഗതി അറിയാൻ പാവം ഇന്നലെ തപ്പിപ്പിടിച്ച് വന്നതാണ്".

"കാരണോര് വിഷമിക്കേണ്ട. പതിനഞ്ച് ദിവസത്തിനുള്ളിൽ ശരിപ്പെടുത്താം"

കിഴവന്റെ കണ്ണുകൾ നിറഞ്ഞു. നെഞ്ചത്ത് കൈവച്ച് വൃദ്ധൻ കെഞ്ചി

"വേറെ മാർഗ്ഗമൊന്നല്ലല്ലോ മക്കളെ. വേറെ ഒരു വരായികയുമില്ല"

"പൊക്കോളൂ. വിഷമിക്കേണ്ടന്ന് പറഞ്ഞില്ലേ?"

"നാളം ഞാൻ വരണോ. ഒരുനേരം വല്ലതും തിന്ന് ബസ്സ്സ്റ്റാണ്ടിലാ അന്തിയുറങ്ങണതു"

"വേണ്ടാന്നെയ്. കാരണോര് നേരിട്ട് നാട്ടിലേക്ക് പൊയ്ക്കോളൂ. മരുമകളെ വീട്ടിന്നടുത്തേക്ക് മാററിത്തന്നാൽ പോരെ"

"അതുമതി. എന്നാൽ പോണി!" കിഴവൻ എല്ലാവരുടെ നേരേയും കൈകൂപ്പി യാത്രയായി. ഈ കപടലോകത്തിന്റെ നേരെ കിഴവന്റെ വിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്. വാരിയർ ഒന്നു വിസ്തരിച്ചു മുറുക്കുന്നതിനിടയിൽ പറഞ്ഞു:

"എന്റെ മോന് പട്ടാളത്തിൽ ചേരാണംന്ന് കലശലായ മോഹം. ഞാൻ പറഞ്ഞു ഹേയ്, ആ പണിക്ക്മാത്രം നീ പോണ്ടാ. കണ്ടോ ആ കിഴവന്റെ ഗതി ഇതാണ് പറയുന്നതു്. ഗോഡ്ഡ് ഈസ് റിമംബേർഡ്ഡ് എററ് ദി ടൈം ഓഫ് ഡിഫിക്കൽട്ട് ററീസ്", ആ സോൾജർ ഈസ് റിമം ബർഡ് എററ്ദിടൈം ഓഫ് വാർ. പിന്നെ രണ്ടിനും മനുഷ്യർ മറക്കും."

ഇല്ല, മറക്കില്ല കിഴവന്റെ ഫയലെടുത്തു ഒരു നോട്ടിംങ്ങ് എഴുതിയുണ്ടാക്കി. അവരുടെ വീട്ടിൽനിന്ന് ഒരു നാഴിക അകലെയുള്ള ഒരു എൽ. പി. സ്കൂളിലേക്ക് അവിടെനിന്നൊരു ജൂനിയറിനെ വേറൊരു വിദ്യാലയത്തിലേയ്ക്കും.

ആരും തടസ്സം പറയില്ല. ജവാന്മാർക്ക് മുൻഗണനയുണ്ട്. ഇതാണെങ്കിൽ യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവയുടെ കേസും ഫയലിൻകീഴേയ്ക്കും റിമാർക്സ്സും ഒന്നും ഉണ്ടാകുകയില്ല.

"സാറിനെ മാധവൻനായർസാർ വിളിക്കുന്നുണ്ട്"

വാസു വന്നുപറഞ്ഞു ഡ്രാഫ്ററ് നോക്കാനാകും. ഒരു ക്ലർക്ക് ഓഫീസർ അടുത്ത് ചീത്തപറഞ്ഞു. വൈകോട്ട് യു ചെക്കപ്പ് ബിഫോർ പുട്ടിംങ്ങ് അപ്പ് ഫയൽസ്? അതിന്ശേഷം പേടിയാണ് തന്നെ കാണിച്ചെ ഫയലുകൾ മുകളിൽ പോകൂ.

ചെന്നു.

ഓ. മൈഗോഡ്! ആ കാഴ്ച കണ്ട് തരിച്ചുപോയി.

ഹെഡ് ക്ളാർക്ക് മാധവൻനായർസാറിന് മിണ്ടാൻപോലും വയ്യ. നെഞ്ചിൻകൂടും പൊന്തുകയും താഴുകയും ചെയ്യുന്നുണ്ടായിരുന്നു. ആ കിതപ്പിനും വിമ്മിഷ്ടത്തിനുമിടയിൽ പാവം ഫയൽ നീട്ടി കാണിച്ച് വളരെ ബുദ്ധിമുട്ടി പറഞ്ഞു.

"ഈ ഡ്രാഫ്ററ് ഒന്ന് നോക്കി തിരുത്തി ടൈപ്പ് ചെയ്യിച്ച് താ കുട്ടീ"

ഒന്നും മിണ്ടാതെ ഫയൽ വാങ്ങി സ്വസ്ഥാനത്തു് വന്നിരുന്നു. ആസ്ത്മയെന്ന രോഗം ഇത്ര ഭീകരമാണൊ? കണ്ടുനില്ക്കുന്നവർ പോലും രോഗികളാകും.

പിള്ള പ്രഖ്യാപനം നടത്തി

"പുതിയ കോൾക്കാരൻ ഗ്രഹസ്ഥനായതെ നേരിട്ട് സന്ദർശിക്കുന്നു. ഏററവും പുതിയ സമ്പ്രദായാണ്."

"ആര്, ആർ. ഡി. ഡി. സാറോ?"

"പിന്നല്ലാതെ. ഒരിന്ത്രപ്രഷൻ വരുത്താനുള്ള ശ്രമമാണ്. എത്രയെണ്ണം വന്നു പോയി. ങ്ങ്ഹും?"

എല്ലാവരും മേശപ്പുറം വൃത്തിയാക്കുന്നതിൽ വ്യാപൃതരായി. ചപ്പും ചവറും തുത്തുവാരി അലമാരകളിൽ നിക്ഷേപിച്ചു രണ്ടോ മൂന്നോ ഫയലുകളും കുറച്ചു ഫയലുകളും മാത്രം പുറത്തെടുത്തുവെച്ചു എഫിഷ്യൻറ് സ്റ്റാഫ്! ഒരു പണിയും കിടക്കുന്നില്ല. ചിരി വരികയാണ്.

ഈ മനുഷ്യൻ പഴയ ഓഫീസറെപ്പോലെയാകുമൊ? കാഴ്ചവച്ച് ചീട്ടുകളിച്ചു കളിച്ചുകൂടിയ പിന്നെ എല്ലാ ആഭാസത്തരങ്ങളും. ആ മനുഷ്യനുണ്ടായിരുന്നു. അതു കണ്ടു സഹിക്കുവയ്യാത്തു് ഭാര്യ കുട്ടികളുമായി വർഷങ്ങളോളം അവരുടെ വീട്ടിൽ താമസിച്ചു. അയാളുടെ ഗുണ്ടാലേക്ക് സ്ത്രീകൾ തനിച്ച് പോകാൻ ഭയപ്പെട്ടു. ഏഴിന്ത്യ ഹോട്ടലും ചെറുപ്പക്കാരിയായ ഒരു ക്ളർക്കിനെ അകത്തേക്ക് ഏതാ കാരണം പറഞ്ഞു വിളിപ്പിച്ചുവത്രെ — പിന്നെ കയറി പിടിച്ചതു് അവരുടെ സാരിയുടെ അററമായിരുന്നു. അവർ നിലവിളിച്ചു പുറത്തേക്ക് ഓടിപോലും! അതു വളരെ ഒച്ചപ്പാടിന് കാരണമായി. തിരുവനന്തപുരം വരെ സംഗതിയെത്തി. ഡയറക്ടർ വിളിപ്പിച്ച് "റിട്ടൺ വാണിങ്ങ്"വരെ കൊടുത്തതിനു ശേഷമാണ് സ്ഥിതി ശാന്തമായതു്.

ഇനി ഈ ഓഫീസർ എങ്ങിനെയുള്ള വ്യക്തിയാണ്: പറയാ? ഒന്നുണ്ടായാലും മതി വരാത്ത വർഗ്ഗങ്ങൾ?

"സാർ ദിസീസ് പോസ്റ്റിംങ്ങ് സെക്ഷൻ."

എല്ലാവരും ശബ്ദം വന്ന സ്ഥലത്തേക്ക് നോക്കി.

പുതിയ ഓഫീസർ കൂടെ ഏ ഈ. ഓ. ഓഫീസ് സൂപ്രണ്ട് ജോർജ് മാത്യും, പിന്നെയും പരിവാരങ്ങൾ.

ഓഫീസർ ആകെ ഒരവലോകനം നടത്തുകയാണ്. മുകളിലും കീഴേയും എല്ലായിടവും.

നാല്പത്തിയഞ്ചിന്നപ്പുറം കടക്കാനിടയില്ല. കണ്ടാൽ അത്രയും തോന്നുകയില്ല. മുടി നരച്ചിട്ടില്ലെന്ന് മാത്രമല്ല, സമൃദ്ധമാ

2

നീന്നു
ഞാനെന്നേ വിളിക്കുന്നു
മന്ദഹാസത്തിന്റെ
പര്യായമാക്കുവാനെന്നേ
കൊതിക്കുന്നു
ജീവന്റെ സംരക്ഷകനാ-
യഭിഷേകം നടത്തുവാ-
നെന്നേ വഴികളൊരുക്കി-
യൊരുങ്ങിയിരിപ്പു ഞാൻ!
മേഘക്കലമാനങ്ങൾ
മേയുന്നൊരീ-
പ്പർവതത്തിൻ തിരുനെററിയിൽ,
പക്ഷികൾ ദേശാടനത്തിന്നു
പോകുന്നവേളയിൽ
വിശ്രമിച്ചിടാനിറങ്ങുമീ-
പ്പർവതത്തിൻ തിരുനെററിയിൽ,
നിർച്ചാലകിളുകൾ
നിത്യം ചുരത്തി,ക്കുരുത്തവൻ-
ചക്രവാളത്തിൻ മുഖ-
ത്തൊളിയസ്വകളെയുന്ന
പർവതത്തിൻ തിരുനെററിയിൽ
ഇടയസംഘമായ്-
ത്തണുത്തകാററുകൾ
മതിമറന്നാടി, യുറക്കെപ്പാടി-
ക്കൊണ്ടലയുമീ. ഗിരിശിരസ്സിന്മേൽ;
കഴുകർതൻ വന്ദ്യപിതാവേ,
നിനക്കൊരമ്പലം
പണിഞ്ഞിരിപ്പു ഞാൻ!
ഈയമ്പലത്ത-
ന്നകത്തളത്തിൽ പ്രതി-
ഷ്ഠിച്ചിരിക്കുന്നു നിൻ വിഗ്രഹം.

മരണത്തിനു ഒരമ്പലം

ജയസൂര്യൻ

(നിൻ തീപ്പൊരിക്കണ്ണിണകൾ
നിൻ, ചെമ്പരുത്തിപ്പൂങ്കവിളുകൾ
നിൻറെ നക്ഷത്രമെരിയുന്ന ചുണ്ടുകൾ,
രക്തപ്പുഴതൻ
തിളക്കമാർന്നുള്ളുനിൻ ഗാത്രം!)
പിൻ മൃത്യുവെ,
പ്രതിഷ്ഠിച്ചു ഞാൻ
രക്തച്ചുവപ്പാർന്ന നിൻറെയീ വിഗ്രഹം.
നിൻ വിഗ്രഹത്തിന്റെ
മുന്നിൽക്കൊളുത്തീ വിളക്കുകൾ.
ചന്ദനസൌരഭം
നല്കും തിരികൾ, നിൻ വിഗ്രഹം
മെല്ലെ പ്രദക്ഷിണംവച്ചു നില്ക്കുന്നു.

* * *

ഓ,
ശവങ്ങൾതൻ മഹാരാജാവേ
കാട്ടുകഴുകിൻ പിതാവേ
നീയെന്റെ ദൈവമായ്
ഈയമ്പലത്തിൽ വന്നെത്തുക!
ഭക്തനാ മെന്നെ നീ
ആശീർവ്വദിക്കുക!

(അവസാനിച്ചു) □

തി വളർന്നിട്ടില്ലാത്ത ചുരുണ്ട മുടി. ഒരു കറുത്ത കണ്ണട ധരിച്ചിട്ടുണ്ട്. വിലകൂടിയ പാൻറും സ്ലാക്കുമാണ് വേഷം.

"ഹെഡ്ഡ് ക്ളാർക്ക്, മാധവൻ നായർ."

സുപ്രണ്ട് പരിചയപ്പെടുത്തുകയാണ്.

"എന്താണ് ഇയ്യാൾക്ക്—"

"ആസ്ത്മയുടെ അററാക്ക് ആണ് സാർ."

"അപ്പോൾ ജോലി —."

സുപ്രണ്ട് തല ചൊറിഞ്ഞുകൊണ്ട് പറഞ്ഞു.

"ചെയ്യും ചെയ്യിപ്പിച്ചും കഴിയുന്നു സാർ. അഞ്ചെട്ട് കുട്ടികളുള്ള മനുഷ്യനാണ്."

"നോ പ്രവർത്തി എടുക്കാൻ വയ്യെങ്കിൽ വീട്ടിൽ പോയി വിശ്രമിക്കട്ടെ, പ്രിമേച്ചർ റിട്ടയർമെന്റ്!"

ഒടുവിലത്തെ വാക്ക് കേട്ട് ഓഫീസ് ഞെട്ടി. എല്ലാവരും പരസ്പരം നോക്കി. സാധനം മോശമില്ലല്ലോയെന്ന മട്ടിൽ.

അദ്ദേഹം ഓരോരൊ ക്ളാർക്കിന്റെ അടുത്തേയ്ക്ക് നീങ്ങിക്കൊണ്ടിരുന്നു. ഗൗരവം നിറഞ്ഞ മുഖം അളന്ന് മുറിച്ചെടുത്ത വാക്കുകൾ.

"യുവർ നെയിം?"

"ടൈപ്പിസ്റ്റ് രാഘവൻപിള്ള."

"എത്രകൊല്ലമായിവിടെ?"

"അഞ്ചുകൊല്ലമായി"

അയാൾ പിള്ളയുടെ നേരെ തറച്ചുനോക്കി. ഓഫീസറുടെ നേരെ ഇങ്ങിനെയാണൊ സംസാരിക്കുകയെന്നമട്ടിൽ. തന്റെ ഡെപ്യൂട്ടിയുടെ നേരെതിരിഞ്ഞ് കല്പിച്ചു.

"ട്രാൻസ്ഫർ ഹിം. ഓക്കെ?"

"സാർ."

"നിങ്ങളുടെ പേര്?"

"എൽ. ഡി. സി. രഘുനന്ദനൻപിള്ള."

"അടുത്താഴ്ച ഇയ്യാൾടെ കല്യാണമാണ് സാർ."

സുപ്രണ്ട് ഓഫീസറുടെ പ്രീതി സമ്പാദിക്കുകയാണ്. കാക്കപിടുത്തം."

ഓഫീസർ മന്ദസ്മിതം തൂകി തലകുലുക്കി.

"വാട്ടീസ് യുവർ നെയിം?"

"എന്റെ പേർ വാരിയർ എന്നാണ്." സാർ.

കൃഷ്ണവാരിയർ. "പഴയ കൊച്ചി രാജ്യത്തെ പ്രധാനമന്ത്രിയായിരുന്ന ഇക്കണ്ടവാരിയരുടെ—" അതു് മുഴുവൻ കേൾക്കാനിഷ്ടമില്ലാത്തമട്ടിൽ തല കുലുക്കിക്കൊണ്ടു തന്റെ നേരെ തിരിഞ്ഞു. താൻ കൈകൂപ്പിക്കൊണ്ട് പറഞ്ഞു.

"മിസ് ഉഷാ മേനോൻ."

"സർവ്വീസ്?"

"എട്ടുകൊല്ലമായി സാർ."

"ഈ ഓഫീസിലെ—?"

"നാലുകൊല്ലമാകാൻ പോകുന്നു" അദ്ദേഹം അർത്ഥവത്തായി മൂളി.

സുപ്രണ്ട് ഇടയിൽ കയറി പറഞ്ഞു.

"പ്രമോഷനു് ഡ്യൂ ആണ് സാർ"

ഓഫീസറും പരിവാരങ്ങളും അടുത്ത മുറിയിലേയ്ക്ക് കടന്നുപോയപ്പോൾ പിള്ള ചൊടിച്ചുകൊണ്ട് പറഞ്ഞു.

"എന്നെ ട്രാൻസ്ഫർ ചെയ്യിപ്പിക്കട്ടെ, ഇയ്യാളുടെ കയ്യിലല്ലെ സുപ്രീം പവർ! വർത്തമാനം പറയുമ്പോൾ ഹിററ്ലറുടെ ഗമയാണ്. പോകാൻ പറയട്ടെ"

"തന്റെ ചരിത്രം ആ സുപ്രണ്ട് പറഞ്ഞുകാണും."

"അവന്റെമ്മടെ ഉലക്ക!

പോകാൻ പറയട്ടെ രഘു, ഇവന്മാരെയൊക്കെ. ഒരു പനിഷ്മെന്റ് ട്രാൻസ്ഫർ തന്നാലൊന്നും ഈ പിള്ളയ്ക്ക് ഉലയ്ക്കയാണ്." പിള്ള അമർഷത്തോടെ തീപ്പെട്ടിക്കൊള്ളിയുരസി ഒരു ബീഡിയ്ക്ക് തീ കൊളുത്തി.

"അതാ നമ്മുടെ എച്ച്. സി. കരയുന്നു."

എല്ലാവരും ഹെഡ് ക്ളാർക്കിന്റെ ചുററുംകൂടി. പിള്ള സ്വാന്തനപ്പെടുത്തി.

സി. പി. രാമസ്വാമി അയ്യരുടെ ഭരണമൊന്നുമല്ല സാറെ. നാട്ടുകടത്താനും വധിയ്ക്കാനും. ഇവന്മാരുടെ മുതുമുത്തച്ഛൻ ഒരു ത്തൻ ഡല്ലീല്ണ്ട്. സുപ്രീം കോടതി. ഏതു്? സുപ്രീം കോടതിതന്നെ. ഈ മനുഷ്യൻ തീക്കനലിന്റെ അരികിലൂടെ അരിച്ചുപോകുന്ന ഒരെറുമ്പ്. പൂവ്വാൻ പറേന്നെ. എന്നെ ട്രാൻസ്ഫർ ചെയ്യിപ്പിക്കും. ഹെഡ്ക്ളാർക്ക് സാറിനെ നിർബ്ബന്ധമായി പെൻഷനിലയയ്ക്കും: ഒരു ചുക്കും ചെയ്യില്ല സാറെ."

കുറെ കഴിഞ്ഞപ്പോൾ കോലാഹലം കെട്ടടങ്ങി.

(തുടരും)

—o—



കേശവദേവിന്റെ പ്രസിദ്ധമായ ഒരു നോവലാണ് ഭ്രാന്താലയം. രണ്ടാം ലോകമഹായുദ്ധത്തിന്റെ ആരംഭം മുതൽ ഇന്ത്യാവിഭജനവും തുടർന്നുണ്ടായ ഹിന്ദു മുസ്ളീം ലഹളകളുംവരെയുള്ള സംഭവങ്ങൾ നടന്ന കാലഘട്ടമാണ് ഈ നോവലിലെ പശ്ചാത്തലം. നീലകണ്ഠപ്പിള്ളയുടെ ചായക്കടയിൽവെച്ച് യുദ്ധവർത്തമാനം ചൂടോടെ വായിച്ച് ചർച്ചചെയ്യുന്ന ഒരു നാടൻ സദസ്സിന്റെ ചിത്രവുമായാണ് നോവൽ ആരംഭിയ്ക്കുന്നത്. യുദ്ധത്തിൽ ഇംഗ്ളീഷുകാർ ജയിയ്ക്കുമോ ഹിററ്ലർ ജയിയ്ക്കുമോ എന്നതാണ് അവരുടെ പ്രധാന ചർച്ചാവിഷയം. ചായക്കടക്കാരൻ നീലകണ്ഠപ്പിള്ളയും പത്രവായനക്കാരനായ അബ്ദുവും. ഹിററ്ലർ ജയിയ്ക്കുമെന്നും ജയിയ്ക്കുന്നതെന്നും ഉള്ള പക്ഷക്കാരായിരുന്നു. ഹിററ്ലർ അടിച്ചുകയറുന്ന വാർത്ത വായിയ്ക്കുമ്പോൾ അബ്ദു പറയുമായിരുന്നു: "അവൻ ചൊണയുള്ളവനാ. അവൻ പടച്ചവന്റെ അനുഗ്രഹമൊള്ളവനാ. അവൻ ഇസ്ളാമാ?" എന്ന്.

യുദ്ധം തുടങ്ങി അല്പകാലം കഴിഞ്ഞശേഷമാണ് അബ്ദു നീലകണ്ഠപിള്ളയുടെ ചായക്കടയിലെ പത്രവായനക്കാരനായതെന്ന് ഗ്രന്ഥകാരൻ സൂചിപ്പിയ്ക്കുന്നുണ്ട്. യുദ്ധം നിമിത്തം കപ്പൽ ഗതാഗതത്തിന് സാദ്ധ്യമല്ലാതെ വരികയാലോ മററോ കയറിന്റെയും ചെമ്പിൻ പരിപ്പിന്റേയും വില അപ്രതീക്ഷിതമായി ഇടിഞ്ഞുപോയതിന്റെ ഫലമായിട്ടാണ് ഉമ്മർകുട്ടി മുതലാളിയുടെ തകർച്ചയെന്നും അങ്ങനെ തകർന്ന ഉമ്മർകുട്ടി മുതലാളി, വീട്ടും പുരയിടവുംകൂടി ലേലത്തിൽ വില്ക്കപ്പെട്ടശേഷം, ഒരു ചെററക്കടിലിലേയ്ക്കു താമസം മാററി നാലാം ദിവസം മരിയ്ക്കുകയും തുടർന്നു അമ്പതാം ദിവസം ഉമ്മർകുട്ടി മുതലാളിയുടെ കെട്ടിയോളും മരിയ്ക്കുകയും ചെയ്ത ശേഷം ഏകനായിത്തീർന്ന അബ്ദുവെ ഔസേപ്പ് കൂടെക്കൊണ്ടുപോയി നീലകണ്ഠപ്പിള്ളയുടെ ചായപ്പീടികയിൽ പരിചയപ്പെടുത്തിയ ശേഷമാണ് അബ്ദു അവിടെ നിത്യസന്ദർശകനും പത്രവായനക്കാരനും ആയതെന്നും നോവലിൽനിന്നു മനസ്സിലാവും. അബ്ദു ചായക്കടയിൽ നിത്യസന്ദർശകനായ ശേഷമാണ് പ്രസിദ്ധമായ "ക്വിററിന്ത്യാ" സമരം ആരംഭിച്ചതെന്നു. നോവലിസ്റ്റ് പറയുന്നുണ്ട്. അപ്പോൾ യുദ്ധം ആരംഭിച്ച 1939 നും ക്വിററിന്ത്യാ സമരം തുടങ്ങിയ 1942നും ഇടയിലാണ് ഉമ്മർകുട്ടി മുതലാളിയുടെ വ്യാപാരം തകർന്നതും അദ്ദേഹവും ഭാര്യയും ചെററക്കടിലിലേയ്ക്കു താമസം മാററി മരിച്ചതും അബ്ദു ഏകാകിയായിത്തീർന്നതും എന്ന് വ്യക്തമാണ്.

രണ്ടാംലോകമഹായുദ്ധത്തോടു ബന്ധപ്പെട്ടുത്തിക്കൊണ്ടുതന്നെയാണ് ശ്രീ: ദേവ് കർഷകത്തൊഴിലാളികളായ മമ്മതു്. കിട്ടൻ എന്നിവരുടെ കഥയും പറയുന്നതു്. തങ്ങൾക്കുണ്ടായ കുട്ടികൾ രണ്ടും മരിച്ചുപോയതിൽ പരസ്പരം കുററപ്പെടുത്തിക്

ദേവിന്റെ ഭ്രാന്താലയത്തിലെ കരടുകൾ

—എ. പി. പി. നമ്പൂതിരി

ഴിഞ്ഞുകൂടിയ മമ്മതിനെയും പാഞ്ചുമ്മയെയും അവതരിപ്പിച്ചശേഷം ഗ്രന്ഥകാരൻ എഴുതുകയാണ്:

"അങ്ങനെയിരിക്കുമ്പോൾ യുദ്ധം തുടങ്ങി. ഭക്ഷണസാധനങ്ങൾക്കു അമിതമായ വില വർദ്ധിച്ചു. അമിതവില കൊടുത്താൽ പോലും ഭക്ഷണസാധനങ്ങൾ കിട്ടാൻ പ്രയാസവുമായി. തന്നിമിത്തം ജന്മികൾ പാട്ടത്തിനുകൊടുത്തിരുന്ന കൃഷിസ്ഥലങ്ങൾ ഒഴിപ്പിച്ചു് നേരിട്ടു കൃഷി തുടങ്ങി. അതോടുകൂടി മമ്മതിന്റെ കൈവശമുണ്ടായിരുന്ന നിലങ്ങളും പുരയിടങ്ങളും ഉടമസ്ഥന്മാർക്കു വിട്ടുകൊടുക്കേണ്ടതായി വന്നു. അയാളുടെ കൃഷിയും അവസാനിച്ചു.

മമ്മതിന് കൃഷിയില്ലാത്തതിനാൽ അ

യാളേക്കാൾ വ്യസനം കിട്ടനായിരുന്നു. കിട്ടനാണ് അയാളുടെ കൃഷിപ്പണി നടത്തിക്കൊണ്ടിരുന്നത്."

ഇങ്ങനെ കൃഷിഭൂമി നഷ്ടപ്പെട്ട മമ്മതും കൃഷിജോലി നഷ്ടപ്പെട്ട കിട്ടനും കൂട്ടായി കാലിച്ചാക്കു കച്ചവടം തുടങ്ങി എന്നും അങ്ങനെ ജീവിതം പുനഃസംഘടിപ്പിക്കപ്പെട്ടതിനു ശേഷമാണ് മമ്മതിന്റെ ഭാര്യ മൂന്നാമത്തെ കുഞ്ഞിനേയും കിട്ടന്റെ ഭാര്യ ഒന്നാമത്തെ കുഞ്ഞിനേയും പ്രസവിച്ചതെന്നും ദേവു് പറയുന്നുണ്ട് അതായതു് 1939-ൽ യുദ്ധം ആരംഭിച്ചതിനുശേഷം പിറന്നവരാണ് മമ്മതിന്റെ മകളായ ജമീലയും കിട്ടന്റെ മകളായ തത്തയും. ഇവർക്കു 1942 ആകുമ്പോഴേക്കു് കൂടിയതു മൂന്നു വയസ്സു പ്രായമാവും. പക്ഷേ 1942നുമുമ്പ് ഉമ്മാകുട്ടി മുതലാളി, വ്യാപാരം തകർന്ന്, അയൽപക്കത്തെ ചെററക്കടിലിൽ താമസിക്കാൻ വന്ന അവസരത്തിൽ പാത്തുമ്മയും മക്കളും പ്രതികരിച്ചതെങ്ങനെ എന്നു വിവരിക്കുമ്പോൾ, ജമീലയും തത്തയും ഈ പ്രായമൊന്നുമല്ല ഗ്രന്ഥകാരൻ കല്പിച്ചതു്. ദേവു് എഴുതുകയാണ്:

"ഉമ്മുകുട്ടി മുതലാളിയും കെട്ടിയവളും വടക്കേ പറമ്പിലെ ചെററക്കടിലിൽ താമസിക്കാൻ വന്ന ദിവസം പുതുതായിവന്ന അയൽക്കാരെ സ്വീകരിക്കാൻ പാത്തുമ്മ അവിടെ ചെന്നിരുന്നു. ജമീലയും തത്തയും വടക്കേ വേലിയുടെ അരികെ ചെന്ന് എത്തിനോക്കിയതേയുള്ളു. ജമീല തത്തയോടു പറഞ്ഞു: "നമുക്കു പോകാം തത്തേ" തത്ത ദുഃഖസ്വരത്തിൽ പറഞ്ഞു: "ഞാൻ വരുന്നില്ല. ജമീലക്കു വേണമെങ്കിൽ പൊക്കോ."

"അതെന്താ തത്തേ വരാത്തതു്?"

"ഞാൻ വരത്തില്ല ജമീലാ. പടച്ചവൻ ശപിച്ചതാ അവരെ." മൂന്നു വയസ്സുള്ള പെൺകുട്ടികൾ ഇങ്ങനെയൊന്നും സംഭാഷണം നടത്തിയില്ലെന്നു വരുമോ?

1947 ലാണല്ലോ ഇന്ത്യ വിഭജിക്കപ്പെട്ടതു്. അതിനെത്തുടർന്നാണ് അബ്ദു ഇസ്ലാമിന്റെ രാജ്യമായ പാക്കിസ്ഥാനിലേക്കു പുറപ്പെടാനുള്ള തീരുമാനിച്ചതു്. അതിനു മുമ്പുതന്നെ അയാൾ ജമീലയുമായി പ്രണയത്തിലായിക്കഴിഞ്ഞിരുന്നു. തന്റെ കാമുകിയായ ജമീലയെപ്പററി അബ്ദു ചിന്തിക്കുകയാണ്:

"ജമീല സുന്ദരിയാണ്. അവളുടെ സൌന്ദര്യത്തിനു് മാദകത്വമുണ്ട്. അഴിച്ചിട്ടാൽ ഓളം തല്ലുന്ന മുടിയും ഉയർന്ന മാർവ്വിടവും വിശാലമായ കണ്ണുകളും ചുവന്നതുടുത്ത കീഴ്ചുണ്ടും കടഞ്ഞെടുത്തതുപോലുള്ള ശരീരവും എല്ലാംകൂടെ പുരുഷന്മാരിൽ വർപ്പുമുട്ടുന്ന സൌന്ദര്യമാണ് അവർക്കുള്ളതു്."

1947 ൽ ജമീലയുടെ പ്രായം എട്ടുവയസ്സാണ്. എട്ടു വയസ്സായ കുട്ടിക്കു് മാദകമായ സൌന്ദര്യവും അഴിച്ചിട്ടാൽ ഓളം തല്ലുന്ന തലമുടിയും ഉയർന്ന മാർവ്വിടവും ദേവു് കൽപ്പിച്ചതു്. 1939-ൽ തുടങ്ങിയ യുദ്ധത്തിനു ശേഷമാണ് ജമീലയും തത്തയും പിറന്നതെന്നു് താൻ വ്യക്തമായി പറഞ്ഞതു് ദേവു് മറന്നു അശ്രദ്ധകൊണ്ടു പററുന്ന പാകപ്പിഴയ്ക്കു നല്ലൊരു ദാഹരണമായി ഇതു വർത്തിക്കുന്നു.

—o—

വിശദീകരണം

പോയ കാര്യം ഒരുദിവസം നേരത്തെ സാധിച്ചുവെന്നും വ്യാഴാഴ്ച വീട്ടിൽ തിരിച്ചെത്തുമെന്നും ഭർത്താവു് ഭാര്യക്കു് കമ്പിയടിച്ചു. ആശാൻ മടങ്ങിവന്നപ്പോൾ കണ്ടതു് ബെഡ്റൂമിൽ വേറൊരാളുമൊത്തു് ഉല്ലസിക്കുന്ന ഭാര്യയെയാണ്. കുപിതനായ അയാൾ വീട്ടു് വിട്ടിറങ്ങി. വഴിക്കു് ഭാര്യയുടെ അമ്മയെ കണ്ടപ്പോൾ വിവരം പറഞ്ഞു. പിറേറന്നു് വിവാഹമോചനത്തിനു് കേസ്സ് കൊടുക്കുകയാണെന്നും ഉദ്ഘോഷിച്ചു

സംഗതി വിശദീകരിക്കാൻ എന്റെ മോൾക്കു് ഒരവസരം കൊടുക്കൂ—ആയമ്മ പറഞ്ഞു.

പാവി മനസ്സോടെ ഭർത്താവു് സമ്മതിച്ചു

ഒരു മണിക്കൂറിനുശേഷം അമ്മായി അമ്മ അമാളെ ക്ഷുബ്ധിൽ കൂട്ടിക്കൊണ്ടു വന്നു:

കുഞ്ഞാ, എന്റെ മോൾക്കു് ഒരു വിശദീകരണമുണ്ടായിരിക്കുമെന്നു് എനിക്കു പ്രത്യയിരുന്നു— അവർ വിജയഭാവത്തിൽ പറഞ്ഞു.

എന്താണ് വിശദീകരണം?

അവൾക്കു് നിങ്ങളുടെ കമ്പികിട്ടിയില്ല!

പ്രൊ: എം. അച്യുതൻ



അറബിക്കഥകളിലൂടെ ഒരു ഗവേഷണ പര്യടനം

രണ്ടു്

സന്മാർഗ്ഗബോധത്തിനും സദാചാരത്തിനും അരോചകമായി തോന്നാവുന്ന അശ്ലീല കല്പനകളും വർണ്ണനകളും അറബിക്കഥകളിൽ പലതിലുമുണ്ട്. നിരാവരണമായ ലൈംഗികകേളീവർണ്ണനങ്ങൾ വിരളമല്ല. അവിടെയൊക്കെ ഭാഷകൊണ്ടുള്ള കളിയിലും പരിഹസിപ്പിക്കയാണുള്ള പ്രവണതയിലുമാണ്, വാസ്തവത്തിനു അശയത്തിലല്ല. അശ്ലീലത്തെ ഹോരസ്, വെർജിൻ ചോസർ, ബൊക്കാച്ചിയോ തുടങ്ങിയവരുടെ കൃതികളിലും അശ്ലീലതയുണ്ട്. പക്ഷേ, അവയിൽ ഭാഷ—സംസ്കൃതത്തിലെന്നപോലെതന്നെ, അശ്ലീല പ്രതീതിയെ കുറച്ചു പിടിക്കാൻ നോക്കുമ്പോൾ അറബിക്കഥാകാരന്മാർ ഭാഷകൊണ്ടു് കൂടുതൽ അശ്ലീല പ്രതീതി ജനിപ്പിക്കുന്നു എന്നതാണ് കുഴപ്പം. അറബിക്കഥയിലെ അശ്ലീലതയേയും അസഭ്യതകളേയും കുറിച്ചു പരാതിപ്പെടുന്നവരോടു്, തന്റെ നിഘണ്ടുവിൽ ചില അസഭ്യശബ്ദങ്ങൾ ഉൾപ്പെടുത്തിയതിൽ ആക്ഷേപം ബോധിപ്പിച്ചു. സ്ത്രീയോടു് "മാസം അവസ്ഥ വേണ്ടിയായിരിക്കും നോക്കിയതു്?" എന്നിങ്ങനെ ഡോക്ടർ ജോൺസൻ നൽകിയ മറുപടിയാണ് അർഹിക്കുന്നതെന്നു് ബർട്ടൻ ഒരു ഉദ്ദേശ്യലാഘവത്തോടെ പറയുന്നതിനോടു് യോജിക്കാനാകില്ല. ചില കഥകളിൽ പുരുഷന്മാരിലും സ്ത്രീകളിലുള്ള സ്വവർഗ്ഗരതിഭാവത്തെ വിഷയമാക്കുന്നുണ്ട്. സ്വവർഗ്ഗരതിഭാവം ലോകവ്യാപകമായ പ്രവണതയാണെന്നു് ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. മദ്ധ്യേഷ്യയിലതു പ്രബലമായിരുന്നു. ഖുറാനിൽ ലൂത്തിന്റെ കഥയിൽ ഇതു നിഷിദ്ധമാണെന്നു് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും, ജനങ്ങൾ ആ നിരോധനം പൂർണ്ണമായും ചെവിക്കൊണ്ടിരുന്നില്ലെന്നു തോന്നുന്നു, ഭാര്യമാരുടേയും വെപ്പാട്ടിമാരുടേയും സീമയിൽ നിന്നു് പുറത്തു പോയുള്ള സ്ത്രീ സമ്പർക്കമേ വ്യഭിചാരമാകുന്നുള്ളു. അതു് വിലക്കപ്പെട്ടതാണ്. കറുപ്പു തീററയും മദ്യപാനവും സംഗീതനൃത്താദികളും മററും ഇതുപോലെ തന്നെ നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ജനത കുഴപ്പൻ വഴിപ്പെട്ടിട്ടില്ല. അവർ പേഴ്സ്യൻ പാരമ്പര്യമാണ് തുടർന്നതു്. "വീഞ്ഞു കുടിച്ചു ലെന്തു്? അതു മുന്തിരിയുടെ രക്തമാണ് നിങ്ങളുടെ രക്തമല്ല അതു ഉപദ്രവകരമല്ല, കുററവുമല്ല. കുടിക്കാണെങ്കിൽത്തന്നെ, കുററമില്ലത്തവർ അതാണ് എന്നു ചോദിച്ച ഹാഫിസിന്റെ അനുയായികൾ കുറവല്ലായിരുന്നു അറബിക്കഥ പോലുള്ള ബഹുജനസാഹിത്യം സാമാന്യജനതയുടെയിൽ നിലനിന്നിരുന്ന സന്മാർഗ്ഗബോധവും ജീവിതാദർശങ്ങളിൽ വേരോടിയ തത്വങ്ങളുമാണ്. മഹനീയങ്ങളായ മതാദർശങ്ങളല്ല ഉൾക്കൊള്ളുന്നതെന്നും അറബി

ക്കഥകളിൽ പലതും ഇന്നത്തെ രൂപത്തിലാക്കിയപ്പോൾ മതാദർശമനുസരിച്ച് എഡിററു ചെയ്യപ്പെട്ടിട്ടുണ്ടെന്നും റൂബൻലെവി പ്രസ്താവിക്കുന്നു. എഡിററു ചെയ്യപ്പെട്ടതു കൊണ്ട് പല കഥകളും മതാദർശാനുസാരമായിത്തീർന്നിട്ടുണ്ട്. എങ്കിലും ആദർശാനുസാരം കാവ്യനീതി പാലിച്ചിട്ടില്ലാത്ത കഥകൾ വിരളമല്ല. മാർഗ്ഗശുദ്ധിയില്ലാതെ ധനമാർജ്ജിക്കുക, കരുത്തനായ്ക, അധികാരദുർവിനിയോഗം ചെയ്യുക തുടങ്ങിയ പ്രവണതകളെ ചില കഥകളിൽ വെറുതെ വിടുന്നതു കാണാം. ദുർമ്മാർഗ്ഗാചാരികൾ ശിക്ഷിക്കപ്പെടാതെയും പോകുന്നുണ്ട്. ഊന്നി വിമർശിക്കേണ്ടതിനേയോ ശിക്ഷിക്കേണ്ടതിനേയോ കഥാകാരന്മാർ വിഗണിക്കുന്നു. ഈ വ്യാമിശ്രസ്വഭാവമുള്ളതുകൊണ്ടാണ് അറബിക്കഥകളുടെ കാര്യത്തിൽ മതപിത്തുകളായ പണ്ഡിതന്മാർ വലിയ താല്പര്യമൊന്നും കാണിച്ചിട്ടാത്തതെന്നാണ് ലെവിയുടെ അഭിപ്രായം—.(14)

അറബിക്കഥകളുടെ ഉത്ഭവം എങ്ങനെയാണ്? ഏതുകാലത്താണവ രൂപമെടുത്തത്? — ഈ അന്വേഷണത്തിലേക്കു പ്രവേശിക്കുമ്പോൾ ഇസ്ലാമിന്റെ ആദ്യകാല ചരിത്രത്തിൽ ഒരു സംക്ഷിപ്തരേഖ അനിവാര്യമാകുന്നു.

A D 632 ൽ പ്രവാചകന്റെ ദേഹവിയോഗത്തിനുശേഷം മതത്തിന്റേയും രാഷ്ട്രത്തിന്റേയും പരമാധികാരപദവിയിൽ ഖലീഫമാരുടെ വാഴ്ച തുടങ്ങി. പ്രവാചകന്റെ ശത്രുവായ അബൂബക്കറുടേയും, തുടർന്ന് ഉമറിന്റേയും ഉസ്മാന്റേയും കാലത്തിനുശേഷം, പ്രവാചകന്റെ ജാമാതാവായ അലിയുടെ ആരോഹണം ചെയ്ത സിറിയയിലെ ഗവർണ്ണറും ഉമയ്യദ് പരമ്പരക്കാരനുമായ മുആവിയയുടെ പ്രാഭവം അലിയെ പരാജിതനാക്കി. ഇരുവരും തമ്മിലുള്ള മത്സരം അലിയുടെ പക്ഷക്കാരായ ഷിയാവിഭാഗത്തിന്റേയും മുആവിയാ പക്ഷമായ സുന്നിവിഭാഗത്തിന്റേയും ഉത്ഭവത്തിനു കാരണമായി. മുസ്ലീം ജനതയെ 750 ാം മാണ്ടുവരെ അടക്കി ഭരിച്ചത് ഉമയ്യദ്വംശക്കാരായ ഖലീഫമാരാണ്. മുആവിയായിൽ തുടങ്ങിയ ഉമയ്യദ് ഖലീഫാമാരുടെ കാലത്താണ് തലസ്ഥാനം മദീനയിൽനിന്ന് സിറിയയിലെ ഡമസ്കസ്സിലേക്കു മാററിയത്. A. D. 750 ാംമാണ്ടായപ്പോഴേക്കും അറബി സാമ്രാജ്യം അതിവിസ്തൃതമായി. മദ്ധ്യേഷ്യയിലെ ക്രൈസ്തവലോകം മുന്നിലൊന്നായി ക്ഷയിക്കുകയും ചെയ്തു.

ഉമയ്യദ് ഖലീഫമാർ അറബികളല്ലാത്ത മുസ്ലീങ്ങളെ അന്യത്വത്തോടെ വീക്ഷിച്ചു. ഇതു് അലിയുടെ ഷിയാകക്ഷിയോട് പേഴ്സ്യൻ മുസ്ലീങ്ങൾക്കും മററും കൂറുണ്ടാവാൻ ഹേതുവായി. പ്രവാചകന്റെ പിതൃസഹോദരനായ അബ്ബാസിന്റെ പ്രപൗത്രനായ അബു അൽ അബ്ബാസ് പാലസ്തീനിൽ വിപ്ലവം സൃഷ്ടിക്കുകയും 750 ൽ ഉമയ്യദ് വംശത്തിലെ അവസാനത്തെ ഖലീഫയായ മെർവാനെ നിഗ്രഹിച്ച് അബ്ബാസിസ് യുഗത്തിന്റെ തുടക്കം കുറിച്ചു. അൻ മൻസൂറിന്റെ കാലത്ത് തലസ്ഥാനം ബാഗ്ദാദിലേക്കു മാററി. അബ്ബാസിസ് ഭരണം 11-ാം ശതകത്തിന്റെ മദ്ധ്യംവരെ തുടർന്നുനിന്നു. 786 തൊട്ട് 808 വരെ ഭരിച്ച 5 ാമനായ ഹാരൂൺ അൽ റഷീദിന്റെ കാലമാണ് അബ്ബാസിസ് കാലങ്ങളിലെ സുവർണ്ണ യുഗം; ഇദ്ദേഹം സിന്ധ്, ബലൂചിസ്ഥാൻ, അഫ്ഘാനിസ്ഥാൻ ടർക്കി, പേർഷ്യാ, മെസപ്പെട്ടോമിയ, സിറിയ, പാലസ്തീൻ, ഈജിപ്ത്, ഉത്തര ആഫ്രിക്ക തുടങ്ങി സിന്ധുനദിമുതൽ അറ്റ്ലാന്റിക്ക് സമുദ്രതീരംവരെ വ്യാപിച്ചിരുന്ന വിശാലമായ രാജ്യത്തിന്റെ ആധിപത്യം വഹിച്ചിരുന്നു ഹാരൂൺ അൻ റഷീദ് ഫ്രാൻസിലെ ഷാർ മെയ്ൻ ചക്രവർത്തിയുടെ സമകാലീനനും തുല്യ പ്രഭാവനുമായിരുന്നു. കിഴക്കൻ ദേശത്തെ ഷാർ മെയ്ൻ എന്നാണദ്ദേഹത്തെ ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത്. ഷാർ മെയ്ന്റെ സദസ്സിലേക്ക് അംബാസിഡറെ അയയ്ക്കുകയും ഒപ്പിലാകെ സംസാരവിഷയമാകുംവണ്ണം ആനയെ സമ്മാനമായി അയച്ചുകൊടുക്കുകയും ചെയ്തവരത്രെ. വിജ്ഞാന പ്രേമിയും കലാരസികനുമായ റഷീദിന്റെ കാലത്ത് അറബിഭാഷയിലെ വൈജ്ഞാനിക സാഹിത്യത്തിനുണ്ടായ വികാസം അനല്പമാണ് സാംസ്കാരികമായ ഈ വളർച്ചയ്ക്ക്

(14) Ruban Levy- The Social Structure of Islam-P.231-233.

പേർഷ്യയേയും ഗ്രീസിനേയും ആശ്രയിച്ചിട്ടുണ്ട്. റഷീദിന്റെ അനന്തരാവകാശിയായി വാണ അൽമാമൂനും വിജ്ഞാനകുതുകിയായിരുന്നു. ജ്യോതിഷം, ഗണിതം, നിയമം, തുടങ്ങിയ ശാസ്ത്രങ്ങളിലും സാഹിത്യത്തിലും വിവിധ ഭാഷകളിലെ കൃതികൾ വിവർത്തനം ചെയ്യിച്ച് അറബി സംസ്കാരത്തെ പരിപോഷിപ്പിക്കുന്നതിനുമാമൂൻ ഉണർവ്വോടെ പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യയിലെ ദശാംശപദ്ധതിയും കഥാസമ്പത്തും അറബിയിലെത്തിയതു് ഈ കാലഘട്ടത്തിലാണ്. ഗദ്യത്തിന്റെ വികാസം മന്ദഗതിയിലായിരുന്നു. കവിതയ്ക്കായിരുന്നു ആധിപത്യം. അബ്ബാസിസ് ഭരണകാലത്തിന്റെ പതനത്തിനു വഴിവെച്ചതു് സൈന്യശേഖരത്തിലുണ്ടായിരുന്ന തുർക്കികളുടെ അധികാരതൃഷ്ണയായിരുന്നു. 1055 ആയപ്പോഴേക്കും തുർക്കികൾ ബാഗ്ദാദ് കൈവശമാക്കി. 13-ാം നൂററാണ്ടോടെ വിസ്തൃതമായ അറബി സാമ്രാജ്യം അവർക്കധീനമായി. ഖലീഫമാരുടെ അധികാരം നാമമാത്രമായി മതരംഗത്തു മാത്രം ഒതുങ്ങിക്കൂടി. തുർക്കികൾ സുന്നികളായ തന്നെ പ്രവാചക പുത്രിയും അലിയുടെ പത്നിയുമായ ഫാത്തിമയുടെ തായ് വഴിയിലുപെട്ട കർബലക്കുള്ള ഇതിനിടയിൽ ഫാത്തിമിഡ് രാജവംശം സ്ഥാപിച്ചു. ഇറാഷിയാ ഇസ്ലാമിലെ വംശത്തെ കർസ് വർഗ്ഗക്കാരായ സലാഡിൻ പരാജയപ്പെടുത്തി. ഈജിപ്ഷ്യൻ സേനയിൽ മുൻകൈ നടത്തിയിരുന്നവരും വെളുത്ത അടിമകൾ എന്നറിയപ്പെടുന്നവരുമായ മെംലൂക്കുകൾ സലാഡിനെ നിഷ്കാസനംചെയ്ത് ഈജിപ്ററ് സ്വന്തത്തമാക്കി. 1250 മുതൽ 1512 വരെ ഈജിപ്തിലെ ഭരണാധികാരികൾ മെംലൂക്കുകളായിരുന്നു 13 ാം നൂററാണ്ടിന്റെ ആരംഭത്തിൽതന്നെ മംഗോളിയക്കാർ മുസ്ലീം ജനപദത്തെ അക്രമിച്ചുതുടങ്ങി. അവർ ആദ്യം പേഴ്സ്യയിൽ അധികാരം സ്ഥാപിച്ചു ജെംഗിസ് ഖാൻ, തൈമൂർ തുടങ്ങിയവരുടെ അക്രമണം ഇസ്ലാംമതത്തെ ക്ഷീണിപ്പിച്ചു. ഇതിന്റെ പരിണിതഫലമായി പേർഷ്യ വേർപിരിഞ്ഞു; അറബികളിൽ നിന്ന് ഷിയാകളായ പേർഷ്യക്കാർ അകന്നുപോയി ഈ സാഹചര്യത്തിൽ അറബികൾക്കു ഓട്ടോമാൻ തുർക്കികളുടെ ആക്രമണത്തെ ചെറുക്കാനായില്ല. ഓട്ടോമാൻ തുർക്കികൾ 1517 ൽ ഇസ്ലാമിന്റെ ഖലീഫാ പദവി കൈവശമാക്കി. ഈ കാലഘട്ടംവരെയുള്ള ചരിത്രമേ അറേബിയൻ രാത്രികളുടെ ആഗമാനേഷണത്തിൽ അനിവാര്യമാകുന്നുള്ളു.

അൽഫ് ലെയ്ലാവാലയ്ലാ (Thousand nights and one night) — എന്ന പേരിലുള്ള കഥാസമുച്ചയത്തിന്റെ ഉത്ഭവചരിത്രാന്വേഷണത്തിനു് മൂന്നു നൂററാണ്ടുകളുടെ പഴക്കമുണ്ട്.

അറബി ജനത തന്നെയാണ് സ്രഷ്ടാക്കൾ എന്നാണൊരു പക്ഷം. പേഴ്സ്യയിൽ നിന്ന് അറബികൾക്ക് ലഭിച്ചതാണെന്നാണ് വേറൊരു പക്ഷം. അറബിക്കഥകളുടെ മൂലം ബാഗ്ദാദിൽ തന്നെ രൂപപ്പെട്ടതാണെന്ന് എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ പാൾഗ്രേവെഴുതിയ ചരിത്രത്തിൽ പറയുന്നു. കൽക്കട്ടയിൽ അച്ചടിച്ച അറബിയിലുള്ള അപൂർണ്ണപ്രതിയുടെ എഡിററായ ഷെയ്ഖ് അഹമ്മദ് ഷിർവാൻ പറയുന്നതു് ഈ കഥകൾ അറബിഭാഷക്കാരനായ ഒരു സിറിയാക്കാരന്റെ സൃഷ്ടികളാണെന്നാണ്. സിൽവസ്റ്റർ ഡിസാസി Silvester De Sacy) 1889 ൽ റോയൽ അക്കാദമിയിലവതരിപ്പിച്ച സ്മാരികയിൽ അറബിക്കഥകൾ ദേശഭാഷയിലായിരിയയിലാണാദ്യം രൂപം കൊണ്ടതെന്ന് പ്രസ്താവിച്ചിട്ടുണ്ട്. രാവുകൾ ആദ്യമായി ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്ത ഇ. ഡബ്ളിയു ലെയ്ൻ ആ കഥകളുടെ ഉദയം പേഴ്സ്യയിലായിരുന്നുവെന്ന് ആദ്യം അഭിപ്രായപ്പെട്ടെങ്കിലും, പിന്നീട് സ്വയം തിരുത്തി ഉത്ഭവം ഡൈൽ നദീതീരപ്രദേശങ്ങളിൽ തന്നെയാണെന്ന് പ്രഖ്യാപിക്കയുണ്ടായി. ഈ അഭിപ്രായങ്ങളെല്ലാം ചരിത്രദൃഷ്ട്യാ ഉപരിപ്ലവങ്ങളും പൊതുവേ അംഗീകാരം നേടാത്തവയുമാണ്.

പേഴ്സ്യൻ സാഹിത്യത്തിൽ നിന്നാണ് അറബിക്കഥകളുടെ ഉൽപത്തിയെന്നാണ് ഭൂരിഭാഗം പണ്ഡിത ഗവേഷകരുടെയും അഭിപ്രായം. ഇന്ത്യൻ കഥകളുടെ സ്വാധീനശക്തിയാൽ പേഴ്സ്യൻ ഭാഷയിലുണ്ടായ കഥാസമുച്ചയമാണ് അറബിക്കഥകളുടെ മൂലം. യൂറോപ്യൻഭാഷകളിൽ ആദ്യ

മായി അറബിക്കഥകൾക്ക് വിവർത്തനമുണ്ടായതു് ഫ്രഞ്ചിലാണ്. ആദ്യത്തെ ഫ്രഞ്ച് വിവർത്തകനായ പ്രൊഫസർ അന്റോയറാലൻറ് ഈ കൃതി ഇന്ത്യയിൽനിന്ന് പേഴ്സ്യവഴി ഉത്ഭവിച്ചുഎന്നസത്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഈ വിഷയത്തിൽ മറ്റൊരു പ്രശസ്ത പണ്ഡിതനായ ബറോൺ വോൺ ഹാമറും ആ അഭിപ്രായത്തെ പിൻതാങ്ങുന്നു. നിക്കോൾസൺ, ഹിററി, ലെയ്ൻപൂൾ തുടങ്ങിയ ചരിത്രകാരന്മാരും ഈ പക്ഷക്കാരാണ്.

പ്രാചീന പേഴ്സ്യൻ സാഹിത്യഭാഷയായ പഹ്ലവിയിൽ ഹസർ അഫ്സാനാ (Hazar Afsana–ആയിരം കഥകൾ) എന്നൊരു കൃതിയുണ്ട്. ഈ കഥാസമാഹാരത്തെക്കുറിച്ച് അറബിജനതയുടെ ഹെറോഡോട്ടസ് എന്നറിയപ്പെടുന്ന അൽ മസൂദി എ ഡി 944 കുറിച്ച രേഖയാണ് വോൺഹാമർ മുഖ്യാധാരമാക്കുന്നത്. "മുൻപറഞ്ഞ കഥകളും മററു പല കഥകളും രാജാക്കന്മാരെ പറഞ്ഞു കേൾപ്പിച്ച് പ്രീതി നേടുകയും, ഓർമ്മയിൽ സൂക്ഷിച്ച് സമകാലികർക്ക് പകർന്നു കൊടുത്തു് സ്നേഹാനുകൂല്യങ്ങൾ വശത്താക്കുകയും ചെയ്ത ചിലർ സംഭവിച്ചതാകുന്നു. പേഴ്സ്യൻ ഇന്ത്യൻ ഗ്രീക്ക് റോമൻ ഭാഷകളിൽ നിന്ന് വിവർത്തനം വഴി ലഭിച്ചിട്ടുള്ള കഥകൾ ഇങ്ങിനെയുള്ളതാണ് അത്തരം ഒരു ഗ്രന്ഥമാണ് ഹസർഅഫ്സാനാ. ആയിത്തൊന്നു രാത്രികൾ എന്ന പേരിലാണ് അതു് ബഹുജനങ്ങൾക്കിടയിൽ അറിയപ്പെടുന്നതു്. അതു് ഒരു രാജാവിൻേറയും മന്ത്രിയുടേയും മന്ത്രിപുത്രിയായ ഷിറാസാദിൻറയും (സിംഹപുത്രി) ഒരു അടിമപ്പെണ്ണായ ദിനാർസാദിൻേറയും (നാണ്യപുത്രി) കഥയാണ്. താദൃശ്യമായ മറെറാരു കൃതിയാണ് ഹിന്ദയെ രാജാവിൻേറയും മന്ത്രിമാരുടേയും കുററയായ ഫർസഹ്; മറെറാന്നാണ് സിൻബാദിനെക്കുറിച്ചുള്ള കൃതി. —" ഇതാണ് മൻസൂദിയുടെ പ്രസ്താവന. ഹാറൂൺ അൽ റഷീദിൻെറ പിതാമഹനായ അൽ മൻസൂർ (അബ്ബാസിയ്യ ഖലീഫമാരിൽ ഒരാൾ) പേഴ്സ്യൻ ഗ്രീക്ക് സിറിയക് ലാററിൻ കൃതികൾ അറബിയിലേക്കു വിവർത്തനം ചെയ്യിച്ചതു് മസ്ഊദിയുടെ പ്രസ്താവത്തിന് പിൻബലം നൽകുന്നു. ടോളമിയുടെ ഭൂമിശാസ്ത്രം, അരിസ്റ്റോട്ടിലിൻെറ തർക്കശാസ്ത്രം തുടങ്ങിയവയുടെ കൂട്ടത്തിൽ പഞ്ചതന്ത്രത്തിൻെറ പേഴ്സ്യൻ വിവർത്തനത്തെ ആസ്പദമാക്കി അറബിയിലുണ്ടായ "കലീലാവാദിമനാ" എന്ന കൃതിയും ഉൾപ്പെടുന്നു. ഏ ഡി 8-ാം നൂററാണ്ടിൻെറ ആദിഘട്ടത്തിൽ ജീവിച്ച ഇബ്ൻ അൽ മുകഫ ആണ് പഞ്ചതന്ത്രത്തിൻെറ വിവർത്തകൻ. അറബിഗദ്യത്തിൻെറ ആദ്യമാതൃക പ്രദർശിപ്പിക്കുന്നതെന്ന് അറബിചരിത്ര പണ്ഡിതനായ ക്രിററ്സക് എഴുതുന്നു. (15)

അറബിക്കഥകളുടെ ആദിരൂപം (Archetype) പേഴ്സ്യൻ കൃതിയാണെന്നതിന് മറെറാരു തെളിവ് മുൻസൂചിപ്പിച്ച ഫിഹിറിസ്റ്റ് എന്ന കോശഗ്രന്ഥത്തിലെ പ്രസ്താവമാണ്, ഏ ഡി 988 ലേതായ ആ ഗ്രന്ഥത്തിൽ മുഹമ്മദ് ബ്ൻ ഇസഹാക്ക് എഴുതുന്നു: "കഥകൾ രചിച്ച് ഗ്രന്ഥങ്ങളാക്കുകയും ചിലപ്പോൾ തിരുക്കുകളെ കഥാപാത്രങ്ങളാക്കി സംസാരിപ്പിക്കുകയും മറ്റും ചെയ്തിരുന്നതു് പ്രാചീനരായ പേഴ്സ്യാക്കാരാണ്. സസ്സാനിയൻ രാജാക്കന്മാരുടെ കാലത്തു് ഇത്തരം ഗ്രന്ഥങ്ങൾ ധാരാളമുണ്ടായി. അറബികൾ അതെല്ലാം അറബിഭാഷയിലാക്കി. അവ ഭാഷാശാസ്ത്രകാരന്മാരുടേയും കാവ്യമീമാംസകരുടേയും കൈയിലെത്തിയപ്പോൾ അവർ എല്ലാം തിരുത്തി അലംകൃതമാക്കി. അത്തരത്തിൽ വേറെ കൃതികൾ സൃഷ്ടിക്കുകയും ചെയ്തു. അങ്ങനെ ആദ്യമായുണ്ടായ ഗ്രന്ഥം 'ആയിരം കഥകളുടെ ഗ്രന്ഥം' (ഹസർ അഫ്സാനാ) ആകുന്നു. അതിൻെറ ഉത്ഭവം ഇങ്ങനെയാണ്: പേഴ്സ്യയിൽ പണ്ടൊരു രാജാവ് ഓരോ രാത്രിയിലും ഒരു സുന്ദരിയെ വരിക്കും; പിറേറന്ന് പ്രഭാതത്തിൽ സംഹരിക്കും. അദ്ദേഹം ഒരു നാൾ ഷഹ്റസാദ് എന്ന പേരുള്ള സുന്ദരിയും ബുദ്ധിമതിയും സമർത്ഥയുമായ ഒരു രാജകുമാരിയെ വരിച്ചു. അവൾ അദ്ദേഹത്തെ കഥപറഞ്ഞു കേൾപ്പിക്കാൻ തുടങ്ങി. നേരം പുലർന്നാലും കഥ അവസാനിക്കില്ല. തന്നെ നിഗ്രഹിക്കാനുദ്ദേശിക്കുന്നതെന്നും രാജാവിൽ കഥാജിജ്ഞാസ

(15) Anthology of Islamic Literature-Ed: Kritzeck-p:81

ഉണർത്തിക്കൊണ്ടാണവൾ ഓരോ രാത്രിയും പറഞ്ഞുനിർത്തുക. പിറേറന്നും കഥ തുടരാൻ രാജാവ് ആവശ്യപ്പെട്ടു. അങ്ങനെ ആയിരം രാത്രികൾ കഴിഞ്ഞു. രാജാവിന് ദിനാർസാദ് എന്ന ഒരു അടിമപ്പെണ്ണുണ്ടായിരുന്നു. അവൾ ഷഹ്റസാദിൻെറ തുണയാളായിരുന്നു. ഈ ഗ്രന്ഥം ബഹ്മാൻ എന്ന രാജാവിൻെറ മകളായ ഹുമാനിക്കുവേണ്ടി രചിക്കപ്പെട്ടതാണെന്നും മററും പല ചരിത്രങ്ങളുണ്ട്. രാത്രി ഈ കഥകൾ കേട്ടിരുന്നതു് അലക്സാൻറർ ചക്രവർത്തിയാണെന്നതാണ് സത്യം. കഥ പറഞ്ഞു രസിപ്പിക്കാനും മററും അദ്ദേഹത്തിന് ആളുകളുണ്ടായിരുന്നു. പക്ഷെ, അദ്ദേഹം അവയെല്ലാം ഓർമ്മയിൽ സൂക്ഷിക്കുന്നതിലാണ് കൂടുതൽ ശ്രദ്ധിച്ചതു്, അദ്ദേഹത്തെ തുടർന്നുവന്ന രാജാക്കന്മാരും ഈ 'ആയിരം കഥകൾ' ശ്രവിച്ചിട്ടുണ്ട്. അതിൽ ആയിരം രാത്രികളുടെ കാലമുണ്ടെങ്കിലും ഇരുനൂറിൽ താഴെ കഥകളേയുള്ളൂ. കാരണം, ഒരു കഥ പറഞ്ഞുതീരാൻ അനവധി രാത്രികൾ വേണ്ടിവരുന്നു." (16) ഫിഹിറിസ്റ്റിലെ ഈ വിവരണം പേഴ്സ്യൻ രാജാവിൻെറ സ്ത്രീ വിദ്വേഷത്തിൻെറ കാരണമെന്തെന്ന് സൂചിപ്പിക്കുന്നില്ല. അതിനപ്പററിയുള്ള കഥ ഹസർ അഫ്സാനയിൽ ഇല്ലെങ്കിൽ അറബിക്കഥാകാരന്മാർ അതിനാസ്പദമായ കഥ സൃഷ്ടിച്ചിട്ടുണ്ട്. ഷഹ്റസാദ് രാജപുത്രിയും ദിനാർസാദ് അടിമപ്പെണ്ണുമാണ് മൂലത്തിൽ. അറബികൾ അവരെ മന്ത്രിപുത്രികളാക്കി അത്യന്തം ഹൃദയസ്പർശകമായ ഭാവബന്ധം നൽകിയിരിക്കുന്നു.

ചരിത്രപ്രാധാന്യമുള്ള ഈ രേഖകളുടെ അടിസ്ഥാനത്തിൽ അറബിക്കഥകളുടെ മൂലം എ ഡി 8ഉം 9ഉം നൂററാണ്ടുകൾക്കിടയിൽ പേഴ്സ്യൻ ആദിരൂപത്തിൽനിന്ന് ഉത്ഭവിച്ചു എന്ന കാര്യം അവിതർക്കിതമാണ് ഇതാണ് പൊതുവേ അംഗീകൃതമായ അഭിപ്രായം.

അറബിക്കഥകളുടെ എല്ലാ പതിപ്പുകളിലും ഒരുപോലെ കാണുന്ന കഥകൾ (120 രാത്രികളിലേതായ 42 കഥകൾ) ഹസർ അഫ്സാനയോടു് അറബിക്കഥകളുടെ ആദ്യ സമുച്ചയത്തിനുള്ള കടപ്പാട് വ്യക്തമാക്കുന്നു. പില്ലാലുകളിലുണ്ടായ കഥകൾ കൂട്ടിച്ചേർത്താണ് ഇന്നത്തെ രൂപത്തിലെത്തിച്ചതു്. പല പതിപ്പുകളിലും കഥകളുടെ എണ്ണം പലതാണ്:

ഫ ഹിറിസ്റ്റിലെന്ന എ ഡി 942—943 കാലങ്ങളിൽ അബ്ദുസ് അൽ ജഷിയാരി എന്ന ചരിത്രകാരൻ അറബികളുടേയും പേഴ്സ്യക്കാരുടേയും ഗ്രീക്കുകാരുടെയും കഥകൾ പലതും കഥ പറച്ചിലുകാരിൽനിന്ന് കേട്ടുമനസ്സിലാക്കി ഗ്രന്ഥരൂപത്തിൽ സംഭരിക്കാൻ ഉദ്യമിച്ചിട്ടുണ്ടെന്നും; ഓരോ രാത്രിയിലും ഓരോ പുതുക്കഥ എന്ന കണക്കിൽ 480 കഥകൾ അങ്ങനെ സംഭരിച്ചുവെന്നും പറയുന്നുണ്ട്. ഈ കഥകളിൽ പലതുമാകാം പില്ലാലത്തു് കൂട്ടിച്ചേർക്കപ്പെട്ടതു്. 10-ാം നൂററാണ്ടിൽ ജീവിച്ച ജഷിയാരി തന്നെയാണ് 'അൽഫ് ലയലാ വാലയലാ'യുടെ ആദ്യത്തെ രൂപം ഒരുക്കിയതെന്നും അതിൽ 264 കഥകളുണ്ടെന്നു് അദ്ദേഹം തന്നെ പ്രസ്താവിച്ചിട്ടുണ്ടെന്നും ഫിഹിറിയുടെ ഗ്രന്ഥത്തിൽ പറയുന്നതു് ഇവിടെ സ്മരണീയമാണ്. 'ആയിരത്തൊന്നു രാവു'കളുടെ ആദ്യ സമാഹാരത്തിൽ രാത്രികൾ 200ൽ താഴെ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും പില്ലാലത്താണ് എണ്ണം ആയിരത്തൊന്നായതിന്നുതെന്നും ആലിപ്പോ ചരിത്രാധികാരിയായ ഡോക്ടർ പാററ്റിക് റസ്സലും 280 രാത്രികളേ ആദ്യമുണ്ടായിരുന്നുള്ളുവെന്നു് ഡോ: ജോനാഥൻ സ്പിഫ്റും കണ്ടെത്തിയിട്ടുള്ളതു് ബർട്ടൻ അനുസ്മരിച്ചിട്ടുണ്ട്. (17) അത്രയും കുറച്ച് രാത്രികളേ ഉണ്ടായിരുന്നുള്ളുവെങ്കിൽ കഥകളുടെ എണ്ണവും കുറവായിരുന്നിരിക്കണം. ഏതാനാലും പേഴ്സ്യൻ ആദിരൂപത്തിൽനിന്നു ജനിച്ച അറബിക്കഥകളുടെ ആദ്യപതിപ്പ് ഇന്നുള്ളവയേക്കാൾ വളരെ പ്രാചീനവും വളരെ വ്യത്യസ്തവുമാണെന്ന ലെയ്നിൻെറ അഭിപ്രായം ഭദ്രമാണ്. (18)

(16) Quoted in Literary History of Arabs—Nicholson P. 457—'58.
(17) Ilid P: 75
(18) Arabian Nights Entertainments (III Vols) Vol I preface E. W. Lane.

III

അറബിക്കഥകളുടെ രചനാകാലം എഡി 8-ാം നൂററാണ്ടുതൊട്ട് 15-ാംനൂററാണ്ടിന്റെ അന്ത്യംവരെ വ്യാപിച്ചുകിടക്കുന്നു. 13-ാം നൂററാണ്ടിന്റെ മധ്യത്തോടെയാണ് അതു് ഇന്നുള്ള രൂപത്തിൽ വളർന്നെത്തിയതെന്ന് ഗാലൻറ് കരുതുന്നു. സിൽവസ്റ്റർ ഡി സാസിയാകട്ടെ, കഥകളിലെ ഭാഷാരീതി അടിസ്ഥാനമാക്കി 15-ാം നൂററാണ്ടിന്റെ മധ്യത്തോടെയാണിന്നത്തെ വികസിതരൂപത്തിലായതെന്ന് വാദിക്കുന്നു. 10-ാം നൂററാണ്ടിൽ ലേഖനം ചെയ്യപ്പെട്ട പഴയ കഥകൾ നവീകരിക്കപ്പെട്ടിട്ടുണ്ടെന്നും ഭാഷാരീതികൊണ്ട് മെംലൂക്ക കാലഘട്ടത്തിന്റെ ഉത്തരാർത്ഥത്തിലാണവയുടെ നിവേശനം 16-ാം നൂററാണ്ടിന്റെ അന്ത്യദശകങ്ങളിലാണ് കഥകൾ ഇന്നത്തെ രൂപം പ്രാപിച്ചതെന്നുമാണ് ലെയ്നിന്റെ നിഗമനം. കഥകൾ പലതും പിൽക്കാലത്ത് മതാദർശാനുസാരം എഡിററു ചെയ്യപ്പെട്ടിട്ടുണ്ടെന്ന് റൂബൻലെവി പ്രസ്താവിക്കുന്നതിന് ഉപോൽബ്ബലമാണീ നിഗമനം.

അറബിക്കഥകളുടെ കാലം പരിച്ഛേദിച്ചു നിർണ്ണയിക്കുക പ്രയാസമാണ്. കാരണം പല കാലങ്ങളിലായി പലതിൽനിന്ന് കേട്ട് പല എഴുത്തുകാർ രേഖപ്പെടുത്തിയ കഥകളാണവ കഥകളുടെ ഉത്ഭവം ഇന്ത്യയായാലും പെഴ്സ്യയായാലും ചൈനയായാലും മെമ്ലൂക്കുകളുടെ കീഴിലുള്ള കെയ്റോആണ്അവയുടെ പ്രതിഷ്ഠാരംഗമെന്ന് സ്റ്റാൻലി ലെയ്ൻപൂൾ പറയുന്നു (19) മെമ്ലൂക്കുകളുടെ കാലത്താണ് ഇന്നത്തെ രൂപത്തിൽ പ്രചരിക്കാൻ തുടങ്ങിയതെന്ന കാര്യത്തിൽ ഹിററിക്കും സംശയമില്ല

---

(19) Stanley S. Lanepool — Advertisement to Lane's Arabian Nights Entertainments — Vol 1. (1882)

(തുടരും)

—o—

ആരായാലും ശരി അവൻറെ കൊടലു് ഞാനെടുക്കും. അറാമ്പോന്നവൻ....."

"ശ്ശ് സൂക്ഷിച്ചു് സംസാരിക്കണം. ഇതാ ഫ്രീസാണ്""

"എന്തോ സൂക്ഷിക്കാനാ. ഒരു ചുക്കുമില്ല. അവൻറെയൊന്നും അമ്മേ കെട്ടിയവൻറെ മൊതലെടുത്തല്ല എനിക്ക് ശമ്പളം തരുന്നതു്... വരട്ടെ ഞാൻ കാണിച്ചുകൊടുക്കാം...പിന്നെ പിള്ളസ്സാറിന് എന്നെ വേണ്ടെന്നൊണ്ടെങ്കിൽ നേരെ പറഞ്ഞേരെ ഞാനങ്ങു പോയേക്കാം."

"എന്തു ഞാൻ പറഞ്ഞോ?"

"പിന്നെന്തിനാ പേടിക്കുന്നേ. ചുമ്മാ ശാന്തമായിട്ടിരിക്കണം. മററുള്ളവരെ ഞാൻ നോക്കിക്കൊള്ളാം. ഒരു തന്തയില്ലാക്കഴുവാടമോനും എന്നെ ഒന്നും ചെ

യ്യാൻ പോകുന്നില്ല —" അതു കഴിഞ്ഞു് ശബ്ദം താഴ്ത്തി വാസു രഹസ്യമായി പറഞ്ഞു. "മതാമ്മ നമ്മടെ പാക്കററിലാ— പിന്നെന്തിനാ പേടിക്കുന്നേ?"

മേജർ പിള്ള തോററു.

എണങ്ങിയും പെണങ്ങിയും വയ്യ.

ദിവസങ്ങൾ വീണ്ടും നീങ്ങി.

അതിനനുസരിച്ചു് പരാതികൾ കൂടി കൂടി വന്നു.

"മിസ്റ്റർ നായർ കടിച്ചു് പക്കില്ലാതെ രാത്രി മുഴുവൻ റോഡിൽ കെടക്കുന്നതു് കണ്ടവരുണ്ട്."

മിസ്റ്റർ കെ.ബി നായർ രാത്രിയിൽ അസമയത്തു് മിസ്റ്റർ ബാനർജിയുടെ വീട്ടിൽ കയറിച്ചെന്നു് ബഹളമുണ്ടാക്കിയത്രെ."

"മിസ്റ്റർ നായർ അവിടെ അടുത്തെവിടെയോ ഉള്ള ഒരു തുപ്പുകാരിപ്പെണ്ണിനെ ബലാൽസംഗം ചെയ്തു് വഴക്കുണ്ടാക്കുന്നു."

"മിസ്റ്റർ നായർ ഡിപ്പോയിൽ നിന്നു് സാധനങ്ങൾ രഹസ്യമായി പുറത്തു കടത്തുന്നുണ്ട്."

അങ്ങനെ പരാതികൾ നിത്യേനയായിരുന്നു.

ഒന്നും കള്ളമല്ല. ഒട്ടുമുക്കാലും സത്യമായിരുന്നു.

വാസുവിന് താമസിക്കാൻ ഒരു ടൈപ്പ് ടു ക്വാർട്ടറാണ് കൊടുത്തിരുന്നതു്. പക്ഷേ, ഒരിക്കലും അയാൾ വീട്ടിൽ കാണുകയില്ല. ഒന്നുകിൽ വല്ല സ്നേഹിതന്മാരുടേയും വീട്ടിൽ. അല്ലെങ്കിൽ ഏതെങ്കിലും ചാരായഷാപ്പിൽ.

സ്വബോധമുള്ള സമയം ചുരുക്കമാണ്.

മിസ്റ്റർ ബാനർജി തോക്കെടുത്തതാണ് വെടിവെയ്ക്കാൻ...പക്ഷെ, ചെയ്തില്ല. ബഹളം കേട്ട് ഓടിച്ചെന്നവർ കാര്യം പറഞ്ഞു് സമാധാനപ്പെടുത്തിയതു കൊണ്ട്. മിസ്റ്റർ ബാനർജിയുടെ വേലക്കാരിപ്പെണ്ണിന്റെ പിന്നാലെ ചെന്നു് എന്തോ തെമ്മാടിത്തരം പറഞ്ഞെന്നായിരുന്നു കേൾവി, ഏതായാലും അന്നു് കഴപ്പുമൊന്നും സംഭവിച്ചില്ല. ബാനർജി അങ്ങനെ വെറുതെ വിട്ടന്ന മോനമല്ല:

അയാൾ മിസ്റ്റർ പിള്ളയ്ക്കു് ഫോൺ ചെയ്തു പറഞ്ഞു.

അപ്പോൾ പിള്ള സമാധാനപ്പെടുത്തി. "സാരമില്ല .. ആൾ നല്ലവനാണ്. ആരുമാരും ഒരു തുണയില്ലാത്ത പാവമാണ്... തലയ്ക്കു് അല്പം തകരാറുമുണ്ട്."

തലയ്ക്കല്പം തകരാറുണ്ടെന്നു് മേജർ പിള്ള പറഞ്ഞതു കൊണ്ട് കൂടുതൽ കഴപ്പങ്ങൾ കൂടാതെ കലാശിച്ചു ബാനർജിയെ സംബന്ധിച്ചിടത്തോളം.

പക്ഷെ. തുപ്പുകാരിപ്പെണ്ണിനെ ബലാൽസംഗം ചെയ്തതിന് തുപ്പുകാരെല്ലാം കൂടി തല്ലിക്കൊല്ലേണ്ടതായിരുന്നു. വേണ്ടതെളിവൊന്നും ഇല്ലാതിരുന്നതു കൊണ്ട് അവിടെയും രക്ഷപ്പെട്ടു. മാത്രമല്ല ആ തുപ്പുകാരിൽ അധികം പേർക്കും വാസു ഇഷ്ടം പോലെ കാശും മററു സഹായങ്ങളും ചെയ്തു കൊടുക്കുമായിരുന്നു. അതുകൊണ്ട് അവരിൽ പലർക്കും നായർ സാബിനെ വലിയ കാര്യമായിരുന്നു. അവരൊക്കെ പതുക്കെപ്പതുക്കെ പിൻമാറി. കുറെക്കഴിഞ്ഞപ്പോൾ ആ പെണ്ണിന്റെ വീട്ടുകാരും കണ്ണടച്ചു തുടങ്ങി. ഇപ്പോൾ വാസു ഇഷ്ടംപോലെ കയറിയിറങ്ങുന്നു. ആർക്കും എതിരില്ല.

കാശിന്റെ കാര്യത്തിലാണെങ്കിലും വാസുവിന് ബുദ്ധിമുട്ടുണ്ടായിരുന്നില്ല. കാശുണ്ടാക്കാനുള്ള വഴികൾ അവൻ അതിനകം കണ്ടുപിടിച്ചു കഴിഞ്ഞിരുന്നു.

ചെറിയ തോതിൽ തുടങ്ങിയ ബിസിനസ്സാണ്—

ജോലിയിൽ ചേർന്ന് ഒരു മാസം തികയും മുമ്പ തന്നെ ഡിപ്പോയിൽ വരുന്ന ലോറിക്കാരെയും അവരുടെ കോൺട്രാക്ടറന്മാരെയും വാസു പരിചയപ്പെട്ടു കഴിഞ്ഞു. അവരൊക്കെ അവൻറെ ഉററമിത്രങ്ങളായി. നേരം ഇരുട്ടിയാൽ അവർ ഒന്നിച്ചുകൂടുന്നു. ഒന്നിച്ചു് കുടിക്കുന്നു. പോകുമ്പോൾ ഇഷ്ടം പോലെ കുപ്പികൾ സംഭാവന ചെയ്യുന്നു.

പകരം ഗാലൻ കണക്കിന് പെട്രോൾ അവരുടെ ടങ്കുകൾ വഴി പുറത്തു കടക്കുന്നു.

പിന്നെപ്പിന്നെ കുപ്പികൾക്കു പുറമെ നോട്ടുകളും വന്നു തുടങ്ങി. നോട്ടുകൾ നോട്ടുകെട്ടുകളായി. പെട്രോളിന്റെ വരവും ചിലവും വർദ്ധിക്കുന്നു. വാസു കണക്കു ശരിപ്പെടുത്തി ഒപ്പിട്ട് അക്കൌണ്ട് തയ്യാറാക്കുന്നു. വരവും ചെലവും ഒപ്പിക്കുന്നു.

വടക്കാഞ്ചേരിക്കാരൻ ഒരു എലിയാസായിരുന്നു വാസുവിന്റെ സിൽബന്ധി. അവനാണ് സ്റ്റോറിന്റെ ചാർജ്ജ്. അവൻ കടത്തിക്കൊടുക്കുന്നു. വാസു പണം പററുന്നു. പങ്കു് എലിയാസിനും

എലിയാസ് പുതിയ പുരവെച്ചു. മകളെ കെട്ടിച്ചയച്ചു.

നാളുകൾ അങ്ങനെ കഴിഞ്ഞുപോയി.

പത്മന്റെ നോവൽ അദ്ധ്യായം അൻപത്തിഒന്ന്

നാളുകൾ കഴിഞ്ഞപ്പോൾ അല്പാല്പമായി രഹസ്യങ്ങൾ പുറത്തു കടക്കാൻ തുടങ്ങി. പലരും അറിഞ്ഞു. പക്ഷേ, എന്നിട്ടും ആരും മിണ്ടിയില്ല. കാരണം മിസ്റ്റർ നായർ മേജർ പിള്ളയുടെ ആളാണ്. കേണൽ സാബിന്റെ മേം സാബിന്റെ കണ്ണുണ്ണിയാണ്. ഇതിനൊക്കെ പുറമേ ധൂർത്തവസരത്തിലും നാടർ സാറിന്റെ മടക്കത്തിൽ പേടിക്കത്തക്കയുണ്ടായിരിക്കും. അതും കൊടുത്താണ് നടക്കാറ്. മിണ്ടാതിരുന്നാൽ ചോദിക്കുന്നതു് തരും. പിന്നെന്തിന് വെറുതെ വേണ്ടാത്തതിനൊക്കെ പോകണം. അവനവന്റെ പാടു നോക്കിയിരുന്നാൽ ശല്യമില്ല. അതായിരുന്നു രഹസ്യമറിഞ്ഞിരുന്നവരുടെ മനോഭാവം.

അവരായും മിണ്ടിയില്ല.

മെയിൻ ഗേററിലെ ഗേററു കീപ്പർ ഒരു ആംഗ്ലോ ഇൻഡ്യൻ സായിപ്പായിരുന്നു. മിസ്റ്റർ വിൽസൺ. മിസ്ററർ വിൽസന് വെറും ഒരു പാക്കററ് "ചാർമിനാർ" സിഗററു കിട്ടിയാൽ മതി തൃപ്തിയായി, പിന്നെ എന്തു വേണമെങ്കിലും പുറത്തു കടത്താം. മിസ്ററർ വിൽസൺ പണ്ട് പട്ടാളത്തിലായിരുന്നു കാലൊടിഞ്ഞതു കാരണം കാററിഗറി "സി"യായിട്ട് ഡിക്ലാററിഗൊറൈസ് ചെയ്തതാണ്. വിൽസൺ സായിപ്പിന്റെ മിസ്സസ്സിനും വാസുവിനെ ജീവനായിരുന്നു.

വിൽസൺസായുവിന് ഒരു മകനും രണ്ടു പെൺമക്കളുമാണുള്ളതു്. മകൻ ചാൾസ് ഒരു എഞ്ചിൻ ഡ്രൈവറാണ്, റെയിൽവേയിൽ. മൂത്തമകൾ ബാർബാ ഒരു മുസ്ളീമിന്റെ കൂടെ ചാടിപ്പായി താഴത്തെപ്പെണ്ണ് റിത്ത പഠിപ്പൊക്കെ മതിയാക്കി വെറുതെ വീട്ടിലിരിക്കുന്നു.

വിൽസൺ സായിപ്പിന്റെ വീട്ടിൽ നിന്നാണ് വാസു ആഹാരം വരുത്തിയിരുന്നതു്. ഒരു ടിഫാൻ കാരിയറിൽ വേലക്കാരൻ ചെക്കന്റെ കയ്യിൽ മിസ്സസ് വിൽസൺ കൊടുത്തയക്കും. അതൊക്കെ ഒട്ടുക്കല്ലും അതുപോലെ തന്നെ അടുത്ത ദിവസം തിരിച്ചു വരും. വാസുവിന് ആഹാരത്തിന്റെ കാര്യത്തിൽ യാതൊരു ചട്ടയുമുണ്ടായിരുന്നില്ല. അവൻ കിട്ടുന്നിടത്തുനിന്നും കിട്ടുന്നതു് കഴിക്കുന്നു.

അങ്ങനെ കുറച്ചുനാൾ കഴിഞ്ഞപ്പോൾ വാസുവിന്റെ അത്താഴം വിൽസന്റെ വീട്ടിൽതന്നെയായി വളരെ ഇരുട്ടുന്നതു വരെ അവർ മുന്നേ പേരുകൂടി വട്ടം കൂടിയിരുന്ന് കടിക്കുന്ന കപ്പി വാസു കപ്പം കൊണ്ടുവരുന്നു. സായിപ്പിന് അക്കാര്യത്തിൽ പരാതിയില്ലായിരുന്നു. മകൾ വീട്ടിൽ കാണുകയില്ല. അവൾ ബോയിഫ്രണ്ടിന്റെ കൂടെ പുറത്തായിരിക്കും. വരുന്നതും പോകുന്നതുമൊന്നും ആരും അറിയാറില്ല.

അത്താഴം കഴിയാൻ അർദ്ധരാത്രിയായും പിന്നെ വാസു അവിടത്തന്നെ കിടക്കും.

അതായി പതിവ്.

അല്പം അകത്തുചെന്നാൽ പിന്നെ വിൽസൺ സായിപ്പിന് ലക്കുതെററും. ലക്കുതെററിയാൽ ഇന്നതേ ചെയ്യാവൂ എന്നൊന്നുമില്ല മിസ്സസ്സുമായുള്ള കളിയൊക്കെ അന്നേരത്താണ്.

വാസു നോക്കിയിരുന്ന് ചിരിക്കും.

അത്താഴം കഴിഞ്ഞു കൈതുടയ്ക്കുന്ന താമസം വിൽസൺ കൂർക്കം വലിക്കാൻ തുടങ്ങും മതാമ്മയുടെ കാര്യം നേരെ മറിച്ചാണ്. അവക്ക അപ്പൊഴാണ് ഉറക്കം തെളിയുന്നതു്.

ഒരുദിവസം പതിവുപോലെ കപ്പിയോടൊപ്പം ഒരു കടലാസുപൊതിയും വാസു മതാമ്മയെ ഏൽപ്പിച്ചു.

തുറന്നു നോക്കിയപ്പോൾ മിസ്സസ് വിൽസൺ സ്തംഭിച്ചുപോയി.

നൂറു നൂറു രൂപയുടെ പച്ചനോട്ടുകൾ.

"മൈഗാഡ്!" അവർ അറിയാതെ പറഞ്ഞു പോകുന്നു. എന്നിട്ട് തിരിച്ചു കൊടുക്കാൻ ശ്രമിച്ചു.

"നോ നോ — കീപ്പിററ്" വാസു പറഞ്ഞു.

നിർബ്ബന്ധിച്ചു പറഞ്ഞപ്പോൾ മിസ്സസ് വിൽസൺ അതു വാങ്ങി സ്കർട്ടിനകത്ത് ഒളിച്ചുവച്ചു.

അതിനുശേഷം അത്തരം കടലാസുപൊതികൾ ഇടയ്ക്കിടക്ക് വന്നുകൊണ്ടിരുന്നു.

അതിനനുസരിച്ച് മെയിൻ ഗേററിൽ കൂടി ഒരുദാൾ പിന്നുകളും ലോറിയുടെ ടയറുകളും പുറത്തേക്ക് നീങ്ങിത്തുടങ്ങി.

അകത്തേക്കു വരുന്നതും പുറത്തേക്കുപോകുന്നതും ഒഴിഞ്ഞ ടിന്നുകൾ. കണക്കപ്പകാരം വരുന്നതു് നിറച്ച്. പോകുന്നതു് ഒഴിഞ്ഞു് —

കണക്കുബുക്കിൽ പുതിയ ടിന്നുകൾ വരുന്നതും ഒഴിഞ്ഞടിന്നുകൾ പോയതും ശരി

വൈദ്യരത്നം പി. എസ്. വാരിയരുടെ

ആര്യവൈദ്യശാല, കോട്ടയ്ക്കൽ

(കേരള) സ്ഥാപിതം 1902. PIN CODE: 676503
ഫോൺ: ഹെഡ്ഡാപ്പീസ്—31. നഴ്സിംഗ് ഹോം 44. പ്രധാനവൈദ്യൻ 25. മാനേജിംഗ് ട്രസ്റ്റി ആപ്പീസ്—61. റസി: 27.

ശാഖകൾ. മദിരാശി (ഫോൺ: 666226), കോഴിക്കോട് (72155), പാലക്കാട് (3104), ആലുവാ സെയിൽസ്ഡിപ്പോ (549), ഈറോഡ് (3172), തിരൂർ (231), എറണാകുളം (33026), തിരുവനന്തപുരം (62439) കണ്ണൂർ (4164), കൂടാതെ 200–ലധികം അംഗീകൃത ഏജൻസികളും ഡിപ്പോകളും.

ഗുണത്തിൽ മികച്ചുനില്ക്കുന്ന ശുദ്ധമായ ആയുർവ്വേദ മരുന്നുകളും വിദഗ്ദ്ധമായ വൈദ്യോപദേശവും, കോട്ടയ്ക്കലുള്ള ഹെഡ്ഡാപ്പീസിൽനിന്നും മററുശാഖകളിൽനിന്നും എപ്പോഴും ലഭിക്കുന്നതും, കോട്ടയ്ക്കലുള്ള പ്രധാന വൈദ്യനിൽനിന്നു എഴുത്തുകുത്തുകളിൽകൂടെ വൈദ്യോപദേശം നേടാവുന്നതുമാണ്.

പിഴിച്ചിൽ, നവരക്കിഴി തുടങ്ങിയ പ്രത്യേക ചികിത്സകൾ ഗോൾഡൻജൂബിലി നഴ്സിംഗ്ഹോമിൽ വെച്ച് പ്രധാനവൈദ്യന്റെ മേൽനോട്ടത്തിൽ നടത്തുന്നതാണ്. നഴ്സിംഗ്ഹോമിൽ താമസസൗകര്യത്തിനു കാലേകൂട്ടി എഴുതി മറുപടി കിട്ടിയശേഷം ചികിത്സയ്ക്കായി വരേണ്ടതാണ്.

പ്രധാനവൈദ്യനെത്തന്നെ കാണേണമെന്നുദ്ദേശിച്ചു വരുന്നവർ മുൻകൂട്ടി എഴുതി സമയം നിശ്ചയിക്കേണ്ടതാണ്.

മാനേജിംഗ് ട്രസ്റ്റി.

ഓംശക്തി

ശ്രീകാളിചാത്തൻസേവയുടെ മഹത്തായ നേട്ടങ്ങൾ

അനേകം തലമുറകൾ നടത്തിയ കർമ്മസിദ്ധി. ഉദ്ദിഷ്ടകാര്യസിദ്ധിയിൽ സന്തോഷകരമായ അനുഭവം!

മാന്യരെ,

വ്യവസായം, വ്യവഹാരം, ഉദ്യോഗം, ശത്രുവിൽ വിജയം ഇവകൾക്ക് ആരാധനയിൽ വിശ്വസിക്കുന്നവർക്കു സമീപിക്കാം. തൃശ്ശൂർ വന്ന് അന്തിക്കാട്ടുപോകുന്ന ബസ്സിൽ കയറി അന്തിക്കാട്ട് ഹൈസ്ക്കൂളിനു മുൻവശം ഇറങ്ങി സ്വല്പം തെക്കോട്ടു നടന്നാൽ ബോർഡു കാണാവുന്നതും അവിടെനിന്നു പടിഞ്ഞാട്ട് രണ്ടു ഫർലോങ്ങു നടന്നാൽ മഠത്തിൽ എത്താവുന്നതുമാണ്. വരാൻസാധിക്കാത്തവർ നിർദ്ദേശത്തിന് സ്റ്റാമ്പു സഹിതം എഴുതുക:—

ടി. എസ്. വേലായുധൻ S. K. C. S. മഠം, P. O. അന്തിക്കാട്, തൃശ്ശൂർ

ക്കും കണക്കൊപ്പിച്ചിട്ടുണ്ട്. താഴെ കെ. ബി. നമ്പരുടെ ഒപ്പും.

ഓരോ ഒപ്പു ചെയ്യുമ്പോഴും കടലാസുപൊതികൾ കൈമാറിക്കൊണ്ടിരുന്നു —

പെട്ടെന്നൊരുദിവസം മേജർ പിള്ള വാസുവിനെ വിളിച്ചുവരുത്തി രഹസ്യമായി താക്കീതുചെയ്തു.

വാസുവിനതു് രസിച്ചില്ല. അവൻ പറഞ്ഞു.

"ഇയാളിയാളുടെ പാടുനോക്ക്. ഞാനെന്തോന്നാ ചെയ്യുന്നതെന്ന് എനിക്കറിയാം"

മേജർ പിള്ള നടുങ്ങിപ്പോയി.

അയാൾക്ക് പിന്നാന്നും പറയാൻ കഴിഞ്ഞില്ല.

ഒടുവിൽ മുറിവിട്ടിറങ്ങുമ്പോൾ വാസു ഓർമ്മിപ്പിച്ചു.

"സാറാണ് എനിക്കു ജോലിതന്നതു് — അതൊക്കെ ശരിതന്നെ. — പക്ഷെ എന്നെ ക്കേറി ഭരിക്കാനൊന്നും വരണ്ട ... പഴയ കഥകളൊന്നും അങ്ങനങ്ങു് മറന്നേക്കരുതു് ... അതും പറഞ്ഞേക്കാം ... അങ്ങനങ്ങു് നല്ല കുഞ്ഞാവാനും നോക്കണ്ട."

മേജർ പിള്ള മിഴിച്ചിരുന്നുപോയി.

ശരിക്കും പുലിവാലു പിടിച്ചിരിക്കുന്നു.

അന്നു വൈകിട്ട് മേജർ വീട്ടിലെത്തും മുമ്പുതന്നെ വാസു മേജറുടെ വീട്ടിലെത്തി.

ഗാർഡനിൽ തോട്ടക്കാരൻ പണിയെടുക്കുന്നുണ്ടായിരുന്നു.

പോർച്ചിൽ മേജറുടെ അൽസേഷൻ നായ നാക്കു നീട്ടി കിടക്കുന്നു.

വാസുവിനെ കണ്ടപ്പോൾ അവൻ എഴുന്നേററുനിന്ന് വാലാട്ടി.

വാസു പോർട്ടിക്കോയിലെ കസേരയിൽ ഇരുന്നു. അകത്തു് അനക്കം കേൾക്കുന്നുണ്ട്.

അവൻ ഒച്ചയുണ്ടാക്കി.

അപ്പോൾ മിസ്സസ് പിള്ള പുറത്തേക്കു വന്നു.

വാസുവിനെ കണ്ടപ്പോൾ അവർ ചിരിച്ചുകൊണ്ട് ചോദിക്കുന്നു.

"കണ്ടകാലം മറന്നല്ലോ ... എവടായിരുന്നു. ഇപ്പം സായിപ്പിന്റെ കൂടെത്തന്നായിരിക്കും താമസം!"

"ഒററത്തടിയല്ലോ? ... വല്ലോരും വല്ലതും തരുന്നതു് വാങ്ങിച്ചുതിന്നോണ്ട് ജീവിക്കുന്നു. അവർക്കാ അത്രക്കെങ്കിലും ദയവു തോന്നിയതു്. ഹോട്ടലിലെ ഒണക്കച്ചോറുതിന്ന് ജീവിക്കവല്ലായിരുന്നോ."

"ഇങ്ങനെ വല്ലോന്റെം വടക്കുപോയാത്തു് കൊടുക്കാതെ നാടിവെങ്ങാനുംപോയി ഒരു പെണ്ണിനെ പിടിച്ചോണ്ടു് വന്നുടയോ?"

"പെണ്ണിനെ പിടിക്കാൻ നാട്ടിൽ പോണോ?"

"അങ്ങനെ പിടിക്കാനല്ല ?

"എനിക്കാരാ ചേച്ചി പെണ്ണുതരുന്നേ?"

"വേണോങ്കിൽ കിട്ടും. വേണ്ടാഞ്ഞിട്ടാ."

"വേണം. ഇവിടത്തെ കാര്യങ്ങളൊക്കെ ഒന്നു ശരിയാവട്ടെ "

"ഇനി എന്തോ ശരിയാവാനാ ?"

"പലതും ശരിയാവാനുണ്ട് ... ഒരു വെറും ക്ളാർക്കല്ലോ. വല്ലോം ... ത്തു നൂറോ കൂടെ കിട്ടട്ടെ. അപ്പൊ നോക്കാം ഇതു കിട്ടുന്നതുകൊണ്ടൊന്നും ജീവിക്കുന്നതല്ല പെണ്ണും പെടക്കോഴിയുമൊക്കെ ആയാല് ... പിന്നെ അതൊന്നുകിലുമാവട്ടെ. ഞാനൊരു കൊച്ചുകാര്യമായിട്ടാ വന്നതു്."

വാസു പാന്ററിന്റെ പോക്കററിൽനിന്നും ഒരു കവർ പുറത്തെടുത്തു് അവരുടെ നേർക്കു നീട്ടി.

"ഇതെന്താ?" അവർ ചോദിക്കുന്നു.

"എന്റെ വക ഓണക്കാഴ്ചയാ ... തൊറന്നു നോക്കണം."

അവർ കവർ തുറന്നു നോക്കി.

"എന്തു്?!" അവർ അമ്പരന്ന് നോക്കുന്നു "ഇതെന്തിനാ?"

"എന്റെ വക ഒരു കൊച്ചു സംഭാവന"

"കാശിട്ടാത്ത പാവം ക്ളാർക്കിന്നൊക്കെ ഇപ്പളല്ലേ പറഞ്ഞതു് ... എന്നിട്ട് ഇത്ര വളരെ രൂപയൊക്കെ?!"

"അതൊന്നും ചോദിക്കരുതു്. വെച്ചോളണം. കുഞ്ഞിന്ന് അരിഞ്ഞാണോം വളയും ഒണ്ടാക്കാനാ."

"അയ്യോ എനിക്കു വേണ്ട. ഇവനറിഞ്ഞാൽ എന്നെ കൊന്നുകളയും."

"ആരേം കൊല്ലത്തില്ല. കട്ടതും മോട്ടിച്ചതുമൊന്നുമല്ല ... അതല്ല അത്ര ഭയമാണെങ്കിൽ ഇങ്ങു തന്നേരെ ഞാൻ നേരിട്ടുതന്നെ കൊടുത്തേക്കാം ... പക്ഷെ അതിനൊന്നും പോവണ്ട. അതിവടിരിക്കട്ടെ. അതല്ല ഇനി എപ്പഴെങ്കിലും വേണ്ടെന്ന് തോന്നുവാണെങ്കിൽ എന്നെ വിളിച്ചു പറഞ്ഞാമതി — ഞാനിങ്ങെടുത്തോളാം." (തുടരും) □

കുട്ടികളില്ലാതെ കൊഴിഞ്ഞ ഒരു വസന്തം

വിളക്കടി രാജേന്ദ്രൻ

ദ്രവം നിറയെ മസൂരിക്കുത്തുള്ളതും ഉള്ളിണ നീണ്ട ചെവികളുള്ള പാട്ടിയമ്മ. വാ തോരാതെ വർത്തമാനം പറയുന്ന ആരോഗ്യവതിയായ പെങ്കൊളന്ത.

ആ ഗ്രാമത്തിൽ പാട്ടിയമ്മയെ അറിയാത്തവരായി ആരുമില്ല.

മഹാക്ഷേത്രം വേരോടി നിൽക്കുന്ന ഗ്രാമം. ഗ്രാമത്തിൽ രണ്ട് അഗ്രഹാരങ്ങൾ. രണ്ട് മേലേ ഗ്രാമം. ഇനിയൊന്ന് കീഴേ ഗ്രാമവും.

കീഴേഗ്രാമത്തിലെ ചൊവ്വും ചന്തവുമുള്ള ഒരു വീട്ടിൽ പാട്ടിയമ്മ ഒററയ്ക്കു കഴിയുന്നു. ബന്ധപ്പെട്ടവരെല്ലാം അങ്ങ് കോയമ്പത്തൂരിലാണ്. ആണ്ടിലൊരിയ്ക്കൽ അവരിലാരെങ്കിലും വരും. രണ്ടു മൂന്നു ദിവസം നിൽക്കും. പോകും. പോകുമ്പോൾ പത്തോ പതിനഞ്ചോ ഉറുപ്പിക പാട്ടിയമ്മയ്ക്കു സമ്മാനിയ്ക്കുന്നു.

പക്ഷേ, ഇതുകൊണ്ടൊന്നും ഒരു വയർ കഴിയുകയില്ലല്ലോ. അതിനെന്തു വഴി?

പൊളിഞ്ഞ ചില അഗ്രഹാരങ്ങളിൽ കുട്ടികൾക്ക് താമസസൗകര്യം നൽകുന്നുണ്ട്. പ്രായം തികഞ്ഞ പെൺകുട്ടികളുള്ള വീട്ടുകൾ. ഏഴും എട്ടും പേരുള്ള കുടുംബവും ഒരു മുറിയിലൊതുങ്ങിക്കൊണ്ട് മററു മുറികൾ വാടകയ്ക്കു നൽകുന്നു. അഗ്രഹാരങ്ങളിലെ പ്രായം ചെന്ന തലമുറയ്ക്ക് വീടു പുലർത്താൻ ഇതല്ലാതെ മററു മാർഗ്ഗമില്ല.

ഗ്രാമത്തിന് മധ്യത്തിൻ ശാപം പോലെ വളർന്നുവരുന്ന കോളേജിലെ വിദ്യാർത്ഥികൾ ഈ അഗ്രഹാരങ്ങൾ തേടിയെത്തുന്നു. പ്രതിമാസം പത്തുറുപ്പികയ്ക്ക് സ്വന്തമിൽ ററും. മുപ്പതുറുപ്പികയ്ക്ക് നാലു പേർക്കു താമസിയ്ക്കാവുന്ന മുറി. എല്ലാം ബാത്ത് അററാച്ച്ഡ്. സ്വയം ചലിയ്ക്കുന്നമട്ടം കൊണ്ടുള്ള ആമകളും. മാന്ത്രികച്ചെപ്പുകളും മററും അഗ്രഹാരങ്ങളിലെ അകത്തളങ്ങൾക്കു പ്രസിദ്ധി നൽകി.

നമ്പൂതിരി നായർ പയ്യന്മാർക്ക് പ്രത്യേകിച്ചും ഈ വാസസ്ഥലങ്ങൾ വിട്ടുപോകാൻ മനസ്സില്ല. ഇതിൽ തെററു പറയാനുമില്ലെന്നു സമാധാനം

നായരിൽ താഴ്ന്ന ജാതിയ്ക്ക് പ്രവേശനമനുവദിച്ചിട്ടില്ല നായരിൽത്തന്നെ കിരിയാത്തികൾക്കും പ്രവേശമില്ല.

ദാരിദ്ര്യമാണെങ്കിലും അഗ്രഹാരത്തിലെ ജനത ഇന്നും 'മേലേക്കിട' മനോഭാവത്തിൽ ഉണ്ടു രസിച്ച് പല്ലുറങ്ങി പകിടകളിയ്ക്കുന്നവരാണ്. അതിരിയ്ക്കട്ടെ.

അപ്പോൾ പറഞ്ഞു വന്നതോ പറയാനാഗ്രഹിച്ചതോ ഇതാണ്: പാട്ടിയമ്മ ഈ കുട്ടികളുടെ മെസ്സ് ശരിപ്പെടുത്തിക്കൊടുക്കുന്നു. തീർത്തും വെജിറേററേറിയൻ "മെനു". പത്തു പേർക്ക് എന്നാണ് കണക്ക്. നമ്പൂരിക്കുട്ടികളെ കിട്ടിയില്ലെങ്കിലേ നായർക്കു ചാൻസുള്ളു. നായരുമില്ലെങ്കിൽ ഈഴവൻ കൃസ്ത്യാനിയ്ക്ക്. ബൗദ്ധനെ ഏഴുപടി കടത്തുകയില്ല.

പാട്ടിയമ്മയ്ക്ക് അഗ്രഹാരങ്ങളിലെ അത്യപൂർവമായ ഈ ചടങ്ങുകളുമായി ബന്ധമില്ല. അവരുടെ ഭവനത്തിലെത്തുന്ന എപ്പേർപ്പെട്ട ജാതികളിൽ പത്തു പേർക്ക് ഊണു കൊടുക്കുക എന്നതു മാത്രമാണ് അവരുടെ ധർമ്മം: പതിനൊന്നാമതു് ഒരാൾക്ക് എത്ര നിർബന്ധിച്ചാലും ഇല കിട്ടുകയില്ല. കീഴ്വഴക്കവും അതാണ്.

ചക്രം നാണയമായിരുന്ന കാലത്ത് ഒന്നര ചക്രമായിരുന്നു ഊണിനു ചാർജ്. പിന്നെ അതു് എഴുപത്തഞ്ചു പൈസയായി. ഇന്ന് കൃത്യം ഒരു രൂപ എന്ന് ക്ലിപ്തപ്പെടുത്തിയിരിയ്ക്കുന്നു.

രാവിലെ അഞ്ചുമണിക്ക് കട്ടംകാപ്പി കിട്ടും. ഏഴരയ്ക്ക് ഇഡ്ഡലിയും ചായയും (ഇഡ്ഡലിയ്ക്ക് ഓപ്ഷനുണ്ട്. പൂരി ഇടിയപ്പം) ഉച്ചയ്ക്ക് കോളേജ് വിട്ടെത്തിയാലുടൻ നല്ല നാക്കിലയിൽ ഊണു പ്രതീക്ഷിച്ചോറ്. പർപ്പിടകം നാക്കേ എന്നിങ്ങനെ കറികൾ രണ്ട്. മെഴുക്കുവരട്ടി രണ്ട്. പർപ്പിടമില്ലാത്ത ദിവസങ്ങളിൽ മുളകു വറുത്തതുണ്ടാവും.

രാത്രിയിൽ യഥാരുചി ചപ്പാത്തിയോ ദോശയോ.

പാട്ടിയമ്മയുടെ മുന്നിലിരുന്നു അങ്ങനെ തോന്ന്യാസം പോലെ ഉണ്ണാസെന്നും കഴിയില്ല. ചാണകമിട്ട തറയിൽ തട്ടക്കിൽ ചമ്രം പടിഞ്ഞിരിക്കണം. ഉണ്ണുമ്പോൾ ചാരിയ്ക്കാൻ പാടില്ല. വെള്ളം കുടിച്ചുകഴിഞ്ഞാലുടൻ നായർ ഗ്ളാസ്സ് കഴുകി കമ

ത്തി വരുണം. നമ്പൂരിക്കുട്ടി ഇതു ചെയ്യണമെന്നില്ല.

എല്ലാം വിളമ്പിക്കഴിഞ്ഞിട്ട്, പാട്ടിയമ്മ അടുത്തു വന്നിരിക്കും. എന്നിട്ട് ഓരോ കഥകൾ പറയും.

'നിങ്ങളെ ക്കെ ഇങ്ങനെ ഇരുന്നുണ്ണുന്നതു് കാണുന്നതിലാണ് അമ്മയുടെ സന്തോഷം

— അവർ പറയും.

'ഇവിടെ നല്ലൊരു ദിവസമായിട്ട് പായസം വയ്ക്കേണ്ടതായിരുന്നു. എന്തുചെയ്യാം നിങ്ങൾ അതൊന്ന് ഓർമ്മിപ്പിച്ചില്ലല്ലോ.'

"കഴിഞ്ഞാണ്ടിൽ ചെങ്ങന്നൂർക്കാരൻ താഴാക്കൃഷ്ണൻ പോററ്. എന്നൊരു പന്ത്രൻ കീഴേ ഗ്രാമത്തിൽ താമസിച്ചിരുന്നു. അഷ്ടമിരോഹിണി ദിവസം അവനെ രാഗ്രഹം. അമ്മ അല്പം പായസംവച്ചു തരണം. അവന്റെ ഇരുപതു രൂപയുടെ ഒരു നോട്ടെടുത്ത് എന്റെ കയ്യിൽ തന്നു.'

ഇതു പായസത്തിന്റെ മാത്രം — കാര്യത്തിൽ ഒതുങ്ങി നിൽക്കുകയില്ല. അങ്ങനെ തെററിദ്ധരിക്കരുതു്. അവർ വീണ്ടും പറയും:

തിരുവില്വാമലക്കാരൻ ശങ്കരൻ എമ്പ്രാന്ത്രി ഒരിക്കൽ ഇതുപോലെ എന്നോട് ഒരാഗ്രഹം പറഞ്ഞു അവസ്കുറച്ചു പ്രഥമൻ കഴിക്കണം അതു് ഞാൻ തന്നെ വച്ചു കൊടുക്കുകയും വേണം. അതിന് വേണ്ടുന്ന വിഭവങ്ങളൊക്കെ എമ്പ്രാന്ത്രി വാങ്ങിക്കൊണ്ടു വന്നു. എന്നിട്ട് ഒടുവിൽ അമ്പതു രൂപയും അമ്മയ്ക്ക് സംഭാവന. പ്രഥമൻ അത്ര നന്നായിരുന്നത്രെ'

ഇങ്ങനെ പാണത്തിൽ അത്യാഗ്രഹം പുലർത്തുന്ന ചില കഥകളൊക്കെ പറയുമെങ്കിലും പാട്ടിയമ്മ സ്നേഹമുള്ളവളാണ്. ഞങ്ങളിലാർക്കെങ്കിലും എപ്പോഴെങ്കിലും അസുഖം വന്നാൽ അവർ ഉടൻ അറിയും. ഏതു നാട്ടിൽനിന്നായാലും പൊടിമരി കൊണ്ടുവന്നു കഞ്ഞിയുണ്ടാക്കിത്തരുകയും ചെയ്യും. കാശുണ്ടാക്കാനുള്ള മോഹം ആർക്കാണില്ലാത്തതു്. അപ്പോൾ അതിനുമാത്രം പാട്ടിയെ കുററപ്പെടുത്തിയിട്ട് കാര്യമില്ല.

പതിനേഴാണ്ടെന്ന വയസ്സിൽ രുഗ്മിണി കുട്ടിപ്പട്ടരുടെ പെണ്ണായി. പട്ടരെ മരുമക്കത്തായിക്കാരനായിരുന്നു ബാന്ധവം കഴിഞ്ഞു് വളരെ വേഗം പട്ടർ ചത്തുപോയി. ചന്ദനമരംപോലെ മണം വീശി നിന്ന രുഗ്മിണിയെക്കണ്ട് പട്ടർ ഭയന്നു പോയെന്നാണ് കിംവദന്തി. എന്തായാലും അയാൾ ഒരു ദിവസം ചോര ഛർദ്ദിക്കുകയും അതിക്കണം സിദ്ധി കൂടുകയും ചെയ്തു. പാവം രുഗ്മിണി അന്നു മുതൽ വിധവയായി.

വികാരങ്ങൾക്ക് ഇക്കിളികൂട്ടുന്ന ഘട്ടത്തിൽ പതിനേഴാമത്തെ വയസ്സിൽ അങ്ങനെ അവൾക്ക് കാവിയുടുക്കേണ്ടിവന്നു. തല മുണ്ഡനംചെയ്യേണ്ടിവന്നു. ജാത്യാചാരവും അതായിരുന്നു.

ഏകസൃഗാഭരണം കുടുംബവും അന്യനാട്ടിലേക്കു പോയതോടെ രുഗ്മിണി ഒററക്കായി. വഴി തെററിപ്പോവാൻ ധാരാളം സാധ്യതകളുണ്ടായിരുന്നു. പക്ഷേ രുഗ്മിണി പിടിച്ചുതന്നെ നിന്നു.

ഒരിക്കൽ പാട്ടിയമ്മ തന്നോട് അക്കഥകൾ പറഞ്ഞു ഉത്സവദിവസങ്ങളിലാണ് വലിയ ബുദ്ധിമുട്ട്. അഗ്രഹാരങ്ങളിൽ ഏഴുവൻ രാജവെമ്പാലകൾ പുളഞ്ഞാടുന്ന ദിവസങ്ങളാണതു്. സർപ്പപ്പാട്ടിന് ദൂരെ നിന്നു പോലും ആളെത്തും

പാട്ടിയമ്മയുടെ തൊട്ടടുത്തുള്ള ഭവനത്തിൽ ശ്രീദേവി അമ്മാൾ ഏഴു പെൺമക്കളോടും കൂടെ സർപ്പയാഗം നടത്തും. അർച്ചനയ്ക്ക് പൊതി നൽകി ഇരുട്ടിൽ ഭവ്യതയോടെ കാത്തു നിൽക്കുന്ന പുരുഷാരം.

ഇളകിപ്പോവേണ്ട നിമിഷങ്ങളാണ്. എന്നാൽ രുഗ്മിണി ഇളകിയില്ല.

നാദസ്വരം നല്ല പെരുമാളും കീഴ്ശാന്തി ഇട്ടിരാരിശ്ശനുണ്ണിയും വലവച്ചു നടന്നിട്ടും രുഗ്മിണി വീണില്ല.

കുട്ടിപ്പട്ടരോടൊത്ത് രണ്ടുമൂന്നു മാസങ്ങൾ കഴിച്ചെങ്കിലും, പുരുഷന്റെ ചൂടനുഭവിക്കാൻ രുഗ്മിണിക്ക് ഭാഗ്യം കിട്ടിയില്ല. പട്ടർ അതിന് അസമർത്ഥനായിരുന്നു.

ചില ഒഴിവു ദിവസങ്ങളിൽ കൂട്ടുകാരൊക്കെ വീട്ടുകളിലേക്കു പോകുമ്പോൾ അഗ്രഹാരത്തിൽ ഞാനൊററയാകും. ഈ ദിവസങ്ങളിൽ പാട്ടിയമ്മയെ ഒററക്കു കാണുവാൻ എനിക്കു ഭയമായിരുന്നു. ഞാൻ അങ്ങോട്ടുപോവാതെ കഴിച്ചു

ഒരു ഒഴിവുദിവസം അവർ എന്നെ നിർബന്ധിച്ചു കൂടിക്കൊണ്ടുപോയി.

അന്നു രാത്രിയിൽ എനിക്ക് ഉഗ്രമായ

ജ്വരം ബാധിച്ചു. ഒരു മാസക്കാലം പൂർണ്ണമായും രോഗശയ്യയിലായി. പാട്ടിയമ്മ വന്നില്ല അന്വേഷിച്ചുമില്ല. അങ്ങനെ തികച്ചും അവിചാരിതമായി അവർ തന്നിക്ക് ഒരു അടഞ്ഞ അധ്യായമായി:

ആരോഗ്യം വീണ്ടുകിട്ടിയ ഒരു പുലർകാലത്ത് അഗ്രഹാരത്തിലെ പെൺകുട്ടി പറഞ്ഞു:

ഇന്ന് എന്റെ പിറന്നാളാണ്. ചേട്ടൻ ഇവിടെ ഉണ്ണണം.

അവൾ രാവിലെ ക്ഷേത്രദർശനം നടത്തി തിരിച്ചെത്തിയതേ ഉള്ളൂ. പ്രസാദം എന്റെ നെററിയിലണിയിച്ച് അവൾ കൊഞ്ചിപ്പറഞ്ഞു: ഇന്ന് സുദർശന ഹോമവുമുണ്ട്. ചേട്ടൻ അന്തഃപുരത്തിലേക്കു വരൂ.

പിന്നെ അവൾ അഗ്രഹാരത്തിലെ ഇതരവരെ തന്നിക്കുജ്ഞാതനായിരുന്ന ഊടുവഴികളിലൂടെ അകത്തേക്കു കടന്നു. ആറു മുറികൾ പിന്നിട്ട് അയാൾ ഏഴാമത്തെ തിലെത്തി.

പെൺകുട്ടി നിന്നു. അയാളും.

'ഇതാണ് എന്റെ മുറി'

അവൾ വസ്ത്രം മാററി വസ്ത്രം ധരിച്ചു.

പിന്നെ ഞാൻ ഹോമത്തിലെ 'ഋഷി'യും ഛന്ദസ്സുമായി. ഞാൻ കീർത്തിയാർജ്ജിതനായതാണെന്നും ഋഷിയാവാനുള്ള യോഗ്യത തനിക്കില്ലെന്നും പറയണമെന്നാഗ്രഹിച്ചു. പക്ഷേ, അവൾ ഇതിനകം ചമത കുസുമങ്ങളൊടിച്ച് പർണ്ണശാല തീർത്തിരുന്നു.

ഇടയ്ക്ക് ഏതോ ഒരു നിമിഷത്തിൽ അവൾ പറഞ്ഞു: 'പാട്ടിയമ്മ ഇവിടമൊക്കെ വിററിട്ട് കോയമ്പത്തൂരിനു പോകുകയാണെന്നു പറഞ്ഞു. പോകുന്നതിനു മുമ്പ് അവൾക്ക് ചേട്ടനെയൊന്നു കണ്ടാൽ കൊള്ളാമെന്നുണ്ട്. അവരിപ്പോൾ ഊണും നിർത്തിയിരിക്കുന്നു.'

അയാൾ ഒന്നും മറുപടി പറഞ്ഞില്ല.

മാസങ്ങളോളം വീട്ടിൽനിന്നു് കാശയച്ചുതരാതായപ്പോൾ കോളജിൽനിന്നു് ബഹിഷ്ക്കൃതനായപ്പോൾ. അയാൾ ആശ്രമത്തിലെ മഠാധിപതിയായി. അക്ഷരാനന്ദൻ എന്ന പേർ സ്വീകരിച്ചു.

അഗ്രഹാരത്തിലെ മുറികൾ പലതായി വിഭജിക്കുകയും പഴയ ഓററക്കട്ടിലുകൾ രണ്ടായി പണിയിക്കുകയും ചെയ്തു. അഗ്രഹാരത്തിനു് കണ്വാശ്രമം എന്നു പേരിട്ടു.

ആശ്രമത്തിൽ ഒരു അമ്മ കഴിച്ചുകൂട്ടാൻ വന്നുതായി. പാട്ടിയമ്മയെത്തന്നെയാണു് അയാൾ ഇതിനായി മനസ്സിലുറച്ചതു്.

ഒരു ദിവസം അയാൾ അവരെ കാണാൻ പോയി. വാതുക്കലുണ്ടായിരുന്ന ഉളുമ്പട്ടു് കണ്ടില്ല. വീട്ടുമുററമാകെ കാട്ടുചെടികൾ പടർന്നുകിടക്കുന്നു. തെച്ചിയും ജമന്തിയും പൂത്തുനിന്നിടങ്ങളിൽ അരണയും കൈനാറിയും പന്തലിച്ചുകിടക്കുന്നു.

മുനിസിപ്പാലിററിക്കാർ ഏതു നിർബന്ധിച്ചിട്ടും മുടാതെ പവിത്രമായി സൂക്ഷിച്ചു തന്നു കിണററിൽനിന്നു് കാട്ടുമരങ്ങൾ വളരുന്നു് ഒരു വനത്തിന്റെ പ്രതീതിയോടെ നില്ക്കുന്നു. ഇഴജന്തുക്കൾ കടന്നു പോയതിന്റെ വ്യക്തമായ പാടു് ശ്രദ്ധിച്ചുകൊണ്ടു നിൽക്കവേ അയാൾക്കു് പരിഭ്രമം വർദ്ധിച്ചു. മററാരു ലോകത്തായതുപോലെ അയാൾ സ്തംഭിച്ചുനിന്നു.

"പാട്ടിയമ്മ"

—അയാൾ ഉറക്കെ വിളിച്ചു.

ഇല്ല. ആരും വിളികേൾക്കുന്നില്ല. കോലായിൽ മുമ്പു് പാട്ടിയമ്മ വിശ്രമിക്കാറുണ്ടായിരുന്ന കയററുകട്ടിൽ ഒടിഞ്ഞു താണുകിടക്കുന്നു. മുകളിൽ പലകയിൽ സൂക്ഷിക്കാറുള്ള ചുരുന്ന ബയൻറിട്ട കമ്പരാമായണവും കാണുന്നില്ല

മാറാല കെട്ടിയ കോലായിൽ കയറി അയാൾ കിളിവാതിലിലൂടെ അകത്തേക്കു് ഒളിഞ്ഞുനോക്കി: നാദസ്വരം നല്ല പെരുമാളും പാട്ടിയമ്മയും ഇണചേർന്നു കിടക്കുന്നു.

വിളറിയ അയാൾ തൻകൈകയറത്തു് പെരുമാളിന്റെയും പാട്ടിയമ്മയുടെയും ശവദാഹം നടത്തി.

—o—

സമതലഭൂമി. കാടു് ഒട്ടുദൂരം വഴിമാറി തന്നിരിക്കുന്നു. കരിമ്പായൽ പിടിച്ച പരന്ന പാറ. പാറയുടെ ഇടയിലുള്ള തടങ്ങളിൽ ദുർഗ്ഗന്ധപൂരിതമായ ചെളി: ചെളിയിൽ വളരുന്ന ഉയരം കുറഞ്ഞ മുൾച്ചെടികൾ മുമ്പിൽ വിളിപ്പാടകലെ, നെടും കോട്ടപോലെ മല. മലയുടെ നടുവിൽ വെട്ടിമുറിച്ചതുപോലെ ഒരു വിള്ളൽ.

ശബരിമല സ്വാമിദർശനം കഴിഞ്ഞു മടങ്ങുന്ന ഒരു സംഘംപോലെ മുഖം കനിച്ചു് ഒത്തപോലെ തെന്നിത്തെന്നി നടക്കുന്ന ആർക്കും അന്യോന്യം പറയാനൊന്നുമില്ല.

എത്രപേരുണ്ടു് തന്റെ സംഘത്തിൽ? എണ്ണി തിട്ടപ്പെടുത്താൻ വയ്യ. അതിനുപോ



ലും മനസ്സാന്നിദ്ധ്യം ഇല്ല. ഭാസ്കരൻ നേരെ മുന്നിൽത്തന്നെ ഉണ്ടു്. കാററിൽ ചാഞ്ചാടി നീങ്ങുന്ന ചെടിപോലെ വലതുവശത്തു് കുഞ്ഞാണ്ടി. തന്റെ കമ്പനിക്കാരായ നാലഞ്ചു ഭൂകളെക്കൂടി തിരിച്ചറിഞ്ഞു. മററെല്ലാം അപരിചിതർ. ഒരുപാർത്തൽ എന്തു പരിചിതർ? പരിചയത്തിനും അപരിചയത്തിനും ഇടയിലെ എന്തു പ്രസക്തി? ഭാഷയുടെയും ആചാരവിശേഷങ്ങളുടെയും മാറ്റമററിഞ്ഞാൽ മനുഷ്യൻ എല്ലാം ഒന്നുതന്നെ. ഒരേ ഉല്ലണ്ണ ആശങ്ക. അതാ മുമ്പിൽ ചുഴലിൽ ചുമടേററിയതുപോലെ കുനിഞ്ഞു് ആയം പിടിച്ചു് നടക്കുന്ന കുമ്പോണിയും വിരക്കുന്ന ചെന്നായയുടെ കണ്ണുകളുള്ള കുറുത്ത ഒടിയ തമ്പിഴനും ഓർക്കുന്നതു് തന്റെ കുടുംബത്തെക്കുറിച്ചല്ലാതെ മറെറന്താണു്? പറക്കമുററാത്ത കുട്ടികളുപ്പററിയും കാര്യശേഷിയില്ലാത്ത ഭാര്യയെപ്പററിയും ആശങ്കപ്പെടുന്ന ജീവനില്ലുള്ള കൊടുപോലെ, ഈശ്വരൻ മനുഷ്യനു കൊടുത്തിരിക്കുന്ന ഒരു മാറാപ്പു്. നിന്റെ സന്തതികൾ സ്വയം ആഹാരം തേടാൻ കാലമാകുവോളം നീ അവരെ രക്ഷിക്കണം നിന്നെ മറന്നും നീ അവരെ നോക്കണം ഏററവും വലിയൊരു സദ്വികാരമാണിതു് എന്ന ബോധം ഞാൻ നിന്നിലുണ്ടാക്കും. കാരണം നിന്റെ വംശം നിലനിർത്തേണ്ടതു് എന്റെ ആവശ്യമാണു്. പെണ്ണുമായി ഇണചേർന്നു് നീ സന്താനങ്ങളെ ഉൽപ്പാദിപ്പിക്കേണ്ടതും എന്റെ ആവശ്യമാണു്. അധികവേണ്ടി സൗന്ദര്യം എന്നു നീ വിളിക്കുന്ന മിനുപ്പും കൊഴുപ്പുമൊക്കെ ഞാൻ പെണ്ണിനു കൊടുത്തിരിക്കുന്നു—

ഇങ്ങനെ പെററുപെരുകി പോററാൻ വയ്യാത്തത്ര മനുഷ്യപ്പുഴുക്കൾ ഭൂമിയിൽ ഉണ്ടാകുന്നതു് ഈശ്വരൻ മുൻകൂട്ടി കണ്ടിരുന്നില്ലേ? ഉവ്വു്, അതിനു പ്രതിവിധിയും കണ്ടിരുന്നു. യുദ്ധങ്ങൾ, മഹാമാരികൾ പ്രകൃതിക്ഷോഭങ്ങൾ—

നിനക്കു ബുദ്ധി വികസിച്ചപ്പോൾ യുദ്ധങ്ങൾക്കു വിലക്കു കല്പിച്ചു, മഹാമാരികളെ തടഞ്ഞു പ്രകൃതിക്ഷോഭങ്ങളെ നിയന്ത്രിച്ചു. ശരി. നീ തന്നെ ജനസംഖ്യതേയും നിയന്ത്രിച്ചോളൂ—

ആരെയോ തല്ലാൻ പോകുമ്പോലെ വാശിയോടെ നടന്നു നീങ്ങുന്ന കണ്ണടക്കാരനായ ബംഗാളിയുടെ മനസിലും ഇതൊക്കെത്തന്നെയാവും. "ഫൈലി ഇൻഫ്ളൈ ബിൾ" എന്നു പേരുണ്ടായിരുന്ന ഫവിതിദാർ ഷ്ളാക്ക് മുഖർജിയുടെ രൂപം തന്നെ. മിണ്ടുന്നതിൽ ഭൂതം വരുന്ന മുക്കർജി. ജീവനുള്ള അസ്ഥിപഞ്ജരം. മുഖത്തിനു ചേരാത്ത തണ്ടു വലിയ കണ്ണുകൾ മാത്രമുണ്ടു്. അക്കണ്ണുകൾ ക്ളാർക്കു് ആയിരുന്നു. അളുകളുമായി ധാരാളം ബന്ധപ്പെടേണ്ട ജോലി. പക്ഷെ, മുക്കർജിയുടെ അടുത്തു് അടുക്കാം പോവില്ല. പേടി. മിംഭിപ്പോയാൽ 'കൊന്നുകളയും' എന്നാണു് മുക്കർജിയുടെ ഭീഷണി.

ഇസ്ലാമിക്കാരനായ ഹിദായാൽ ഒരിക്കൽ പറഞ്ഞു:

'ദാദാ ശമ്പളം തന്നില്ലെങ്കിൽ വേണ്ടാ. കടുംകൈ ഒന്നും ചെയ്യരുതു്. വീട്ടിൽ ഭാര്യയും കുട്ടികളും ഉണ്ടു്.'

അതു കേൾക്കുമ്പോൾ മുക്കർജിക്കു കൂടുതൽ ദേഷ്യം, ദേഷ്യം വന്നാൽ മലമ്പനിക്കാരനെപ്പോലെ തുള്ളും. അങ്ങനെ തുള്ളിക്കാൻ വേണ്ടി ആരെല്ലാം എന്തെല്ലാം കസ്തുതികൾ കാണിച്ചിരിക്കുന്നു —

'ഫാൾട്ടു്.'

അടക്കിയ സ്വരം.

നോക്കുമ്പോൾ ഡെന്നീസ് പോൾ ഒരു ട്രാഫിക്കു് കോൺസ്റ്റബിളിനെപ്പോലെ കൈകൾ വിവർത്തിപ്പിടിച്ചു മുന്നിലേക്കു് ഓടിവരുന്നു.

പേടിച്ചുനിന്ന മാർച്ചുചെയ്തു പോകുന്ന പട്ടാളവിഭാഗം നിൽക്കുമ്പോലെയല്ല, ബ്രേക്കു കുറവുള്ള വണ്ടി പോലെ. പിന്നിൽ നില്ക്കുന്നവർ മുമ്പിൽ വില്ക്കുന്നവരെ വന്നിടിച്ചു.

ഡെന്നീസ് പോൾ ഞങ്ങളുടെ സംഘത്തിലെ തലവനെ വിളിച്ചു് എന്തോ മന്ത്രി

നോവൽ; പതിനാറു്

പാറപ്പുറത്തു്

ച്ചു. രണ്ടുപേരുടേയും മുഖത്തു് തീവ്രമായ, സംശയസ്വരമായ ചിന്താഭാവം.

നേരിട്ടുള്ള വഴി വിട്ടു് ഇടതുവശത്തേക്കു സംഘം നയിക്കപ്പെട്ടു. നേതാവിന്റെ പേടിപ്പെടുത്തുന്ന നിർദ്ദേശം:

'ആരും ഒച്ചയുണ്ടാക്കരുതു്. കാലടി ഒച്ച പോലും.'

ഉയരമുള്ള കററിച്ചെടികളുടെ മറവിൽ ഒളിച്ചു മുന്നോട്ടു പോയ സംഘത്തിലെ ആളുപോലെ ഒളിച്ചിരിക്കുകയാണു് അപ്പോഴാണു് അറിയുക.

ഓഫീസറന്മാർ കൂട്ടംകൂടി നിന്നു് ആലോചിക്കുന്നു അതുവിക്കരയിൽവച്ചു് നടന്ന പട്ടിലുള്ള അതേ ആലോചന.

"കാര്യമെന്താ?"

ഓരോരുത്തരും അടുത്തുനിന്നവരോടു ശബ്ദമുണ്ടാക്കാതെ ചോദിച്ചു. ആർക്കും ഒന്നും മനസിലാവുന്നില്ല.

കാര്യം മനസ്സിലാകാൻ വൈകിയില്ല.

മലയിടുക്കിനു മുമ്പിൽ കാലടിപ്പാടുകൾ കണ്ടിരിക്കുന്നു. സംഘമായി നീങ്ങിയ, ബൂട്ടു ധരിച്ച ആളുകളുടെ കാലടിപ്പാടുകൾ!! മലയിടുക്കു കടക്കാൻ ഭയപ്പെടേണ്ടാം. ഒരു ത്രീടൺ ലോറിക്കു കടന്നുപോകാൻ മാത്രം വിസ്തീർണ്ണമുള്ള മലയിടുക്കാണ് ഇരുവശവും പതിയിരിക്കാൻ സൗകര്യമുള്ള ഗുഹകൾ. മറഞ്ഞിരിക്കാവുന്നതരം ചെറിയ മരങ്ങൾ. ആദ്യസംഘത്തെ നയിച്ചിരുന്ന ക്യാപ്റ്റൻ ഡെന്നീസ് പോൾ തന്നെയാണ് ഈ കാലടിപ്പാടുകൾ കണ്ടെത്തിയതു്.

മലയിടുക്കു കടന്നാൽ അവിശ്വനീയമാം വണ്ണം വേഗത്തിൽ രക്ഷാസങ്കേതത്തിൽ എത്തിച്ചേരാം. മലചുററിപ്പോയാൽ ഇനി കുറേ ദിവസത്തെ യാത്ര. മരണത്തേ നേരിടുന്നതു് അതിൽ എത്രയോ എളുപ്പം?

മുൻപ് ഡന്നീസ് പോളിനെ എതിർത്ത ജാ്മേജരുടെ ഉറച്ച ശബ്ദം.

"ഞാൻ അപ്പോഴേ പറഞ്ഞില്ലേ? ഇതല്ല നമ്മുടെ വഴി. ഇവിടെ അപകടം പതിയിരിക്കുന്നു. ഒരു വിവരം കെട്ടവൻെറ വാക്ക് വിശ്വസിച്ചതു കൊണ്ടു പററിയ അപകടം!"

പോൾ സാഹ്ബ് വിട്ടില്ല:

"വഴി ഇതു തന്നെ. എനിക്കറിയാം."

ജാ്കാരൻ മുഖത്തടിച്ചു പറഞ്ഞു:

"തനിക്കൊരു ചുക്കുമറിയില്ല. കള്ളൻ. ചതിയൻ."

പോൾസാഹ്ബ് നീന്നുറഞ്ഞു. പക്ഷെ നിയന്ത്രിച്ചു.

"സൂക്ഷിച്ചു സംസാരിക്കണം. എളുപ്പമുള്ള വഴിയേപ്പററിയാണു ഞാൻ പറഞ്ഞതു്. എൻെറ കണക്കു തെററിയിട്ടില്ല."

"അതെ എളുപ്പം—കാലപുരിയിലേക്ക്."

ബ്രിഗേഡിയർസാഹ്ബ് വീണ്ടും ഡെന്നീസ് പോളിൻെറ രക്ഷയ്ക്കെത്തി.

"ഫേസ് റിയാലിററി. നാമിവിടെ എത്തിച്ചേന്നിരിക്കുന്നു. രക്ഷയ്ക്കുള്ള വഴി ആലോചിക്കുക."

എന്താണു രക്ഷ? അതദ്ദേഹം പറഞ്ഞില്ല. അദ്ദേഹത്തിനു തനതായി എന്തു പറയാനാവും? സമരമുറകളെപ്പററി, സമരതന്ത്രങ്ങളെപ്പററി പഠിച്ചിട്ടുള്ളവരാണ് എല്ലാവരും. അക്കം അഭിപ്രായം പറയാം. എങ്ങനെയും മരണക്കെണി പോലെയുള്ള ഈ മലമ്പാതയിലൂടെ കടന്നു് മറുപുറത്തെത്തണം.

ജാ്മേജർ പറഞ്ഞു:

"ശരി സാർ. "റെക് അണോയിററ്"—നു് ഒരു പാർട്ടിയെ അയയ്ക്കണം."

യെസ്, സം ബഡി ഫ്രം ദി ഇൻഫെൻറ്റി.

"നോ നീഡ് സർ, വഴി നിശ്ചയമുള്ള ആളു മതി."

അയാളെന്താണ് ഊന്നിയതു് എന്ന് ബ്രിഗേഡിയർ സാഹ്ബിനു് മനസിലായി. ക്യാപ്റ്റൻ പോളിനു് മനസിലായി. കേട്ടുനിന്നവർക്കും മനസ്സിലായി. സംഘത്തെ ഇവിടെ വരെ നയിച്ചുകൊണ്ടു വന്നതാരോ, അയാൾ തന്നെ പോകണം. അതു് ഈ കറുത്ത മദ്രാസി അല്ലാതെ മററാരു്? മാത്രമോ, താൻ പണ്ട് ഇൻഫെൻററിയിലും പിന്നെ എഞ്ചിനീയേഴ്സിലും ഒക്കെ ഉണ്ടായിരുന്നു എന്നാണല്ലോ ഈ മദ്രാസി വീമ്പിളക്കിയിരിക്കുന്നതു്.

ഇതിനകം ക്യാപ്റ്റൻ പോൾ ഈ രംഗനിരീക്ഷണത്തിനും പരിശോധനയ്ക്കും സ്വയം തയ്യാറെടുത്തു കഴിഞ്ഞിരുന്നു. അദ്ദേഹം വിശ്വസ്തരായ പതിനഞ്ചു് അനുയായികളെ തെരഞ്ഞെടുത്തു. സ്വന്തം കമ്പനിയിൽ നിന്നും നായക് ബാലനും, ലാൻറ്സ് നായിക്ക് പരശു മുത്തുവും സിപായി ഡാനിയേലും. മററു യൂണിററുകളിൽനിന്നും പന്ത്രണ്ടു പേർ.

യാത്ര കൊണ്ടു തീരെ തളർന്നു പോയിട്ടില്ലാത്തവൻ...ഒരു കടുത്ത പരീക്ഷണത്തെ നേരിടാൻ കെൽപ്പുള്ളവൻ. മലയിടുക്കിലൂടെ എത്ര ദൂരം നടന്നാൽ മറുപുറത്തെത്താം? അപ്പുറം കടക്കാൻ വേണ്ടുവോളം ദൈർഘ്യമുള്ള വഴിതന്നെയോ ഇതു്? ഒന്നും നിശ്ചയമില്ല. ആരോ കയറിപ്പോയ കാലടിപ്പാടുകളുണ്ട്. അതു് ആരെങ്കിലും ഒളിച്ചിരിക്കാൻ വേണ്ടി കയറിയതല്ലയെന്നു് എങ്ങനെയറിയാം?

ഒരു മുൻ പരിശോധനയ്ക്കുവേണ്ടി നാലാളുകളെ മലകയറാൻ നിയോഗിച്ചു. ഗഡ്വാളികളും കുമയോണികളുമായ നാലു പേർ. കുഞ്ഞുന്നാൾ മുതൽ മലകയറി ശീലിച്ചവർ. ഒളിച്ചും പതുങ്ങിയും കയറിച്ചെന്നു് മലയ്ക്കപ്പുറത്തു് എന്താണു് എന്നു് കണ്ടുപിടിക്കുക. ശത്രുതാവളത്തിൻെറ എന്തെങ്കിലും അടയാളങ്ങളുണ്ടോ? അങ്ങനെ ആരെങ്കിലുമുണ്ടെങ്കിൽ അവർ തങ്ങളെ കണ്ടുപിടിച്ചാൽ ആകെ കുഴപ്പത്തിലാകും.

മുൾച്ചെടികളുടേയും, പുൽ മേടുകളുടേയും മറപററി പല മാർഗ്ഗങ്ങളിലൂടെ നാലാളുകൾ ഇഴഞ്ഞും നീന്തിയും കയറിപ്പോകുന്നതു് ശ്വാസമടക്കിപ്പിടിച്ച് മററുള്ളവർ നോക്കിയിരുന്നു. പലേടത്തും കുഴക്കാംതൂക്കായ കയററമാണ്. വിശപ്പുകൊണ്ടും അദ്ധ്വാനം കൊണ്ടും നേരത്തേ തളർന്നു പോയവർ, മനോധൈര്യത്തിൻെറ ബലം മാത്രമേയുള്ളു.——

മരണഭീതി എന്ന വികാരം പോലും കൈമോശം വന്നിരിക്കുന്നുവോ? ഇനി എന്തും വരട്ടെ എന്ന തോന്നൽ. ഒന്നുംസത്യമല്ല, മിഥ്യയാണ് എന്നു സങ്കല്പിക്കാൻ ശ്രമിച്ചു നോക്കി. സ്ഥലകാലബന്ധമില്ലാത്ത കടംകഥ പോലെ ഒരു സ്വപ്നം.

താൻ കമ്പനിയാഫീസിലെ ഹെഡ് ക്ളാർക്കിൻെറ സീററിലിരിക്കുകയാണ്. അക്പിററൻസ് റോളിലെ (ശമ്പളബിൽ) തുക കണക്കുകൂട്ടി റററാലിചെയ്യുകയോ, പ്രൊമോഷൻെറയും, ഇൻക്രിമെൻറിൻെറയും 'പാർട്ട്ററു ഓർഡർ' ടൈപ്പു ചെയ്യുകയോ ആണ്. എല്ലാം റെഡിയാക്കി ഉച്ചയാകുമ്പോഴേക്കും ഒപ്പിടീക്കാൻ 'ഓസി'യുടെ അടുത്ത് ഓർഡലി ചാത്തുവശം കൊടുത്തയയ്ക്കണം. എത്രയോ മുമ്പു തീർക്കേണ്ട ജോലികൾ. അഞ്ചുപേർ ചെയ്യാനുള്ള ജോലി താനൊരുത്തൻ ചെയ്യേണ്ട ഗതികേട്. ഒരുത്തൻ ആശുത്രിയിൽ. മററൊരുവൻ ഭാര്യയ്ക്കു പ്രസവമടുത്തു എന്ന കാരണത്തിന്മേൽ അവധിയിൽ. മൂന്നാമതൊരുത്തൻ അങ്ങാടിക്കുന്നേല്, പച്ചക്കുന്നേല് എന്നറിയാൻ പാടില്ലാതെ ബൊമ്മപോലെ ഓഫീസിൽ വന്നിരിക്കുന്നു. എന്തു പറഞ്ഞാലും "ഭദ്രകാളി"യെ പടിച്ചു സത്യം ചെയ്യുന്നു.

ഞ്ഞുന്നതു് പതിനായിരങ്ങൾക്കു് ചെയ്യാവുന്നതു്. തനിക്കു മാത്രമായി ചെയ്യാവുന്നതെന്തെങ്കിലുമുണ്ടോ?

മാധവനുണ്ണിത്താൻ സാറു് പറയാറുണ്ടായിരുന്നതു് എപ്പോഴും ഓർക്കും:

"തനെക്കൊണ്ടു് ഈ ലോകത്തിനു് ആവശ്യമുണ്ടെന്നു് ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ കഴിയാത്ത ഒരാൾ ജീവിച്ചിരിക്കുന്നതിൽ അർത്ഥമില്ല"

അന്നു് ആ പറഞ്ഞതിന്റെ അർത്ഥം മനസ്സിലാക്കാൻകൂടി കഴിഞ്ഞിരുന്നില്ല. ഇന്നു് അർത്ഥം മനസ്സിലാകുന്നുണ്ടു്. പക്ഷേ എന്തു പ്രയോജനം? തന്റെ കഴിവു് പ്രകടിപ്പിക്കാനുള്ള അവസരമില്ല. തന്നെപ്പോലെ പതിനായിരങ്ങൾക്കും ആ അവസരം ലഭിക്കുന്നില്ല.

ആരോ തട്ടിവിളിച്ചു. പേടിച്ചു് എഴുന്നേററു. ക്യാപ്ററൻ ഡെന്നിസ്പോൾ മുന്നണിയിലേക്കു പോകാനുള്ള ഹെൽമററും സ്റ്റെൻഗണ്ണും അതിന്റെ തിരകളും അണിഞ്ഞിരിക്കുന്നു. അദ്ദേഹം എന്നെ നോക്കി മന്ദഹസിച്ചു.

"നാങ്കെ പോറേൻ മത്തായി. നീങ്കെ പിന്നാടി വന്തിട്ടങ്കാ

അറിഞ്ഞോ അറിയാതെയോ യാത്രാനുമതിയ്ക്കുന്നോണം ഒരു നിമിഷം നിശബ്ദനായി അദ്ദേഹം എന്നെ നോക്കിനിന്നു എന്നിട്ടു തിരിഞ്ഞു നടന്നു.

പോൾസാഹിബ് തന്റെ അനുയായികൾക്കു നിർദ്ദേശങ്ങൾ കൊടുത്തു. അദ്ദേഹം തനിയ്ക്കു മുൻപിൽ പോകും. പിമ്പിൽ പത്തോ പതിനഞ്ചോ അടി അകലം വിട്ടു്. രണ്ടുപേർ ചേർന്നു വരണം. നേരിയ ചലനംപോലും ശ്രദ്ധിക്കണം. ഓരോ അടി വയ്ക്കുമ്പോഴും സ്വയരക്ഷയ്ക്കുള്ള കരുതലുണ്ടായിരിക്കണം. പിന്നെ ചില അടയാളങ്ങൾ. ചില ശബ്ദത്തിന്റെ സൂചനകൾ —

അങ്ങനെ ക്യാപ്ററൻ പോൾ തന്റെ പതിനഞ്ചു് അനുയായികളോടുകൂടി ഒലിട്ടക്കിലേക്കു കടന്നു. നൂറുവാര പിന്നിൽ മററു സൈനിക വിഭാഗങ്ങൾ. ആയുധസജ്ജീകരണങ്ങളുടേയും യുദ്ധപരശീലനത്തിന്റെയും മുഖപ്രകാശം സംഘംസംഘമായി മുന്നോട്ടു നീങ്ങി. ഉൽക്കണ്ഠ ഉറഞ്ഞുകൂടിയ നിമിഷങ്ങൾ. വിശപ്പും ദാഹവും ക്ഷീണവും എല്ലാവരും മറന്നിരിക്കുന്നു. എങ്ങനെയും ജീവൻ നിലനിർത്തണം.

മലയാളനാട്

വാരിക

വരിസംഖ്യനിരക്കു്

ഒരു വർഷത്തേക്കു്	40–00രൂ
ആറുമാസത്തേക്കു്	20–00രൂ
ഒററപ്രതി	00–75സ

വിദേശങ്ങളിൽ അയയ്ക്കുന്നതിനു് വരിസംഖ്യാനിരക്കിൽനിന്നും പോസ്റ്റേജ് കൂടുതലായിരിക്കുന്നതാണു്.

മാനേജർ.

കുറച്ചുദൂരം കടന്നപ്പോൾ കട്ടപിടിച്ച ഇരുട്ടായി. വഴിയുടെ വീതി കുറഞ്ഞുവന്നു. വഴി മുന്നും നാലും ശിഖരങ്ങളായി പിരിയുന്നു. അവയിൽ പലതും ഇരുട്ടു കട്ടപിടിച്ച ഗുഹകളിലേക്കു നയിക്കുന്നവ. അങ്ങനെ വഴിചുററി പോവുകകാരണം പല സംഘങ്ങളും എങ്ങുമെങ്ങും എത്താതെ ചുററിത്തിരിയുകയാണു്.

ഒരു വെടി പൊട്ടി. വീണ്ടും വെടി. മാലപ്പടക്കത്തിനു തീ കൊളുത്തിയതുപോലെ വെടി. ശത്രുവിന്റെ വെടി, ശബ്ദം കൊണ്ടു തിരിച്ചറിഞ്ഞു.

* * *

അവസാനം ആ വഴിയുപേക്ഷിച്ചു പിൻവാങ്ങാൻ തീർച്ചയാക്കി. അനേകം ബ്യൂളററുകളേററ ക്യാപ്ററൻ ഡെന്നിസ്പോളിന്റെ മൃതദേഹത്തിനു മുന്നിൽ ഓരോ പടയാളിയും ശിരസ്സു കുനിച്ചു കടന്നുപോയി. എന്റെ ഊഴം വന്നപ്പോൾ തേങ്ങൽ അടക്കി, കൂടെയുണ്ടായിരുന്ന കുഞ്ഞാണ്ടിയുടെ മാറിൽ ഞാൻ മുഖം ഒളിച്ചു.

പതിനഞ്ചു പേരിൽ മരണപ്പെട്ടതു് ക്യാപ്ററൻ പോൾ മാത്രം. ബാക്കി ഉള്ളവരെ മുന്നുപേർ നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു.

ജീവനുവേണ്ടിക്കേണ്ടി വന്നെങ്കിലും ശത്രുക്കളിൽ ഒരു ഡസൻ പേരെങ്കിലും ക്യാപ്ററൻ പോൾ വക വരുത്തിയിരുന്നു. ആ മൃതദേഹങ്ങൾ വലിച്ചുകൊണ്ടു പോയതിന്റെ ചോരപ്പാടുകൾ വ്യക്തമായി കാണാമായിരുന്നു □

ഉണർന്നപ്പോൾ പതിവുപോലെ അവളുടെ കൈകൾ ജനാലപ്പടിയിലേയ്ക്കു നീണ്ടു. ഒരു കല്ല് തപ്പിയെടുത്ത് കൈയിലിട്ടുതിരിച്ചു് അവൾ അതിലേയ്ക്കു് തന്നെ നോക്കി ചെരിഞ്ഞു കിടന്നു.

ഇതിനാണെന്നാണ്? തന്നോടൊപ്പ [illegible] ഒരു

ത്തില്ലാതെ ഒരു നെടുവീർപ്പോടെ അവൾ ചിന്തിച്ചു. ഒന്നുമില്ലും ഉണ്ണാതിരുന്നുവെങ്കിൽ! ഒരു രാത്രി ഉറങ്ങാൻ കഴിഞ്ഞിട്ട് പിന്നീടൊരിയ്ക്കലും ഉണ്ണാതിരിയ്ക്കുക!

അവൾ കൈയിലുള്ള കല്ല് പുറത്തേയ്ക്കു് വലിച്ചെറിഞ്ഞിട്ട് ജനാലപ്പടിയിൽ ബാക്കിയുള്ള കല്ലുകൾ വെറുതെ എണ്ണാൻ തുടങ്ങി. അവ എത്രയുണ്ടെന്ന് എണ്ണാതെ തന്നെ അവൾക്കറിയാവുന്നതാണ്. എങ്കിലും ഇനി ഇരുപത്തിയാറെണ്ണം. ഇരുപത്തിയാറു ദിവസം കൂടി കഴിഞ്ഞാൽ അയാൾ തിരിച്ചെത്തുന്നു! അയാൾ ഒരു ബിസിനസ്സ് ടൂറിലാണ്. നാലഞ്ചുദിവസം മുമ്പാണ് അവൾ അതറിഞ്ഞതു്. പൊടുന്നനെ എടുത്ത തീരുമാനമായിരുന്നത്രെ. ആ വാർത്ത അവളെ അമ്പരപ്പിച്ചു. രണ്ടുമാസമായി അവർ അല്പം അസുഖത്തിലായിരുന്നു. കൃത്യമായി പറഞ്ഞാൽ രണ്ടാഴ്ചമുമ്പ്. ആറേഴ് മാസങ്ങളോളമായിട്ടു "അവർ നിരന്തരം ഭാവിയ്ക്കുകതന്നെയാണ്. അതവളുടെ പ്രൊമോഷനെ തുടർന്നാണുണ്ടായതു്. അവൾ എം. ഡി. യുടെ പി. എ. ആയി നിയമിയ്ക്കപ്പെട്ടപ്പോൾ അയാൾ എഴുത്തുയുദ്ധം ആരംഭിച്ചു. അവൾക്കതിനുള്ള അർഹതയൊന്നുമില്ലെന്നാണയാളുടെ വിശ്വാസം. എം. ഡി. യെ അറിയാവുന്നതുകൊണ്ടുതന്നെ അയാൾ എം. ഡി. യെ വെറുത്തിരുന്നു. എം. ഡി. യുടെ കൈകൾ ഗൂഢഗതിയിൽ പ്രവർത്തിച്ചതു

കൊണ്ടാണ് അവൾക്ക് പ്രൊമോഷൻ കിട്ടിയതെന്നാണ് അയാളുടെ വാദം. അവളോടതു പറഞ്ഞപ്പോൾ അയാൾ കടുത്ത ദേഷ്യം ഭാവിച്ചു.

"നിനക്ക് അയാളുമായി ബന്ധം തുടങ്ങിയിട്ടെത്ര കാലമായി?"

അയാൾ ചോദിച്ചു. അവൾ അമ്പരന്നു. അയാൾ പറയുന്നതിലെ ധ്വനി അവൾക്കു മനസ്സിലാകുന്നതു തന്നെയായിരുന്നു. അതു പക്ഷെ, അവളുടെ നിർദ്ദോഷമായ മനസ്സിൽ ദേഷ്യമാണ് നിറച്ചതു്. പ്രേമത്തിന്റെ പിറകെ പായുന്ന ഒരു സാധാരണക്കാരി പെൺകുട്ടിയായിരുന്നില്ല, അവൾ. പക്ഷെ, അയാളോടുള്ള അവളുടെ സ്നേഹം അവിശ്വസിയ്ക്കപ്പെടുന്നതു്.



ചോദ്യം ചെയ്യപ്പെടുന്നതു്; അവൾക്കസഹ്യമായിരുന്നു. കാരണം, അവൾ കരുതുന്നതും ബലമായി വിശ്വസിയ്ക്കുന്നതും അവളുടെ ലോകം മുഴുവനും അയാളിലാണുണ്ടെന്നും അവളുടെ ലോകത്തിൽ മുഴുവൻ അയാൾ നിറഞ്ഞു നില്ക്കുന്നുവെന്നുമാണ്. അതുകൊണ്ട്, അയാളുടെ അവിശ്വാസപ്രകടനം അവളെ ചൊടിപ്പിച്ചു. അയാളുടെ സംശയങ്ങൾ തിരുത്തിക്കൊടുക്കാനോ ദൂരീകരിയ്ക്കാനോ അല്ല, അയാളെ കണക്കറ്റു ദേഷ്യപ്പെടാനാണ് അവൾക്കു തോന്നിയതു്. അന്നും അയാൾ ഇതുപോലെ ഒരു ബിസിനസ് ടൂറിലായിരുന്നതുകൊണ്ട് പ്രമോഷനെത്തുടർന്നുണ്ടായ ഴക്കേടുകൾ അവർ കത്തുകളിലൂടെ തുടർന്നു. ദിവസേന ഒരു കത്തു വീതം അവർ തുടർച്ചയായി എഴുതിക്കൊണ്ടിരുന്നതാണതുതം!

അയാൾക്കു തന്നെ നല്ല വിശ്വാസമില്ലാത്തതും ഉറപ്പില്ലാത്തതുമായ കാര്യങ്ങൾ എടുത്തിട്ട് വൃഥാ വഴക്കു കൂടിക്കൊണ്ടിരുന്നു, അയാൾ. ആദ്യം അമ്പരക്കുകയും പിന്നെ ദേഷ്യപ്പെടുകയും ഒടുവിൽ നിസ്സഹായയായി പൊട്ടിക്കരയുകയും ചെയ്യാനല്ലാതെ അവശക്ക് മറ്റൊന്നും കഴിയുമായിരുന്നില്ല. വിഭ്രമാത്മകമായ ഭ്രാന്തിന്റെ വക്കത്തെത്തുന്ന് എന്നു തന്നെ പറയാവുന്ന–ഒരവസ്ഥയിലേയ്ക്കു് അവളുടെ സ്നേഹം അവളെ എത്തിച്ചുകൊണ്ടിരുന്നു.

അയാൾ തെററിദ്ധാരണയുടെ പുകക്കോട്ടുകെട്ടി സ്വയം അതിൽപ്പെട്ട് നട്ടം തിരിയുകയാണ്. എന്നിട്ടോ? അയാൾക്കു രക്ഷപ്പെടാനോ അവൾക്ക് രക്ഷപ്പെടുത്താനോ കഴിയാത്തതുകൊണ്ട് അയാൾ തന്നെ പറഞ്ഞതു പോലെ അവരുടെ സ്നേഹം മങ്ങിപ്പോകുകയും. ജീവിതാവസാനം വരെ ഒന്നിച്ചുണ്ടാകുമെന്നു പറഞ്ഞ അയാൾ...!

കഥ

സാറാജോസഫ്

അയാൾക്ക് മാററങ്ങൾ വരികയാണ്! അവൾ വേദനിച്ചു. അയാൾ അവളെ തള്ളിക്കളയുന്ന ഒരു ലോകത്തെപ്പററി ചിന്തിയ്ക്കാനുള്ള ശേഷി അവൾക്കില്ലായിരുന്നു. "അക്കാര്യത്തിൽ ഒരു ശരാശരി പെൺകുട്ടിയേക്കാൾ ശക്തി കുറഞ്ഞവളാണ് ഞാൻ."

അവൾ അങ്ങനെ എത്ര തവണ അയാളോടു പറഞ്ഞിരിയ്ക്കുന്നു. അതുകൊണ്ട് അയാൾ അകന്നകന്നു പോവുകയാണെന്നും അതിന്നു കാരണം താൻ ചെയ്ത തിട്ടില്ലാത്ത തെററാണെന്നും ഓർക്കുമ്പോൾ അവൾ അസ്വസ്ഥതയോടെ പിടയാൻ തുടങ്ങും.

അയാളാണെങ്കിൽ ഈയിടെ അവൾക്കെഴുതാറുപോലുമില്ല. വാരാന്ത്യങ്ങളിൽ അവളെക്കാണാൻ മൈലുകൾക്കപ്പുറവുനിന്നും ഓടിയെത്തിയിരുന്ന അയാളുടെ സ്നേ

ഹം എത്രമാത്രം അയഞ്ഞുപോയി അവൾ കാകട്ടെ. അയാളുടെ അനാസ്ഥ സ്നേഹത്തിവ്രത വർദ്ധിപ്പിച്ചാനാണതുകിയതു്. ലോകത്തെ ലെ സർവ്വത്ര കാരങ്ങളെക്കുറിച്ചും നിത്യേന അയാൾക്കെഴുതുമായിരുന്നല്ലോ അവൾ! അവൾ ലെററർ പോസ്ററു ചെയ്യാനെത്തുന്ന, ചെറിയ, ലോക്കൽ പോസ്ററോഫീസിലെ പോസ്ററുമാസ്ററർ അവൾക്കു് കിറുക്കാണെന്നു ധരിച്ചുവെച്ചിട്ടുണ്ടു്. നിത്യവും പതിനൊന്നരയാവുമ്പോൾ അവൾ ഓടിക്കിതച്ചെത്തുന്നു. നിത്യേന ഒരേ കൈയ്പടയിൽ ഒരേ മേൽവിലാസത്തിലെഴുതിയ കത്തുകൾ അയാളെ ഏല്പിക്കുന്നു. അയാൾ പുഞ്ചിരിയോടെ ഓർക്കും. തലയ്ക്കു ചുടാണു്! അല്ലെങ്കിൽ അയാളോടുള്ള ഭ്രാന്തൻ സ്നേഹത്തെ പ്രതി അവൾ കാണിക്കുന്നതെല്ലാം കിറുക്കുകൾ തന്നെ ആയിരുന്നില്ലേ?

വളരെ വളരെ നാളുകൾക്കുശേഷം നാലഞ്ചു ദിവസം മുമ്പു് അയാളുടെ കത്തു് കിട്ടിയപ്പോൾ അവൾ ആഹ്ലാദംകൊണ്ടുള്ളിലാടി

"എന്നെ സ്നേഹിക്കുന്നു ദയവായി എന്നെ സ്നേഹിക്കുക." അവളുടെ മനസ്സു് അങ്ങനെയാണു് സ്പന്ദിക്കുന്നതു് പിന്നെ വീണ്ടും എല്ലാം കുഴപ്പത്തിലാക്കിയതു് അയാളുടെ ഒരു സുഹൃത്തായിരുന്നു അവരെപ്പററി എല്ലാം അറിയാവുന്ന സുഹൃത്തു്. എന്തോ ഒക്കെ മറച്ചു പിടിച്ചു്, വിഷാദഭാവത്തോടെ സുഹൃത്തു് സൂചിപ്പിച്ചു.

കുറേക്കൂടി സൗഹൃദപൂർണ്ണവും ഊഷ്മളതയുമായ പെരുമാററമാണു് എന്നിൽനിന്നുമുണ്ടാവേണ്ടതു് എന്നിങ്ങനെ പറയുന്നതിനു കഴിയുന്നില്ല എന്നുമാത്രം എന്തായാലും കാലം എല്ലാം തെളിയിക്കാതിരിക്കുന്നില്ല."

സുഹൃത്തു് അങ്ങനെ പറഞ്ഞപ്പോൾ അവൾ വല്ലാതായി മിതഭാഷിയായ സുഹൃത്തിനെക്കൊണ്ടു് ഇതു പറയിപ്പിച്ചതെന്താവുമെന്ന ചിന്തക്കുഴപ്പത്തിലായി. അവൾ സുഹൃത്തിന്റെ വാക്കുകളുടെ ഉള്ളിലേക്കു് ഉള്ളിലേക്കു് നൂണിറങ്ങി അവൾ അവസ്കു് ആയിരം ധ്വനി ഉണ്ടാക്കി.

എന്തായാലും അയാൾ ടൂർ കഴിഞ്ഞെത്തുന്നതോടെ എല്ലാം അറിയാമല്ലോ പക്ഷേ, ആശ്വസിക്കാനും ആശ്വസിപ്പിക്കാതിരിക്കാനും വയ്യാത്ത ഒരവസ്ഥയാണതു് അവൾ സദാ അസ്വസ്ഥയായിരുന്നു.

ഉണർന്നു് എത്രനേരമാണു് വെറുതെ കിടക്കയിലിങ്ങനെ ഇരിക്കുക? തൻെറ മനസ്സിനെറ പ്രക്ഷുബ്ധതയത്രയും ഉപരിപ്ലവമാണെന്നും ഉള്ളിലെറ്റുള്ളിൽ അയാളെപ്പററിയുള്ള ഉറച്ച വിശ്വാസമുള്ളതുകൊണ്ടു് ആശ്വസിക്കാമെന്നും അവൾ ഒരു നൂറുതവണ സ്വയം വിശ്വസിപ്പിച്ചു.

"നീ ഒരു വിഡ്ഢിയാണു്." അവൾ അവളെ കുററപ്പെടുത്തി. എന്നിട്ടുടനെ തിരുത്തുകയും ചെയ്തു.

"അല്ലെങ്കിൽ ഇതിലെന്താണു് വിഡ്ഢിത്തമുള്ളതു്? സ്നേഹം നഷ്ടപ്പെടുന്നു എന്ന ഓർമ്മ ഏതു പെണ്ണുകിടാവിനെ സംബന്ധിച്ചും അസഹ്യം തന്നെയാണു്. തീർച്ചയും അസഹ്യംതന്നെയാണു്. അതിനെക്കാൾ തീവ്രതരമായി മറെറാന്നില്ല എന്നിടത്തോളംവരെ അസഹ്യമാണതു്!

രാവിലെ എട്ടരയ്ക്കു് അവളുടെ സ്നേഹിതയോടൊപ്പം പോകേണ്ടതുണ്ടായിരുന്നു അവൾക്കു്. എണീക്കാനോ, കുളിക്കാനോ ഒന്നു തോന്നുന്നില്ലെങ്കിലും തളർന്ന മനസ്സിനെ സ്വയം തലോടി ആശ്വസിപ്പിച്ചുകൊണ്ടു് അവൾ എണീററു.

"അങ്ങനെ ഞാനെന്തുമാത്രം സ്നേഹിക്കുന്നുണ്ടെന്നോ ഏട്ടാ!"

ജനലഴികളിൽ മുഖമമർത്തിനിന്നു് പുലർകാലത്തെ ആകാശത്തേക്കും നോക്കി അവൾ പറുപറുത്തു. ജനലഴികൾക്കപ്പുറത്തു് അയാൾ വന്നു നില്ക്കുന്നുണ്ടെന്നു് സങ്കല്പിച്ചുകൊണ്ടു് അവൾ കൂടുതലായി ചേർത്തു.

"എനിക്കു്പോലും അതു് ഊഹിക്കാൻ കഴിയുന്നില്ല"

പിന്നെ, അവൾ പതിവുപോലെ അയാളുടെ പാദങ്ങളാണെന്ന സങ്കല്പത്തിൽ തൊട്ടടുത്തുള്ള നിലംതൊട്ടു് നെറുകയിൽ വെച്ചു.

ഇഷ്ടമില്ലാതെ കുളിച്ചു്. ഇഷ്ടമില്ലാതെ ഒരുങ്ങി അവൾ സ്നേഹിതയെ കാത്തു നിന്നു അവളുടെ അവസാനായ വോട്ടത്തിനു സ്നേഹിത അവളെ കുററപ്പെടുത്തി. അവർ സ്നേഹിതയുടെ മകളുടെ സ്കൂളിലേക്കു് പോവുകയായിരുന്നു

"നിനക്കെന്തു പററി,"

അവൾ ഉത്തരം പറഞ്ഞില്ല "നമുക്കു് ടൗണിലെത്തിയിട്ടു് ഒരു ആട്ടോറിക്ഷാ വിളിക്കാം:" സുഹൃത്തു് പറഞ്ഞു

"ങ്ഹും." അവൾ വെറുതെ മൂളി. സ്നേഹിതയുടെ സാന്നിദ്ധ്യത്തിലും അവൾ കൂടെക്കൂടെ അന്യമനസ്കയായിക്കൊണ്ടിരുന്നു മുകളിലേക്കു് പുറത്തേക്കും നോക്കിയിരിക്കുമ്പോൾ അവളുടെ മനസ്സു് ഉരുക്കെവിളിച്ചുകൊണ്ടിരുന്നു.

"നിങ്ങൾ എന്നെ സ്നേഹിക്കുന്നില്ലേ ഏട്ടാ?"

അയാൾ ടൂർ കഴിഞ്ഞെത്തുമ്പോൾ ഇനിയും ഇരുപത്തിയാറു ദിവസങ്ങൾ! അവൾ ജനാലപ്പടിയിലെ കല്ലുകൾ മനസ്സിൽ നിരത്തിവെച്ചു് എണ്ണാൻ തുടങ്ങി. ഇരുപത്തിയാറു്! ഹൊ! അതെത്ര വളരെയാണു്! അയാളിപ്പോൾ എവിടെയായിരിക്കും. ആൾ ഇൻഡ്യാ ടൂർ ആണെന്നാണു് അയാൾ എഴുതിയിരിക്കുന്നതു്. അവൾ നിശ്വസിച്ചു.

"നീ സ്വപ്നം കാണുകയാണല്ലേ?"

തൻെറ ചോദ്യത്തിനു് അവൾ ഉത്തരം പറയാതായപ്പോൾ സ്നേഹിത കുററപ്പെടുത്തി അവൾ ജാള്യതയോടെ മുഖം തിരിച്ചു് ചിരിച്ചുകാണിച്ചു. അവളുടെ മനസ്സു നിറയെ അയാളുടെ മുഖമായിരുന്നു. ഒരിക്കൽ അവളെ കെട്ടിപ്പിടിച്ചു് അകാരണമായി അയാൾ പൊട്ടിക്കരഞ്ഞു! അയാൾ സ്നേഹമൂല്യങ്ങൾക്കു് വിലകല്പിക്കുന്നയാളാണു്. വെറും നാലുദിവസംകൊണ്ടവസാനിക്കുന്ന പ്രേമത്തിലൊന്നും വിശ്വസിക്കാത്ത ആൾ. അവളങ്ങനെ വീണ്ടുംവീണ്ടും വിശ്വസിപ്പിച്ചുകൊണ്ടിരുന്നതു് സ്വയം ആശ്വസിക്കാനായിരുന്നു.

ബസ്സിറങ്ങി ആട്ടോറിക്ഷകൾ പാർക്കുചെയ്യുന്നിടത്തേക്കു് നടക്കുകയായിരുന്നു അവർ. പെട്ടെന്നു് തൊട്ടുമുമ്പിൽ അയാളെ കണ്ടു് അവൾ ഞെട്ടിപ്പോയി. അയാൾ കുറേയധികം സുഹൃത്തുക്കളോടൊപ്പമായിരുന്നു അയാൾ തൻെറ ചിരി, അവളെക്കണ്ടയുടനെ പകുതിക്കുവെച്ചു നിർത്തിയെന്നവൾക്കു തോന്നി വളരെ മോടിയിലാണയാൾ വസ്ത്രം ധരിച്ചിരുന്നതു്.

"ബിസിനസ് ടൂർ ?! ആൾ ഓവർ ഇൻഡ്യാ? അവൾ അത്ഭുതപ്പെട്ടു. പൊട്ടന്നെന്നു ദേഷ്യത്തോടും സങ്കടത്തോടും അവൾ എതിർവശത്തേക്കു് മുഖം തിരിച്ചുകളഞ്ഞു എന്തിനാണയാൾ ബിസിനസ് ടൂറിലാണെന്നു് നുണ പറഞ്ഞതു? അവളിൽനിന്നകലാനിച്ചു മാറി നടക്കാനോ? അവളുടെ ഹൃദയം തെരുതെരെ മിടിച്ചു. അയാൾ അവളെ നല്ലവണ്ണം കണ്ടിരിക്കുണം. അതു അടുത്തുകൂടിയാണവർ കടന്നുപോയതു്. അയാളുടെ കണ്ണുകൾ തന്നെ പിന്തുടരുന്നുണ്ടായിരുന്നു എന്നും ഒരുപക്ഷെ സുഹൃത്തുക്കളോടെല്ലാം എക്സ്ക്യൂസ് പറഞ്ഞു് അയാൾ തൻെറയടുത്തേക്കു് വരുമെന്നും ഒരു വിഡ്ഢിയെപ്പോലെ ആശിച്ചുകൊണ്ടു് അവൾ സ്നേഹിതയോടൊപ്പം നടന്നു.

പക്ഷെ ഒന്നുമുണ്ടായില്ല. ആട്ടോറിക്ഷയിൽ കയറുമ്പോൾ സ്നേഹിതയുടെ സാന്നിദ്ധ്യത്തിൽ പൊട്ടിക്കരയാതിരിക്കാൻ അവൾ പാടുപെട്ടു. സ്നേഹിത തൻെറ ഭാവവ്യത്യാസം മനസ്സിലാക്കാതിരിക്കാൻവേണ്ടി അവൾ ആവശ്യത്തിനും അനാവശ്യത്തിനും ചിരിച്ചു. കരച്ചിലിൻെറ വക്കിലെത്തി തുളുമ്പിപ്പോയ അവളുടെ ഹൃദയം ആ ചിരിയത്രയും വിഷാദമാക്കുന്നതറിഞ്ഞു അവൾക്കവളോടുതന്നെ ഈർഷ്യതോന്നി. ദേഷ്യത്തിനിടയിലും നിസ്സഹായതയുടെയും ഇടയിലൂടെ അതവളെ കുഴക്കി. അവൾക്കു് സ്വസ്ഥമായൊരു നിമിഷവും ഏകാന്തമായൊരു സ്ഥലവും ലഭിക്കാൻ ധൃതിയായിക്കഴിഞ്ഞിരുന്നു. അതുകൊണ്ടു് സ്നേഹിതയുടെ കൈകൾ അവളുടെ കൈയിലുരസുമ്പോൾ പോലും അവൾക്കു് അസഹ്യമായ വെറുപ്പു തോന്നി.

സ്നേഹിതയുടെ മകളുടെ സ്കൂളിൽ ബഹളങ്ങളുടെ നടുവിൽപ്പെട്ടു് നിസ്സഹായയായി അവൾ നിന്നു.

"ആൻറിയ്ക്കു താണമേ?" കുട്ടി ചോദിച്ചു.

"തലവേദന" സ്നേഹിതയ്ക്കു് മറെറാന്നു് പറയാനിടനല്കാതെ അവൾ ധൃതിയിൽ പറഞ്ഞു.

"ആസ്പിരിൻ തരട്ടെ ആൻറി?"

അവൾ വേണ്ട എന്നു് തലയാട്ടി. എന്നിട്ടു് സംസാരിക്കുന്നതിഷ്ടപ്പെടാതെ അസഹ്യതഭാവിച്ചിരുന്ന സ്നേഹിതവല്ലാതാവുകയായിരുന്നു. അവൾ വിഷാദത്തോടെ അവളെ നോക്കി. തൻെറ കാര്യത്തിനുവേണ്ടി വന്നുകൊണ്ടുള്ള തൃപ്തിയില്ലായ്മയായിരിക്കുമോ അവൾക്കു് അവർ സംശയിക്കുകയായിരുന്നു പക്ഷെ അവൾ എന്തു സന്തോഷത്തോടെയാണു് തലേന്നു് അവിനു് സമ്മതം മൂളിയതെന്നു് അവളോർത്തു. അവളുടെ വിവർണ്ണമായ മുഖം അവ

രേയും അസ്വസ്ഥയാക്കി.

തിരിയെ പട്ടണത്തിലെത്തിയപ്പോൾ അവൾ ഹാൻഡ്ബാഗിൽനിന്ന് ഒരു ലിവുഫോറമെടുത്ത് ഒപ്പിട്ട് സ്നേഹിതയെ ഏല്പിച്ചു.

"തലവേദന!"

മറ്റൊന്നും പറയാൻ നില്ക്കാതെ ആൾത്തിരക്കിലൂടെ അവൾ ബസ്സിലേയ്ക്കു നടന്നുകയറി. സ്നേഹിത അമ്പരന്ന് അവളെനോക്കി നില്ക്കുന്നതു് അവൾ മനഃപൂർവ്വം കണ്ടില്ലെന്നു നടിച്ചു. കണ്ണുകൾ നിറഞ്ഞുവന്ന് കാഴ്ചയ്ക്കു മങ്ങലേല്പിച്ചപ്പോൾ, ബസ്സിൽ നിറഞ്ഞുനില്ക്കുന്ന ആളുകൾക്കിടയിൽ തന്നെ പൂഴ്ത്തിവെയ്ക്കാൻ അവൾ ബദ്ധപ്പെട്ടു.

തിരിയെ വീട്ടിലെത്തുമ്പോഴേയ്ക്കും അവൾ തളർന്നുകഴിഞ്ഞിരുന്നു. നേരെ കിടക്കയിൽ വീണ്, അയാളുടെ ഏററവുമൊടുവിൽ കണ്ടവിധം രൂപം മനസ്സിൽ സങ്കല്പിയ്ക്കാൻ ശ്രമിച്ച് പരാജയപ്പെട്ട് അവൾ മതിയാവോളം കരഞ്ഞു.

പിന്നെ, പിറേറന്ന്—

അവൾ തെല്ലുത്സാഹത്തോടെ — അവളുടെ ആശങ്കകളെല്ലാം വെറുതെയാണെന്നും അയാൾക്കവളെ ഒരിയ്ക്കലും ഉപേക്ഷിയ്ക്കാൻ കഴിയില്ലെന്നും, അവളോടുള്ള അയാളുടെ സ്നേഹം അവളുടെ ആഗ്രഹംപോലെതന്നെ തീവ്രമാണെന്നും സ്വയം വിശ്വസിപ്പിയ്ക്കാൻ കഴിഞ്ഞതിന്റെ ആഹ്ലാദത്തോടെ — ഓഫീസ്സിൽ പോയി ടൂർ എന്നും മററും പറഞ്ഞതു് അയാൾ വിളിപ്പിയ്ക്കുകയോ പരീക്ഷിയ്ക്കുകയോ ചെയ്യുന്നതാണെന്നവൾ കരുതി മനസ്സിന് സ്വസ്ഥതയുള്ള ദിവസങ്ങളിൽ ചെയ്യാറുള്ളതുപോലെ വൈകുന്നേരം അവൾ ലൈബ്രറിയിൽ പോയി. പുസ്തകങ്ങളെടുത്ത് തിരിഞ്ഞു നടക്കാൻ ഭാവിയ്ക്കുമ്പോൾ അവളുടെ ഒരു പരിചയക്കാരൻ കടന്നുവന്നു.

"രാജുവിന്റെ കല്യാണത്തിനു കണ്ടില്ല എന്തു പററി?"

അവൾ മനസ്സിലാവാതെ പകച്ചുനിന്നു. അയാൾ അവളുടെ അമ്പരപ്പു മനസ്സിലാക്കിയപ്പോൾ വെല്ലുതിശയത്തോടെ ചോദിച്ചു.

"സരള അറിഞ്ഞില്ലേ?"

അവൾ അയാളെ തുറിച്ചു നോക്കിനിന്നു. അവളെ വിശ്വസിപ്പിയ്ക്കാനെന്നോണം അയാൾ പോക്കററിൽനിന്നും ഇൻവിറേറഷൻ കാർഡെടുത്ത് അവൾക്കു നീട്ടി.

"ഇന്നലെയായിരുന്നു സരളേ. സരളയുടെ അടുത്ത സുഹൃത്തായിരുന്നില്ലേ രാജു? അറിയിച്ചില്ലെന്നു —? എന്തോ! എനിയ്ക്കു വിശ്വസിയ്ക്കാനേ കഴിയുന്നില്ല! വധൂഗൃഹത്തിൽ വെച്ചായിരുന്നു."

അവൾ അയാളുടെ വാക്കുകൾ കേൾക്കുന്നുണ്ടായിരുന്നില്ല. ലൈബ്രറിയുടെ തണുത്തതും ഇരുണ്ടതും, ആ അന്തരീക്ഷത്തിൽവെച്ച് അയാളുടെ ആ വാക്കുകൾ ഭീതിദമായ ഒരു ദുഃസ്വപ്നംപോലെ അവളെ ഭയപ്പെടുത്തി. അവളുടെ വിറയ്ക്കുന്ന കൈകളിൽ ഇളം ചുവപ്പുനിറമാർന്ന ഇൻവിറേഷൻ കാർഡ് വെറുങ്ങലിച്ചു കിടന്നു. അയാൾ സ്വന്തം കൈപ്പടയിൽ പരിചയക്കാരന് മേൽവിലാസമെഴുതിയിരിയ്ക്കുന്നു; അവൾക്ക് ആയിരമായിരം കത്തെഴുതിയിട്ടുള്ള അയാളുടെ കൈയ്പടി! അവളുടെ കണ്ണുകളിൽ ഇരുട്ടു കയറി—

അയാളെ നോക്കി ചിരിയ്ക്കാൻ ശ്രമിച്ച് ദയനീയമായി പരാജയപ്പെട്ടു, അവൾ പുറത്തു കടന്നു.

രാത്രി —

തന്റെ തണുത്ത കിടക്കയിൽ കിടന്ന് ജനാലപ്പടിയിലെ കല്ലുകളിൽ കവിളമർത്തി വെച്ച് ശബ്ദമടക്കി കരയുമ്പോൾ അവളോർത്തു:

"അപ്പോൾ ഇന്നലെ ഏട്ടനെ കണ്ടതു് മണവാളന്റെ വേഷത്തിലായിരുന്നോ! എത്ര വിദഗ്ധമായി എല്ലാം ആസൂത്രണം ചെയ്തു!"

—o—

വേദന

എനിക്കയാൾ ഒരു തലവേദനയാണ് —ഒരുത്തി പറഞ്ഞു.

നേരോ? — മറേറവൾ ചോദിച്ചു—എനിക്കയാളിൽനിന്നു കിട്ടുന്ന വേദന അതിലും എത്രയോ താഴെയാണ്.

—o—

(16-ൽ നിന്നും തുടർച്ച)

മാനസിക നിലയുണ്ടാകും വായനക്കാരന് ആ മാനസികാവസ്ഥയാണ് ഇതു് ജനിപ്പിക്കുന്നതു്. അങ്ങനെ പറഞ്ഞതു കൊണ്ട് കഥാകാരൻ പ്രതികാരനിർവഹണത്തിൽ മുഴുകിയാണ് കഥയെഴുതിയതെന്ന് ഞാൻ അർത്ഥമാക്കുന്നില്ല. വളരെ സ്നേഹത്തോടുകൂടി എഴുതുന്ന എഴുത്ത് രചനാരീതിയുടെ ന്യൂനതയാൽ ശത്രുത പ്രതിഫലിപ്പിക്കുന്നതായി ഭവിച്ചുപോകും. എഴുത്തതിന്റെ തകരാറാണതു്. വി. പി. ശശികുമാർ തികഞ്ഞ ആർജ്ജവത്തോടുകൂടിയല്ലാം ഈ സററയർ എഴുതിയതു്. പക്ഷേ ഫലം വിപരീതം.

* * *

സുക്ഷ്മ വാർഷികങ്ങൾക്ക് അധ്യക്ഷനായി പോയിട്ടുണ്ടോ കുട്ടികാരാ. പോയിട്ടുണ്ടെങ്കിൽ താങ്കൾ ഭാഗ്യവാനാണ്. കാരണം പറയാം. അതിനുമുൻപ് എന്റെ കാര്യം പറയട്ടെ. ഞാൻ പല വാർഷിക സമ്മേളനങ്ങളിലും അദ്ധ്യക്ഷനായി ഇരുന്നിട്ടുണ്ട്. സമ്മാനങ്ങൾ നല്കിയിട്ടുണ്ട്. അധ്യാപകൻ മൈക്കിലൂടെ അറിയിക്കുന്നു: "ഹൺഡഡ് മീറേറഴ്സ് റേസ് ഒന്നാം സമ്മാനം ഫാത്തിമാബീവിസ്റ്റാൻഡേഡ് പത്ത്." ഫാത്തിമാബീവിക്കുള്ള സമ്മാനം ഒരു തിപ്പെട്ടിക്കുടുണ്ട്. അതും കൈയിലെടുത്ത് അധ്യക്ഷനായ ഞാൻ ഇസ്പോട് ഗ്രൗണ്ടിലേയ്ക്കു നടക്കുമ്പോൾ ബിവി ഹോസ്റ്റലിന്റെ ഒരാററത്തുനിന്ന് കണ്ണുങ്ങികണ്ണുങ്ങിയുള്ള ഗാനം ആരംഭിച്ചിട്ടേയുള്ളു. അവൾ വന്ന് തിപ്പെട്ടിക്കുടുവാങ്ങിക്കഴിയുമ്പോൾ മിനിററ് ഇരുപതു കഴിയും. ഇങ്ങനെ സ്റ്റേഷനറിസാമാനങ്ങൾ പലതും കൊടുത്തു കൊടുത്ത് എന്റെ പാപമെല്ലാം നശിച്ചിരിക്കുന്നു. അതുകൊണ്ട് അടുത്ത ജന്മം ഞാനൊരു സ്ററേഷനറി കടക്കാരനായി ജനിക്കുകയില്ല. കുട്ടികാരാ താങ്കൾ അധ്യക്ഷനായിരുന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ അടുത്ത ജന്മം താങ്കളും സ്റ്റേഷനറികടക്കാരനല്ല. എനിക്കു വേറൊരു ഭാഗ്യംകൂടിയുണ്ട്. അടുത്ത ജന്മത്തിൽ എനിക്കു സാഹിത്യവിമർശനം അനുഷ്ഠിക്കേണ്ടിവരില്ല. അതുകണ്ട് ഗർഹണീയങ്ങളായ ചെറുകഥകൾ വായിച്ച് ഞാൻ പാപവിമോചനം നേടിയിരിക്കുന്നു. കങ്കുമം വാരികയിൽ അഷിത എഴുതിയ "സംതൃപ്തിയുടെ കാരണം" എന്ന കഥ വായിച്ചതോടുകൂടി ഇതു് സുനിശ്ചിതമായിരിക്കുന്നു. അടുത്ത ജന്മം മാത്രമല്ല ആയിരം ജന്മങ്ങൾ കഴിഞ്ഞാലും എനിക്കു ചെറുകഥ എന്ന സാഹിത്യരൂപത്തെ വിമർശിക്കേണ്ടതായി വരില്ല. കാമുകയും കാമുകനും ഒരുമിച്ചുകൂടുന്നു. അവൾ ഇന്ന് വിവാഹിതയാണ്. കുറെ നേരം സംസാരിച്ചിട്ട് അവർ പിരിയുന്നു. ആയിരമായിരം ആളുകൾ ചവച്ചുതുപ്പിയ കരിമ്പിൻ ചണ്ടി. ഒരു പിന്നെയുംമടുത്തു നമ്മുടെ മുഖത്തിനുനേരേ പിടിക്കുകയാണ് അഷിത. എന്തൊരു ഗതികേട്!

* * *

അടിമത്തം എന്ന് ആരംഭിച്ചു? അതിനെതിരായുള്ള സമരം എന്നു തുടങ്ങി? ഇതിനു അസന്ദിഗ്ദ്ധമായ ഉത്തരംനല്കാൻ സാദ്ധ്യമല്ല. പക്ഷേ മലയാളസാഹിത്യത്തിലെ സവർണ്ണമേധാവിത്വത്തിന് എതിരായി പ്രതിഭാശാലികളായ ചിലർ സമരം ചെയ്ത് വിജയം വരിച്ച കഥയുണ്ട്. അതിൽ സന്ദിഗ്ദ്ധതയില്ല. ആ സമരത്തെയും അതിന്റെ പശ്ചാത്തലത്തേയും പണ്ഡിതോചിതമായി ആവിഷ്കരിക്കുന്ന ഒരു ലേഖനം ജനയുഗം വാരികയിലുണ്ട് ശ്രീ സി. അച്ചുതമേനോനാണ് പ്രബന്ധകാരൻ. അദ്ദേഹം വെളുത്തേരി കേശവൻ വൈദ്യരുടെയും പെരുന്നല്ലി കൃഷ്ണൻ വൈദ്യരുടെയും സാഹിത്യസേവനങ്ങളുടെ സ്വഭാവം വിശദീകരിച്ച് അവരുടെ മൂല്യം നിർണ്ണയിക്കുന്നു. ഈ ലേഖനം സാഹിത്യചരിത്രത്തിന്റെ ഇരുളടഞ്ഞ ഒരു രാഗത്ത് മയൂഖമാലകൾ വീശുന്നു എന്നതു് ആഹ്ലാദകരമായിരിക്കുന്നു. ബിരുദംനേടി തിരുവിതാംകൂർ സർക്കാരിൽ ജോലിക്ക് അപേക്ഷിച്ച ഡാക്ടർ പല്പുവിന് അന്നത്തെ സർക്കാർ കൊടുത്ത മറുപടി "ഈഴവരുടെ കലത്തൊഴിൽ കള്ളുചെത്താണെന്നും സർക്കാരുദ്യോഗം അവർക്കുള്ളതല്ലെന്നുമായിരുന്നു". ഇത്ര ഭീകരമായ ഒരു സവർണ്ണമേധാവിത്വം നിലവിലിരിക്കുമ്പോൾ അതിനെതിരായി പടവെട്ടിയ രണ്ടു പ്രതിഭാശാലികളാണ് വെളുത്തേരി

ളും പെരുന്നെല്ലിയും. അവരുടെ പ്രഭാവം ശ്രീ അച്യുതമേനോൻറെ പ്രബന്ധത്തിൽ നിന്നു നമുക്കു ഗ്രഹിക്കാൻ കഴിയുന്നു. അന്ധകാരത്തിൻറെ ശക്തിയെ ആത്മതേജസ്സുകൊണ്ടു് കീറിയെറിയുന്ന മഹാന്മാരെക്കുറിച്ചു് അറിയുന്നതു് നമുക്കു് ഏതവസരത്തിലും പ്രയോജനപ്രദമാണു്. അതിനു സഹായിക്കുന്ന പ്രബന്ധങ്ങൾ സ്വാഗതാർഹവും.

* * *

"പാലപ്പൂമണമോലും ശാരദ-
സായം കാലക്കളിതലയിൽ
മാറിൽപ്പൊന്നിനു പണച്ചുന്നങ്ങുക
ളോലും നീലനിശീഥിനികൾ
ഇരുൾമുടി ചിന്നിപ്പുക്കല ചിതറി
ത്തോററം പാടിത്തുള്ളുന്നു."

ഈ നൃത്തം കാണാൻ വായനക്കാർക്കു കൗതുകമുണ്ടെങ്കിൽ കങ്കുവം വാരികയിൽ ശ്രീ. പി. പി. കെ പൊതുവാൾ പാലാ എഴുതിയ "സർപ്പതപസ്യ" എന്ന മനോഹരമായ കാവ്യം വായിച്ചാലും. അതിലെ ലയവും പദസന്നിവേശവും ആശയാവിഷ്കാരവും ആകർഷകമായിരിക്കുന്നു, തികഞ്ഞ പ്രസാദാത്മകത്വം അതിൻെറ മുദ്രയാണു്: മനുഷ്യജീവിതസ്പന്ദം അതിൻെറ സവിശേഷതയും.

* * *

ഓരോ മനുഷ്യനും ഓരോന്നാണു് ഇഷ്ടം. ചിലർക്കു കടപ്പുറത്തുചെന്നു് എന്നും കാററുകൊള്ളണം. ഭാവപരനോക്കി ഇവർ സാർത്രിൻെറയും യാസ്പേഴ്സിൻെറയും അസ്തിത്വവാദങ്ങൾ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കിയിട്ടുണ്ടോ എന്നു ചോദിച്ചു് പരിഹസിക്കുന്നതിൽ എന്തർത്ഥമാണു്! ചിലർക്കു സംഗീതമാധുര്യങ്ങൾ എഴുതുന്നതിലായിരിക്കും രസം. അവരെക്കൊണ്ടു് ററി. എസ്. എലിയററിനെപ്പററി ഇവർ കവിതയെഴുതാത്തതെന്തു് എന്നു ചോദിക്കുന്നതിൽ വല്ല ഔചിത്യവുമുണ്ടോ? ചിലർ സന്തോഷ്ദോഹി മത്സരം കാണാൻ കോഴിക്കോട്ടുപോകുന്നു. അവരെക്കൊണ്ടു് "ഗാനമില്ലേ ഇവർക്കു്? രണ്ടു കമ്പിനിടയിൽക്കിടന്നു് ഒരു പന്തടിച്ചുകയററുന്നതു കാണാൻ ഇത്ര ആഭിവശമോ? ഇവർക്കു ലൂക്കാഷ് ആരെന്നറിയാമോ? നാടകസാഹിത്യത്തിലെ "ഹാപ്പിനിങ്ങ്"നെക്കുറിച്ചു് ഇക്കൂട്ടർക്കു ബോധമുണ്ടോ?" എന്നു ചോദിക്കുന്നതിൽ ഉചിതജ്ഞത എന്തെങ്കിലുമുണ്ടോ? ഇമ്മട്ടിലുള്ള ബുദ്ധിശൂന്യങ്ങളായ ചോദ്യങ്ങളെ സാഹിത്യത്തിൽ ഇന്നു കേൾക്കാനുള്ളതു്. ജി. ശങ്കരക്കുറുപ്പു് "വാല്മീകിയെപ്പോലെ എഴുതാത്തതെന്തു്? സ. വി. രാമൻപിള്ള ചന്തുമേനോനെപ്പോലെ ഇന്ദുലേഖ രചിക്കാത്തതെന്തു്?

വയലാർ രാമവർമ്മ

ഞാനെൻെറ വല്മീകത്തിലിത്തിരി-
നേരം ധ്യാന-
ലീനനായിരുന്നു മൌനമായി മാറാനല്ല
മൗനത്തെ മഹാശബ്ദമാക്കുവാൻ,
നിശ്ചലേ-
ധ്യാനത്തെ ചലനമായ് ശക്തിയാ,—
യുണർത്തുവാൻ
അന്തരീന്ദ്രിയ നാഭീ പത്മത്തിനുള്ളിൽ
പ്രാണ-
സ്പന്ദങ്ങൾ സപ്തരൂപിച്ചു വിശ്വരൂപങ്ങൾ
തീർക്കാൻ
അവയും ഞാനും തമ്മിലൊന്നാവാൻ,-
യുഗചക്ര-
ഭ്രമണപഥങ്ങളിലുഷസ്സായ് നൃത്തം-
വയ്ക്കാൻ
ഞാനെൻെറ വാല്മീകത്തിലിത്തിരിനേരം-
ധ്യാന-
ലീനനായിരുന്നു പോയ്; മനസ്സിൻ-
സർഗ്ഗധ്യാനം!
ഉടവാളുരുക്കി ഞാൻ വീണ തീർത്തതു്-
നാട്ടി-
ലുറക്കു പാട്ടുംപാടി സഞ്ചരിക്കുവാനല്ല
കാററടിച്ചുലക്കുന്ന കാലത്തിൻ-
ധീരസ്വരം
മാററത്തിൻ 'രാഗം താനം പല്ലവി'-
യാക്കാനല്ലോ.
മനുഷ്യമസ്തിഷ്കത്തോടല്ല;-
മാംസത്തോടല്ല;
മനസ്സിനോടേ, കാവ്യഹൃദയം-
സംസാരിക്കു
പടവാളിനേക്കാളും വീണ്ടുമ്പ്,-
വൈകാരിക
പരിവർത്തനങ്ങളെ മനസ്സിൽ-
ത്തീർക്കാനാവൂ!
നാലു കെട്ടുകൾക്കുള്ളിൽ-
പൂർവികരുടെ പട-
വാളിനു പൂവർപ്പിച്ച പൂണൂലിൻ-
പാരമ്പര്യം
അവയോടൊപ്പം വലിച്ചെറിഞ്ഞു-
മനുഷ്യൻെറ
കവിയായ് ദശാബ്ദങ്ങൾ പിന്നട്ടു-
വരുന്ന ഞാൻ!
ഉടഞ്ഞു കിടക്കുന്ന വിഗ്രഹങ്ങളെ മണ്ണോ-
ടിഞ്ഞു തകരുന്ന ഞാനെന്ന ഭാവങ്ങളെ
മന്ത്രശക്തിയുമായ് കാലത്തിൻകടൽക്കരെ
കല്ലെറിഞ്ഞുടയ്ക്കുവാൻ വന്നു നിൽക്കുന്നു;;
ശൈലി-
വല്ലഭന്മാരാം നിങ്ങൾ-
പൊയ്മുഖങ്ങളുമായി!
എറിഞ്ഞാലുടയില്ല മന്ത്രാസ്ത്രനിരവധി-
ച്ചൊരിഞ്ഞാൽ മുറിയില്ലീ മൺപുററിൻ-
രോമം പോലും!
അറിയില്ലെങ്കിൽ ചെന്നു ചോദിക്കൂ,-
മനസ്സിലെ
മറവിയുറക്കുന്ന മൗനത്തോടെന്നെപ്പററി,
അകത്തെച്ചിപ്പിക്കുള്ളിൽ സപ്തസ്വരത്തിൻ-
മുത്തുണ്ടെങ്കിൽ
അതിനോടന്വേഷിച്ചാലറിയാ-
മെന്നെപ്പററി
ന ളത്തെ പ്രഭാതത്തിൻ സിന്ദൂരാരുണ-
ജ്വാലാ-
നാളങ്ങൾ പറയുമീത്തീയിൻെറ-
യിതിഹാസം!
വിരിയുംവൈശാഖത്തിൻ-
പത്മരാഗങ്ങൾ നാളെ-
മുറയും ചോദിച്ചാലീ പൂവിൻെറ-
യിതിഹാസം!
ചോദിക്കാനറിയുവാൻ മടിയാ-
ണെങ്കിൽ. നിങ്ങ-
ളീദിനരാത്രങ്ങൾ തൻ വെളിച്ചങ്ങളിലൂടെ
നഗ്നപാദരാ-യെൻെറ-
'ദന്തഗോപുര'ത്തിലേ-
ക്കെത്തുക; വരവേൽക്കാൻ വാതിൽക്കലു-
ണ്ടാവും ഞാൻ!

എന്റെ ദന്തഗോപുരത്തിലേക്ക് തുറക്കുന്നതു്

നഗ്നപാദനായ് പിന്നിട്ടെത്തി ഞാൻ;-
ആത്മാവിലെ-
ഭദ്രദീപത്തിൻ പട്ടുനൂലത്തിരി-
കെടത്തതെ!
ഞാനെൻെറ വല്മീകത്തിലിത്തിരി നേരം-
ധ്യാന-
ലീനനായിരുന്നപ്പോൾ ശബ്ദമുണ്ടാക്കി-
നിങ്ങൾ
ദന്തഗോപുരമെന്നു പേരിട്ടു-
രക്തത്തിൻെറ
ഗന്ധമുള്ളൊരിക്കൊച്ചു വല്മീകത്തിനു-
നിങ്ങൾ!
മൺകുടങ്ങളിൽ ശ്രുതത്താന്നാരെയടയ്ക്കുന്ന

* വയലാർ സ്വയം തെരഞ്ഞെടുത്ത കവിതകളിൽ മൂന്നാമത്തേതു്

—o—

ചങ്ങമ്പുഴയുടെ രമണൻ കുമാരനാശൻെറ കരുണപോലെ ഇരിക്കുന്നില്ലല്ലോ! മലയാളനാട്ടിലെ "സാഹിത്യവാരഫലം" കട്ടിക്കൃഷ്ണവാരരുടെ രാജാങ്കണം പോലെയാവാത്തതെന്തു്? ഇതൊക്കെ കേൾക്കുമ്പോൾ പണ്ടൊരു സ്കൂൾ ഇൻസ്പെക്ടർ തെ വിദ്യാർത്ഥിയോടു ചോദിച്ച ചോദ്യവും അതിനു് അവൻ നല്കിയ ഉത്തരവുമാണു് ഓർമ്മയിലെത്തുന്നതു്.

ഇൻസ്പെക്ടർ:- എത്രോ തിരുവനന്തപുരം—കന്യാകുമാരി റോഡിനു് 45 മൈൽ നീളവും 24 അടി വീതിയുമുണ്ടെങ്കിൽ എൻെറ വയസ്സെത്ര?

വിദ്യാർത്ഥി:- നല്ലത്തിയെട്ടു വയസ്സു്.

ഇൻസ്പെക്ടർ - എങ്ങനെ?

വിദ്യാർത്ഥി:- എൻെറ ബന്ധുത്വത്തിൽ പെട്ടതൊളുണ്ടു്: ഇരുപത്തിനാലു വയസ്സുള്ള ആ ബന്ധു അതിക്കിറുക്കനാണു്.

—o—

കൊല്ലത്ത് ഒരു സാഹിത്യസായാഹ്നം

മിയിൽപ്പീലികൾപോലെ, മധുരമാമ്പഴങ്ങൾപോലെ, മധുരസ്മൃതികൾപോലെ മനസ്സിന്റെ മനസ്സിൽ അനുഭൂതികൾ സൃഷ്ടിച്ച സായാഹ്നം. നഗരത്തിലെ പ്രസിദ്ധമായ കാർത്തിക ഹോട്ടലിലെ മനോഹരമായ ആഡ്യഭോജനാലയം. നിശ്ചിത സമയത്തിനു മുമ്പുതന്നെ നിറഞ്ഞുകവിഞ്ഞ സദസ്സ്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ ഓ. എൻ. വി കുറുപ്പിനെ അനുമോദിക്കാൻ കൊല്ലത്തെ 'ധിഷണ' സംഘടിപ്പിച്ച സാഹിത്യ സായാഹ്നം. കവിയുടെ സുഹൃത്തുക്കളും ആരാധകരുമടങ്ങിയ വമ്പിച്ച സദസ്സ്. രാഷ്ട്രീയ പ്രവർത്തകർ, പ്രഖ്യാതനിരൂപകന്മാർ, സാഹിത്യകാരന്മാർ, ആസ്വാദകർ, ചലച്ചിത്രനിർമ്മാതാക്കൾ, വേദിയിൽ: കേശവദേവ്, കാക്കനാടൻ, ഭാസ്കരനുണ്ണി, ചെമ്മനം ചാക്കോ, യു. ജയചന്ദ്രൻ... പന്നെ ധിഷണയുടെ പ്രസിഡന്റ് വി. ബി. സി നായർ...

ഹാരാർപ്പണം നൽകി കവിയെ സ്വീകരിക്കാൻ അനവധി പേരുണ്ട്. ധിഷണ ജ്യേഷ്ഠി നാരായണൻ, ഹനീഫ, മലയാളനാട് വാരികയ്ക്കു വേണ്ടി മുഖ്യപത്രാധിപർ ശ്രീ എസ് കെ നായർ, പിന്നെ വ്യക്തികളും സ്ഥാപനങ്ങളുടെയുമായി എത്രയെത്രപേർ ...

വർഷങ്ങൾക്കുമുമ്പ് ഇവിടത്തെ ഇടതുപക്ഷ വിപ്ലവപ്രസ്ഥാനങ്ങളുടെ മുൻപന്തിയിൽനിന്ന് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളോട് "നമ്മളുകൊയ്യും വയലെല്ലാം നമ്മുടേതാകും രൈപകിളിയേ" എന്നു പാടിയ കവി. ദശാബ്ദങ്ങൾക്കുശേഷം താൻ സ്വപ്നം കണ്ട സ്വർഗ്ഗരാജ്യം അകലെയാണെന്നു മനസ്സിലാക്കി "എവിടെ വാഗ്ദത്ത ഭൂമി" എന്ന് ഏകാന്തം പൊട്ടിക്കരഞ്ഞ് ചോദിച്ച കവി— മാറുവിൻ ചട്ടങ്ങളിലൂടെ മതമതിയ ജീവിതത്തിലൂടെ വളരെപ്പോട്ടുകളിലൂടെ, വന്ധ്യമേഖലകളിലൂടെയോ ഗിശബ്ദതകളിലൂടെ അക്ഷരത്തിലെത്തിനിൽക്കുന്ന ഓ. എൻ. വി കുറുപ്പ് എന്ന കവി. യഥാർത്ഥത്തിൽ കാൽ നൂറ്റാണ്ടിനുള്ളിലെ ഓ. എൻ. വി കവിതയുടെ വളർച്ച മലയാള കവിതയുടെ തന്നെ വളർച്ചയല്ലേ? ഇക്കഴിഞ്ഞ ദശകങ്ങളിൽ മലയാളസാഹിത്യത്തിന്റെ ഏറ്റവും വലിയ ഉപലബ്ധി ഓയെൻവിക്കവിതയാണെന്ന് വിശ്വസിക്കുന്നതിലെന്താണ് തെറ്റ്?

ശ്രീ. വി. ബി. സി നായരായിരുന്നു യോഗത്തിൽ അദ്ധ്യക്ഷൻ. തന്റെ ലഘുപ്രസംഗത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു— "ഓ. എൻ. വി കുറുപ്പിനെ ഞാൻ ചേട്ടാ എന്നാണു വിളിക്കാറ്. എന്റെ ചേട്ടനു കിട്ടിയ ഈ ബഹുമതിയിൽ ഞാൻ അഹങ്കാരിക്കുന്നു. അദ്ദേഹത്തെ അനുമോദിക്കുന്നു. കേരളീയ ജീവിതത്തിന്റെ ദുഃഖങ്ങളും, പ്രസ്മയങ്ങളെ മനോഹരമായ വരികളിലൂടെ മനസ്സിന്റെ ആഴങ്ങളിലേക്കു കടത്തിവിട്ട കവിയാണ് ഓയെൻവി. ധിഷണയുടെ പ്രസിഡന്റ് വി. ബി. സി നായർ...

ഹാരാർപ്പണം നൽകി കവിയെ സ്വീകരിക്കാൻ അനവധി പേരുണ്ട്. ധിഷണ ജ്യേഷ്ഠി നാരായണൻ, ഹനീഫ, മലയാളനാട് വാരികയ്ക്കു വേണ്ടി മുഖ്യപത്രാധിപർ ശ്രീ എസ് കെ നായർ, പിന്നെ വ്യക്തികളും സ്ഥാപനങ്ങളുടെയുമായി എത്രയെത്രപേർ ...

വർഷങ്ങൾക്കുമുമ്പ് ഇവിടത്തെ ഇടതുപക്ഷ വിപ്ലവപ്രസ്ഥാനങ്ങളുടെ മുൻപന്തിയിൽനിന്ന് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളോട് "നമ്മളുകൊയ്യും വയലെല്ലാം നമ്മുടേതാകും രൈപകിളിയേ" എന്നു പാടിയ കവി. ദശാബ്ദങ്ങൾക്കുശേഷം താൻ സ്വപ്നം കണ്ട സ്വർഗ്ഗരാജ്യം അകലെയാണെന്നു മനസ്സിലാക്കി "എവിടെ വാഗ്ദത്ത ഭൂമി" എന്ന് ഏകാന്തം പൊട്ടിക്കരഞ്ഞ് ചോദിച്ച കവി— മാറുവിൻ ചട്ടങ്ങളിലൂടെ മതമതിയ ജീവിതത്തിലൂടെ വളരെപ്പോട്ടുകളിലൂടെ, വന്ധ്യമേഖലകളിലൂടെയോ ഗിശബ്ദതകളിലൂടെ അക്ഷരത്തിലെത്തിനിൽക്കുന്ന ഓ. എൻ. വി കുറുപ്പ് എന്ന കവി. യഥാർത്ഥത്തിൽ കാൽ നൂറ്റാണ്ടിനുള്ളിലെ ഓ. എൻ. വി കവിതയുടെ വളർച്ച മലയാള കവിതയുടെ തന്നെ വളർച്ചയല്ലേ? ഇക്കഴിഞ്ഞ ദശകങ്ങളിൽ മലയാളസാഹിത്യത്തിന്റെ ഏറ്റവും വലിയ ഉപലബ്ധി ഓയെൻവിക്കവിതയാണെന്ന് വിശ്വസിക്കുന്നതിലെന്താണ് തെറ്റ്?

ശ്രീ. വി. ബി. സി നായരായിരുന്നു യോഗത്തിൽ അദ്ധ്യക്ഷൻ. തന്റെ ലഘുപ്രസംഗത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു— "ഓ. എൻ. വി കുറുപ്പിനെ ഞാൻ ചേട്ടാ എന്നാണു വിളിക്കാറ്. എന്റെ ചേട്ടനു കിട്ടിയ ഈ ബഹുമതിയിൽ ഞാൻ അഹങ്കാരിക്കുന്നു. അദ്ദേഹത്തെ അനുമോദിക്കുന്നു. കേരളീയ ജീവിതത്തിന്റെ ദുഃഖങ്ങളും, പ്രസ്മയങ്ങളെ മനോഹരമായ വരികളിലൂടെ മനസ്സിന്റെ ആഴങ്ങളിലേക്കു കടത്തിവിട്ട കവിയാണ് ഓയെൻവി. കവിതയ്ക്ക് ആഴമുണ്ടെന്ന് മനസ്സിലാക്കിയതു് അദ്ദേഹത്തിന്റെ കവിതകളിൽനിന്നാണ്..."

അദ്ധ്യക്ഷപ്രസംഗം കഴിഞ്ഞപ്പോൾ ഹൃദയസ്പർശം വളർത്തുന്ന നീണ്ടുമെലിഞ്ഞ ചെറുപ്പക്കാരൻ വേദിയിൽനിന്നെത്തിയ ഒരു മനുഷ്യനുമുമ്പിൽ വന്നു. യുവകവിയും ഗായകനും ശ്രീ. യു. ജയചന്ദ്രനായിരുന്നു അത്. അദ്ദേഹം തന്റെ ഉറച്ചതുമധുരമായ ശബ്ദത്തിൽ ഓയെൻവിയുടെ ഏറ്റവും പുതിയ കവിത—"നെരുദ"— പാടാനാരംഭിച്ചു.

കവിയുടെ അവാർഡുനേടിയ കവിതാസമാഹാരമായ അക്ഷരത്തെക്കുറിച്ച് ശ്രീ പി. ഭാസ്കരനുണ്ണിയെഴുതി വായിച്ച പ്രബന്ധം ശ്രദ്ധേയവും പഠനാർഹവുമായിരുന്നു. ഇന്നേ കവിതയെ അനുമോദിച്ച് സംസാരിച്ച ചെമ്മനം ചാക്കോ പറഞ്ഞതിങ്ങനെയാണ് — "കവിത മരിച്ചുപോയിയെന്നു മുറവിളികൂട്ടി നടക്കുന്ന അവസരത്തിൽ

ധിഷണയുടെ അനുമോദനങ്ങൾക്ക് ശ്രീ. ഓ. എൻ വി കുറുപ്പ് മറുപടി പറയുന്നു. വി. ബി. സി. നായർ, കേശവദേവ്, ചെമ്മനം ചാക്കോ എന്നിവരാണ് സമീപം

ഇടർച്ചയായി മുന്നോട്ടുവന്ന കവിതയ്ക്കുതന്നെ ദേശീയ അവാർഡു ലഭിച്ചല്ലോ, എന്നെപ്പോലെ കവിത പാടിനടക്കുന്ന ആളുകൾക്കു സന്തോഷമുളവാക്കുന്ന കാര്യമാണ്. ഈ കവി പല തരത്തിലും പ്രത്യേകതകളുള്ളയാളാണെന്ന് ഞാൻ കരുതുന്നു. എന്താണ് പറയുന്നതെന്ന് അറിയുകയും, അതെങ്ങനെ ആവിഷ്കരിക്കുകയും ചെയ്യണമെന്നു ഓ എൻ വി എന്ന കവിക്കറിയാം. കൊല്ലം നഗരം കാവ്യരംഗത്ത് സംഭാവന ചെയ്തിട്ടുള്ള ഓയെൻവി സംഗീതത്തെക്കുറിച്ചും അഗാധജ്ഞാനമുള്ള കവിയാണ്. സംഗീതത്തിൽ ലയിച്ച് സാഹിത്യത്തെ പുണരുന്ന ഒരു ഹൃദയസമ്മേളനത്തിൽനിന്നും കവിതയെഴുതാൻ ഓയെൻവിയെപ്പോലെ ലബ്ധസിദ്ധിയുള്ള മറ്റൊരാളില്ല—"

ശ്രീ ചെമ്മനം ചാക്കോയുടെ പ്രസംഗം കഴിഞ്ഞപ്പോൾ ജയചന്ദ്രൻ ഓയെൻവിയുടെ പ്രസിദ്ധമായ ഫീനിക്സ് എന്ന കവിത മനോഹരമായി വായിച്ചു.

"ചിതയിൽനിന്നുഞാനുയിർത്തെഴുന്നേല്ക്കും
ചിറകുകൾ പുപോൾ
വിടരുന്നെഴുന്നേല്ക്കും—"

"എന്താണു പറയേണ്ടതെന്നു് ഒരു രൂപവുമില്ല," ശ്രീ കാക്കനാടൻ സംസാരിച്ചുതുടങ്ങിയതിങ്ങനെയാണ്. അദ്ദേഹം തുടർന്നു "1951 മുതൽ ഓ എൻ വിയെ എനിക്ക് പരിചയമുണ്ട്. വിപ്ലവത്തെക്കുറിച്ചു സ്വപ്നംകണ്ടു മണ്ടുന്ന കവികൾ ഒരു കൊടുങ്കാറ്റുപോലെ വീശിയടിച്ചിരുന്ന കാലം. മിൻപിടിത്തക്കാരുടെ സമരത്തിന്റെ കഥ കവിതയാക്കി മാററിയ കവികൾ — വയലാറും, ഓയെൻവി കുറുപ്പും. വിപ്ലവപ്ര

സ്ഥാനത്തിന്റെയും ജോലിചെയ്യുന്നവരുടെ ചേരത്തിളപ്പിന്റെയും കവിയായിരുന്നു ഓയെൻവി. പക്ഷേ, ആദ്യകാലത്തെഴുതിയ വിപ്ലവപാട്ടുകളല്ല, പിന്നീടെഴുതിയ ഉജ്ജ്വല കവിതകളിലൂടെയാണ് ഓ എൻ വി വളർന്നത്. ഭാരതസംസ്കാരത്തിന്റെ മഹത്തായ കാവ്യ പാരമ്പര്യം ഉള്ളിലൊളിക്കിയിരുന്ന ഓ എൻ വി കുറിപ്പെന്ന സർഗ്ഗസിദ്ധിയുടെ സ്പുരണങ്ങളായിരുന്നു ആദ്യകാല രചനകൾ. വിപ്ലവപാട്ടുകളിൽനിന്നും, നിശാഗന്ധിയിലേക്കും, അക്ഷരത്തിലേക്കും എത്തിനില്ക്കുന്ന ഓയെൻവി മനുഷ്യരോടൊപ്പം മനുഷ്യർക്കുവേണ്ടി പാടാൻവന്ന കവിയാണ്."

എതിർപ്പിന്റെ നായകനെന്ന് ഖ്യാതി നേടിയ, എന്തിനെയും എതിർക്കുകയെന്നതു് ഹോബിയായി കണക്കാക്കുന്ന ശ്രീ കേശവദേവ് ആരെയെങ്കിലും എതിർക്കാനാണെങ്കിൽ സന്തോഷത്തോടെ ഞാനതു ചെയ്യുന്ന ഏതു മഹാവ്യക്തിയുമായാണ് തന്റെ പ്രസംഗ ആരംഭിച്ചത്. കവിയെ അനുമോദിച്ചു സംസാരിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം തുടർന്നു "കവിയെയും കവിതയെയും ഒരുപോലെ സ്നേഹിക്കുക അപൂർവ്വമായേ ഞാൻ ചെയ്തിട്ടുള്ളു. രണ്ടോ മൂന്നോ പേരോടുമാത്രം അത്തരം അടുപ്പം തോന്നിയിട്ടുണ്ട് ഓയെൻവിയും വയലാറും അക്കൂട്ടത്തിലുണ്ട് ചില കവികളോടു ഇഷ്ടമാണ്; പക്ഷേ അവരുടെ കവിതകളോട് പുച്ഛമാണ് ചില കവികളോട് വെറുപ്പാണ്; പക്ഷേ അവരുടെ കവിതകളോടു ബഹുമാനമാണ്. ജീവിതത്തിൽനിന്നും ജീവിതം പഠിച്ചു കവിതയെഴുതിയിട്ടുള്ള മൂന്നുപേരേ മലയാളത്തിലുള്ളു. ചങ്ങമ്പുഴയും വയലാറും ഓയെൻവിയും. അവരുടെ കവിതകളിൽ ജീവിതമുണ്ട്—

മലയാള സംസ്കാരികരംഗം അത്ഭുതകരമായി വിലകല്പിച്ചു വരുന്നു. ഇന്ന് സാഹിത്യകാരനെ അനുമോദിച്ചുകൊണ്ട് യോഗങ്ങളുണ്ട്. മരിച്ചാൽ അനുശോചനയോഗങ്ങളുണ്ട്. ആദ്യകാലത്തു് ഇതൊന്നുമുണ്ടായിരുന്നില്ല പക്ഷേ. സാഹിത്യകാരനെ അനുമോദനം മാത്രം പോരാ കഞ്ഞി കുടിക്കണം അതിനുള്ള ഏർപ്പാട് കൂടി സർക്കാരിൽ നിന്നുണ്ടാകണം. ജീവിതകാലം മുഴുവൻ സാഹിത്യസേവനം നടത്തിയിട്ട് പട്ടിണി കിടന്ന് മരിക്കണോ? — ദേവ് ചോദിച്ചു.

ഒരുകവിയിൽ നിന്നാരംഭിച്ച് തോടായി പുഴയായി, ഒടുവിൽ സമുദ്രത്തിലെ തിരമാലകൾ പോലെ വിശിയടിച്ച കവിയുടെ മറുപടിപ്രസംഗം ദീർഘവും വികാരഭരിതവുമായിരുന്നു. വളരെ കുലമായി കെട്ടിനിർത്തിയിരുന്ന അണപൊട്ടി യൊഴുകിയപോലെ—

"കൊല്ലം നഗരത്തിലെ ധിഷണാശാലികളായ, ഉണർവുള്ളവരായ നിങ്ങളുടെ മുമ്പിൽ നില്ക്കുമ്പോൾ ഹൃദയം നിറഞ്ഞിരിക്കുകയാണ്. ഹൃദയം നിറയുമ്പോൾ കവിതയെഴുതരുതെന്ന് ഒരാചാര്യൻ പറഞ്ഞിട്ടുണ്ട്. കാവ്യരചനയല്ലെന്നല്ല പ്രസംഗത്തിനും അതു് ബാധകമാണെന്ന് എനിക്കിപ്പോൾ തോന്നുന്നു. എന്റെ ഹൃദയം നിറഞ്ഞു നില്ക്കുന്നു. എനിക്ക് നിങ്ങളോടൊന്നും പറയാൻ തോന്നുന്നില്ല.

കൊല്ലം നഗരം എന്റെ സ്വന്തം നഗരമാണെന്നു ഞാൻ അഭിമാനത്തോടെ പറയാറുണ്ട്. ജനിച്ചതു് ഇതിനടുത്തുള്ള ഒരു ഗ്രാമത്തിൽ വളർന്നതു് ഈ നഗരത്തിൽ സാഹിത്യത്തിൽ എനിക്ക് മേൽവിലാസമുണ്ടാക്കിത്തന്നതു് ഈ നഗരമാണ്. ആദ്യകാലത്തു് ഇടതുപക്ഷ പുരോഗമനപ്രസംഗങ്ങളുമായി ബന്ധപ്പെടാൻ കഴിഞ്ഞതും ജീവിതസഫലമായി ഞാൻ കരുതുന്നു സാമൂഹികസാമ്പത്തികപ്രസ്ഥാനങ്ങളിൽ നിന്നും ഞാൻ കാലു മാറിയെന്ന് വ്യാഖ്യാനിക്കുന്നവരെ ഒന്നു മനസ്സിലാക്കണം കാൽനൂററാണ്ടു മുമ്പ് രാഷ്ട്രീയപ്രസ്ഥാനത്തിൽ ഞാൻ കാലു കുത്തിയപ്പോൾ ഉണ്ടായിരുന്നതിൽ നിന്നും എന്തു വ്യത്യാസമാണിന്ന്. ഇവിടത്തെ രാഷ്ട്രീയപ്രവർത്തകർക്ക് ഇന്ന് രാജ്യത്തിനുവേണ്ടി, ഇവിടത്തെ ജനങ്ങൾക്കു വേണ്ടി എന്തു ചെയ്യാൻ കഴിഞ്ഞു. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് ഒരു സുപ്രഭാതത്തിനു വേണ്ടി പടപൊരുതാൻ ഇറങ്ങിത്തിരിച്ചവർ ഇന്നെവിടെയെത്തിയില്ലെന്നു? ആ സുപ്രഭാതം രണ്ടുമൂന്നു മുദ്രാവാക്യങ്ങൾ കൊണ്ടു മാത്രം നേടിയെടുക്കാൻ കഴിയുമെന്നു ഞാൻ കരുതുന്നില്ല. ഈ കാലഘട്ടത്തിന്റെ ഏററവും വലിയ ദുഃഖം ഇവിടത്തെ രാഷ്ട്രീയ പ്രവർത്തനമാണ്: ഇവിടത്തെ രാഷ്ട്രീയക്കാർ കവിയെ നോക്കി കാലുമാറിയെന്നു പറയാൻ

"മലയാളനാട്"വാരികയുടെ ചീഫ്എഡിററർ ശ്രീ എസ്. കെ. നായർ ഓ എൻ വി. യെ ഹാരമണിയിക്കുന്നു.

എന്താണവകാശം? സാഹിത്യത്തിൽ ആരും കാലു മാറിയിട്ടില്ല. കാലുമാററം രാഷ്ട്രീയക്കാരുടെ സ്വഭാവമാണ്. കയ്യിൽ വളകളുണ്ട്; വെളിച്ചമില്ല എന്ന സ്ഥിതിയാണവിടത്തേതു്. ഞാൻ രാജ്യഭരിക്കുവാനോ സർക്കാരുണ്ടാക്കുവാനോ ഇവിടെ വന്നവനല്ല ഞാനററവും ഇഷ്ടപ്പെടുന്ന വിശേഷകവിയായ ഒരുദേവയെ ഉദ്ധരിച്ചു കൊണ്ട് തന്നെ പറയട്ടെ ജീവിതത്തിന്റെ ഭസ്മപാനത്തിൽ നിന്നും ഉച്ചത്തിൽ പാടാൻ വന്നവനാണ് ജീവിതത്തിൽ ഇന്നുവരെ സ്വാർത്ഥത വച്ചു പുലർത്തിയിട്ടില്ലത്തൊളാണ് ഞാനെന്ന് ആരുടെ മുഖത്തു നോക്കി പറയാനും കഴിയും. പാടാൻ വന്നവൻ ഭംഗിയായി പാടണം. അവനവന്റേതായ സ്വരത്തിൽ ഹൃദയത്തിൽ തോന്നിയതു് പാടണം. കള്ളത്തത്താണ്ടയിൽ പാടരുതു് ഹൃദയത്തിലല്ലിച്ച രൈകാര കാഹളാതത്തെ കവിതന്നിലൂടെ പകർത്തണം പ്രത്യയശാസ്ത്രങ്ങളും മോഹങ്ങളുമെല്ലാം കൂടി കടന്നു ഇവിടെയൊരു നിറച്ചുഴി സൃഷ്ടിച്ചിരിക്കുന്നു ഒരു കാര്യം ഞാനറപ്പിച്ചു പറയട്ടെ, നാളത്തെ സുപ്രഭാതത്തിനു വേണ്ടി പടപൊരുതാൻ തയ്യാറാകുന്ന അണികളുടെ മുൻപന്തിയിൽ ഞാനുണ്ടായിരിക്കും..

കവി പ്രസംഗം അവസാനിപ്പിച്ചു് സിററിലിരുന്നപ്പോഴാണ് ആരോ ഒരു കുറിപ്പ് കൊണ്ടു കൊടുത്തതു് അദ്ദേഹം വീണ്ടും എഴുന്നേററു മൈക്കിനു മുമ്പിൽ നിന്നു പാടി തുടങ്ങി

"എന്റെ കടഞ്ഞെടുത്ത പ്രണയ
കഥയിലെ—
പൊൻകിനാവേ നിനക്കു വീണ്ടും

തിരഞ്ഞു ഞാൻ. . ."

അദ്ദേഹത്തിന്റെ പ്രസിദ്ധമായ "ചത്തവേരുകൾ" എന്ന കവിത. സദസ്യരെ ഒന്നടങ്കം വിസ്മയിപ്പിക്കുകയും, വീർപ്പുമുട്ടിച്ച ഗാനാലാപം. കവിതയെ സ്വന്തം കവിത വായിച്ചുകേൾക്കുമ്പോഴുണ്ടാകുന്ന പ്രത്യേകാനുഭൂതി ഇക്കാര്യത്തിൽ ഓ. എൻ. വി ഡൈലൻ തോമസ്സിനെപ്പോലെയാണെന്ന് മുമ്പാരോ പറഞ്ഞിട്ടുള്ളതു് ഓർത്തുപോകുന്നു...

സദസ്സിന് സ്വാഗതം പറഞ്ഞതു് ശ്രീ കെ. വിദ്യാധരനാണ്. കൃതജ്ഞത എം. ജി. കെ, നായരും.

ഓയെൻവി കവിതകളുടെ ഔന്നത്യത്തിലോ, ആഴങ്ങളിലോ പ്രാസംഗികരാരും ഇറങ്ങിച്ചെന്നില്ല—ഓയെൻവി കവിതകളുടെ ഭാവസൗന്ദര്യത്തെ കുറിച്ചോ, ശ്രുതിലയങ്ങളെക്കുറിച്ചോ ആധികാരികമായി ആരും സംസാരിച്ചില്ല എങ്കിൽ കൂടിയും പിന്നിട്ട മണിക്കൂറുകളിലെ, അപഗ്രഥിക്കാനോ വ്യാഖ്യാനിക്കാനോ കഴിയാത്ത അനുഭൂതി ഓരോരുത്തരുടെയും ഉള്ളിന്റെയുള്ളിൽ ഇപ്പോഴും തുടിച്ചു നില്ക്കുന്നു.

ഒരുകാര്യം എടുത്തുപറയേണ്ടതുണ്ട്. കൊല്ലത്തെ സംബന്ധിച്ചിടത്തോളം ഇത്തരമൊരു സാംസ്കാരിക സംഘടനയും, സാഹിത്യപ്രേമികളുടെ ഒരു വമ്പിച്ച സദസ്സും ഇതാദ്യമാണ്. നമ്മുടെ സാംസ്കാരികരായ രംഗത്തു പല ചലനങ്ങളും സൃഷ്ടിക്കാൻ 'ധിഷണ'ക്കു് കഴിയുമെന്ന് ഇതിനകം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. കൊല്ലത്ത് ധിഷണാശാലികളുടെ ഒരു നിര തന്നെ സൃഷ്ടിക്കാൻ ഭാവിയിൽ ധിഷണക്കു കഴിയട്ടെ.

—o—

താൻ ഷണ്ഡനാവുകയാണോ എന്നു സംശയിക്കുന്നതായി ഒരു മദ്ധ്യവസ്കൻ ഡോക്ടറോട്ടു് പറഞ്ഞു. എന്നാണ് ഇതിനെപ്പററി ആദ്യം സംശയം തോന്നിയതു്?— ഡോക്ടർ ചോദിച്ചു. മദ്ധ്യവയസ്കൻ പറഞ്ഞു.

ആദ്യം ഇന്നലെ ഉച്ചയ്ക്കു്. പിന്നെ രാത്രി രണ്ടു പ്രാവശ്യം. വീണ്ടും ഇന്നു കാലത്തു്.

Your choice of fashion fabrics are not synthetics alone. Have a change. Wear soft light and cool Cotton Crepe Shirts/Tops and enjoy supreme comfort. Cotton Crepe leader in world fashion today. Price Rs.14/- and Rs. 10/- for shirt length and top length respectively. Marvellous designs and attractive colours. Send remittance in advance to avail free postage. V. P. P. Orders also executed. Indicate colours and designs of your choice while ordering checks/stripes or solid colours. Send Rs. 2/- by M. O. or in stamps for folders and sample swatches.

Victoria Textiles,

AZHIKODE SOUTH, CANNANORE - 670009.

പതിനാറ്

വർഷങ്ങൾ കഴിഞ്ഞപ്പോൾ മദിരാശിയെന്ന സ്വർഗ്ഗം എനിക്ക് നരകമായി അനുഭവപ്പെടാൻ തുടങ്ങി. പ്രഭാതവേളകളിലും നട്ടുച്ചകളിലും സായാഹ്നങ്ങളിലും ഞാനെല്ലാം മറന്ന് മഞ്ഞവെള്ളത്തിൽ അഭയം തേടി. കനകം എന്ന ഒരു തമിഴത്തി യുവതിയാണ് എനിക്കാകെ അഭയമായിരുന്നതു് അവൾ എന്റെ വാല്യക്കാരി മാത്രമായിരുന്നു. എന്റെ അമ്മയും അനുജത്തിയും കൂട്ടുകാരിയും കൂടിയായിരുന്നു. അർദ്ധരാത്രിയിൽ ഞാൻ തളർന്നു തകർന്നു കയറിവരുമ്പോൾ, മധുരമായിചിരിച്ചുകൊണ്ടുള്ള അവളുടെ കുശലപ്രശ്നങ്ങൾ ഓർ അവളില്ലായിരുന്നെങ്കിൽ ഞാൻ ഇതിനുമുമ്പുതന്നെ മരണദേവതയെ മാറോടണച്ചു പോകുമായിരുന്നു.

ഒരു രാത്രിയിൽ, കട്ടത്ത പനികാരണം ഞാൻ എന്റെ പരിപാടികൾ റദ്ദാക്കി വീട്ടിൽത്തന്നെ കഴിയുകയായിരുന്നു. അന്നു ഞാൻ മദ്യപിച്ചിരുന്നില്ല. എന്റെ കട്ടിലിനുതാഴെ കനകം ഒരു കസാലയോട്ടു ചാരിയിരുന്ന് കുശലപ്രശ്നങ്ങൾ നടത്തവേ പൊട്ടന്നനേയെന്നവണ്ണം എന്നോട്ടു ചോദിച്ചു "ചേച്ചി ചേച്ചിയുമായി ബന്ധപ്പെട്ടതുമുതൽ ഞാൻ ചോദിക്കാനാഗ്രഹിച്ചതാണ്. പക്ഷേ പലപ്പോഴും ഞാൻ ഭയന്നിരുന്നു. അങ്ങിനെ ചോദിക്കുന്നതു ശരിയാകുമോ എന്ന്." ഞാൻ അവൾക്കു ധൈര്യം കൊടുത്തു. "എന്റെ ജീവിതത്തിൽ നീയറിയാത്ത എന്തു് രഹസ്യമാണ് ബാക്കിയുള്ളതു്? ഇഷ്ടമുള്ളതൊക്കെ ചോദിച്ചോളൂ. ഞാൻ മറുപടി പറയാം" അവളുടെ മുഖം പെട്ടെന്ന് തുടുക്കുന്നതുപോലെയും ഇരുളുന്നതുപോലെയും എനിക്കുതോന്നി. അവളുടെ നാവിൻതുമ്പിലേക്ക് വന്നതൊക്കെ ബാഷ്പീകരിച്ചു പോയതുപോലെ തോന്നി. ഏതാനും നിമിഷനേരത്തെ മൗനത്തിനുശേഷം അവൾ പറഞ്ഞു "ചേച്ചി ഇങ്ങനെ എത്രനാൾ ജീവിക്കാനാണ് ഭാവം. ചേച്ചിയ്ക്കു് പുതിയൊരു ജീവിതത്തെക്കുറിച്ചു് സങ്കല്പിക്കാനാവില്ലേ?." അവൾ ഈ വാക്കുകളും വരികളുമല്ല ഉപയോഗിച്ചതു്. തമിഴിലെ നാടൻഭാഷയിലുള്ള വരികളെ ഞാൻ ഈ രീതിയിൽ രൂപപ്പെടുത്തിയെന്നുമാത്രം. "എന്റെ പ്രിയപ്പെട്ട കനകം, എന്റെ അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുമ്പോൾമുതൽ ഞാൻ ഒരു പ്രഭാതം സ്വപ്നംകാണുകയാണ്. ഇന്നും സ്വപ്നം കാണുന്നു... " കൂടുതൽ പറയുവാൻ കഴിഞ്ഞില്ല എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി കനകത്തിന്റെയും.കടന്നുവന്ന പാതകളിലേക്ക് ആഗ്രഹമില്ലാതിരുന്നിട്ടും മടക്കയാത്രനടത്താൻ ഇങ്ങനെ എത്രയെത്ര സന്ദർഭങ്ങൾ എനിക്കു ലഭിക്കുന്നു. വേദനിപ്പിക്കുന്നതാണെങ്കിലും, ചുട്ടുകണ്ണീർക്കണങ്ങൾ ഉതിർക്കുന്നതാണെങ്കിലും അത്തരം നിമിഷങ്ങളെ ഞാൻ ജീവിതത്തിലെ അമൂല്യസമ്പാദ്യങ്ങളായി കരുതുന്നു

എന്റെ ഭർത്താവ്" എന്ന ശാപത്തെപ്പററി ഞാൻ വ്യക്തമായി സൂചിപ്പിച്ചിരുന്നുവല്ലോ. ആ മനുഷ്യൻ എനിക്കാണോ ശാപമായിത്തീർന്നതു്, ഞാൻ ആ മനുഷ്യ

നാണോ ശാപമായിത്തീർന്നതു് എന്നു് ഇപ്പോഴും എനിക്കറിഞ്ഞുകൂടാ. സായാഹ്നവേളകളിൽ ഞാൻ പട്ടണത്തിലെ സമ്പന്നന്മാരുടെ സമീപത്തേക്കു് പോകാൻ തയ്യാറാകുമ്പോൾ, അച്ഛൻ ഒരു റബ്ബർ പ്രതിമപോലെ എന്റെ മുന്നിൽ വന്നു കൈനീട്ടും. ഞാൻ പത്തിന്റെ ഏതാനും നോട്ടുകൾ അയാളുടെ കൈയ്യിലേക്കു വച്ചുകൊടുക്കും. ഒരു വാക്കുപോലും ഉച്ചരിക്കാതെ തലകുനിച്ചയാൾ നടന്നുപോകും; നഗരത്തിലെ ഉന്നതന്മാരുടെ കാറുകളിലോ വാടകവണ്ടികളിലോ രാത്രിയുടെ അന്ത്യയാമങ്ങളിൽ ഞാൻ മടങ്ങി വരുമ്പോൾ വീടിന്റെ മുൻവശത്തോ, മുൻവശത്തെ ഏതെങ്കിലുമൊരു മുറിയുടെ മൂലയിലോ എന്റെ അമ്മയോടൊത്തു് തറയിൽ കിടന്നു കൂർക്കംവലിക്കുകയാണു്. ആ ശാപത്തെ പോക്കിക്കൊരു മിനിട്ടു് ഞാൻ മെഴുവിർപ്പിട്ടും. എന്നിട്ടു് എന്റെ കിടപ്പറയിലേക്കു് പോകും. അലമാരയിലിരിക്കുന്ന കുപ്പികളിൽ അല്പം തേടും. ആ കുപ്പികൾ നൽകുന്ന ലഹരിയിൽ എല്ലാം മറന്നു്, എല്ലാം നേടി കിടക്കയിലേക്കു് മറിയും. ഇന്നിയൊരു സായാഹ്നം എന്റെ ജീവിതത്തിലുണ്ടാവരുതേ എന്നാഗ്രഹിച്ചുകൊണ്ടു്.

വർഷങ്ങൾ കൊഴിഞ്ഞുപോയതു ഞാനറിഞ്ഞില്ല. എന്റെ നിമിഷങ്ങളുടെ വില കുറഞ്ഞു തുടങ്ങിയപ്പോൾ ഞാൻ ഒരു സത്യം മനസ്സിലാക്കി പ്രായമായിത്തുടങ്ങുന്നു. ഇരുപത്തിയൊമ്പതു് വയസ്സ് അതത്ര വലിയ പ്രായമാണോ? ആണെന്നെനിക്കു തോന്നി. മദിരാശി നഗരം ഒരു മുത്തശ്ശിയെപ്പോലെ എനിക്കനുഭവപ്പെട്ടു. അതെ മദിരാശി നഗരത്തിന്നു് എന്റെ ഒരു മുത്തശ്ശിയായി തോന്നിയോ. ഏതായാലും എന്റെ ജീവിതത്തിലെ തിരക്കുകുറഞ്ഞു. എന്റെ ഏജൻറന്മാർ മുന്നു പൂജ്യങ്ങൾ കൂട്ടിക്കൂട്ടി കാട്ടി. കമ്മീഷൻ ഇരട്ടിയിലധികമായി; എനിക്കു് എന്നെക്കുറിച്ചുള്ള മതിപ്പു്. എന്റെ സൗന്ദര്യത്തിലുള്ള അഹന്ത ആദ്യമായി കെട്ടടങ്ങിയതു് ഈ സമയത്താണു്. ഞാൻ മനസ്സിൽ തേങ്ങിത്തുടങ്ങിക്കഴിഞ്ഞതു് എന്റെ എല്ലാമായ കനകം ഒരിക്കലും കാണുകയുണ്ടായില്ല കാണാനുള്ള കണ്ണുകളുണ്ടായിരുന്നാൽത്തന്നെ അവൾക്കതു മനസ്സിലാകുമായിരുന്നില്ല

(തുടരും) □

(8 – ൽ നിന്നും തുടർച്ച)

സമസ്തശത്രുക്കളേയും കൊന്നുവീഴ്ത്തുകയും തൽക്ഷണം പൈശാചികവും അനിവാര്യവുമായ വിധിയുടെ ചതിപ്രയോഗത്തിൽപെട്ടു് പിടഞ്ഞു മരിക്കുകയും ചെയ്യുന്നു. ആരോൽച്ചേവകരും തച്ചോളി ഒതേനനും ഇങ്ങിനെ നിയതിനിർമ്മിതമായ കൊട്ടും ചതിയിൽ വധിക്കപ്പെടുന്ന ദുരന്തവീരനായക (Tragic heros) ന്മാരാണു്. ആരോമലുച്ചേവകർ ഏതു നാട്ടിലും എല്ലാകാലത്തും സമാദരണീയനായ ആദർശപുരുഷനാണു്; തച്ചോളി ഒതേനനാകട്ടെ, കടത്തനാടൻ കരുത്തിന്റെ കടഞ്ഞെടുത്ത പുരുഷരൂപമാണെങ്കിലും ദുരനിയന്ത്രണം സ്ത്രീജനിതം, അനാവശ്യമായ ധിക്കാരമുള്ളവനും ആയതുകൊണ്ടു് ആരോമലുച്ചേവകരുടെ മഹത്വമല്ലാതെപോകുന്നു. എങ്കിലും വടക്കൻപാട്ടിലെ ഊർജ്ജസ്വലരായ ഏററവും വലിയ വീരനായകന്മാരെന്ന നിലയിൽ ഇവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കയ്യടക്കിക്കൊണ്ടു് ജനഹൃദയങ്ങളിൽ ജീവിക്കുന്നു!

വടക്കൻ പാട്ടുകൾ ഭാഷ അതിന്റെ പേർ സൂചിപ്പിക്കുന്നതുപോലെ വടക്കൻ കേരളത്തിന്റെ സംസാരഭാഷയുടെ ഗാനരൂപമാണു്. അതുകൊണ്ടു് ലാളിത്യം അതിന്റെ ജന്മസിദ്ധിയാണു്. ഇന്നു് അതിന്റെ ഗാനാത്മകതയെ കൂടുതൽ സുകരവും ഹൃദ്യവുമാക്കുന്നു. ഇത്രയും ലളിതമായ, നിത്യവ്യവഹാരമായ വാക്കുകളിൽ അങ്ങനെയുള്ള അട്ടഹാസം നിറക്കുകയും അതിനെ സംഗീതമാക്കുകയും ചെയ്യുക എന്നതു് കവിതത്തിന്റെ കവിഞ്ഞ മികവു് സിദ്ധിയുംകൊണ്ടു മാത്രം നേടാവുന്നതല്ലെന്നു കൂടാതെ ഈ ഗാനാവലി പ്രാചീനപദങ്ങളുടെയും ചരിത്രവസ്തുതകളുടേയും ഒരു നിക്ഷേപംകൂടെയാകുന്നു വടക്കൻ പാട്ടുകളിലൂടെ ഇനിയും പര്യടനം നടത്താൻ പോകുന്ന ഗവേഷകന്റെ പാദസ്പർശവും പ്രതീക്ഷിച്ചുകൊണ്ടു എത്രയോ അഹല്യകൾ അതിന്റെ അക്ഷുണ്ണമായ വനവീഥികളിൽ തപസ്സിരിക്കുന്നുണ്ടാകും.

ഇവിടെ ഗവേഷകന്മാർ ചിലപ്പോൾ രഥങ്ങളിലും പലപ്പോഴും മനോരഥങ്ങളിലും യാത്രചെയ്യുന്നു!! □

* സി. കെ. ചന്ദ്രശേഖരൻനായർ

സിനിമ

അഗ്നിപുഷ്പം

— മംഗലശ്ശേരി

മലയാളചലച്ചിത്രങ്ങളിൽ തികച്ചും പുതുമയും വ്യത്യസ്ഥതയുമുള്ള പ്രമേയമാണു് ഗിരിമുവിമേക്കേഴ്സിന്റെ അഗ്നിപുഷ്പത്തിന്റേതു്. ഭഗ്നമോഹങ്ങളുടെ ഹോമകുണ്ഡത്തിൽ ഒരു അഗ്നിപുഷ്പമായി വിടർന്ന മിനി കാഴ്ചക്കാരുടെ സഹതാപമർഹിക്കാതെ പോയതു് കഥ വികസിപ്പിച്ചെടുക്കുന്നതിൽ പററിയ പാളിച്ചകൾകൊണ്ടാണു്. സ്വന്തം അച്ഛനോടും അമ്മയോടും പ്രതികാരം ചെയ്യാൻ തീരുമാനിച്ച മിനിയെന്തിനു് വീടുവിട്ടിറങ്ങിപ്പോകണം? ആ വലിയ വീടിനുള്ളിൽത്തന്നെ താമസ്സിച്ചുകൊണ്ടു് അവൾ കൊടുങ്കാററഴിച്ചുവിട്ടിരുന്നുവെങ്കിൽഅവളുടെപ്രതികാരത്തിനു് എത്ര ശക്തിയും ചൈതന്യവുമുണ്ടാകുമായിരുന്നു. സിനിമയ്ക്കുവേണ്ടിയുള്ള കഥയല്ലേ മിനി വീടുവിട്ടിറങ്ങിപ്പോകുന്നു എന്നുതന്നെ വയ്ക്കുക. പരുന്തുവാസുവിന്റെ ധിക്കാരം നിറഞ്ഞ ആജ്ഞകൾക്കുമുമ്പിൽ അവൾ ഒതുങ്ങിക്കൂടുന്നതു് മനസ്സിലാകുന്നില്ല. തുടർന്നങ്ങോട്ടു് ചിത്രം അവസാനിക്കുന്നതുവരെ കൃത്രിമത്വത്തിനു് മുൻതൂക്കം നൽകിയാണു് കഥ നീങ്ങുന്നതു്. ചെങ്കൽച്ചൂളയിലെ ഏതാനും കഥാപാത്രങ്ങളെ ഭംഗിയായി അവതരിപ്പിക്കുവാൻ കഴിഞ്ഞു എന്നതു് അഗ്നിപുഷ്പത്തിന്റെ പ്രത്യേകതയാണു്. ടിക്കററുതെരി, പാപ്പച്ചൻ, അമ്മിണിക്കുട്ടൻ പരുന്തുവാസു എന്നിവർ അത്രപെട്ടെന്നു മനസ്സിൽനിന്നും മാഞ്ഞുപോവുകയില്ല. പക്ഷേ നിഷ്കളങ്കതയുടെ നാളംപോലെ ദുഃഖം കടിച്ചമർത്തി ജീവിക്കുന്ന ജാനു, ചെങ്കൽച്ചൂളയിൽ എന്നും ഒരു തുമ്പപ്പൂവായി കഴിയുന്നു എന്നതു് വിശ്വസിക്കാവയ്യ. മിനിയുടെ പ്രതികാരത്തിന്റെ അടിത്തറയിൽ ഈ കഥ കെട്ടിയുയർത്തിയതാണു് പ്രേക്ഷകർ. ചിത്രത്തിന്റെ ഭാവാംശത്തെഅംഗീകരിക്കാതെ പോകുന്നുവെങ്കിൽ അതിനുള്ള മുഖ്യകാരണം.

അച്ഛന്റേയും അമ്മയുടേയും സമ്മർദ്ദത്തിനു് വഴങ്ങേണ്ടിവന്ന മിനിക്കു് സ്വയമറിയാതെ ഒരു ബലിമൃഗമാകേണ്ടിവന്നു. സ്വന്തം അമ്മതന്നെ മകളെ വ്യഭിചരിക്കാൻ പ്രേരിപ്പിക്കുന്നതു് അല്പം ക്രൂരമായിപ്പോയി. മിസ്സസ്സ് പുഷ്പാമേനോൻ ഭർത്താവിന്റെ വ്യവസായോന്നതിക്കുവേണ്ടി മററുള്ളവർക്കായി കിടക്കപങ്കിടുന്നുണ്ടു്. നമുക്കതു് മനസ്സിലാക്കാം. പക്ഷേ മകളെ അതിനു് പ്രേരിപ്പിക്കുമ്പോൾ അപൂർവ്വമായി ചില സമ്പന്ന വീടുകളിൽ സംഭവിച്ചേക്കാമെങ്കിൽക്കൂടി കാഴ്ചക്കാരന്റെ യുക്തിനീതിബോധങ്ങളെ അതു് വ്യായീകരിക്കുന്നില്ല. ചരിത്രം നഷ്ടപ്പെട്ട മിനി പെട്ടെന്നനേ ഒരു ദിവസം ഒരു "മോഡേൺഗേളാ"യി വേഷമിട്ടു് ഇംഗ്ളീഷു വാക്കുകളുദ്ധരിച്ചു് പൊട്ടിപൊട്ടി ചിരിച്ചുകൊണ്ടു് അമ്മയെ സമീപിച്ചു് ക്ളബ്ബിലേക്കു് പോകാൻ നിർബന്ധിക്കുന്നതു് തികഞ്ഞ കൃത്രിമത്വം നിറഞ്ഞതാണു്. ഒരു പ്രതികാരമാണു് സണ്ണി

യോടൊത്തു് ആടിപ്പാടി അലയാൻ മിനിയെപ്രേരിപ്പിക്കുന്നതു്. അവനിൽനിന്നു് ഗർഭവതിയാകുമ്പോൾ അവൾ ആകെത്തകരുന്നതും, എല്ലാം വിട്ടെറിഞ്ഞു് എവിടേക്കുമല്ലാതെ ഇറങ്ങിത്തിരിക്കുന്നതും എന്തിനെന്നു് മനസ്സിലാകുന്നില്ല. അഗ്നിപുഷ്പത്തിന്റെ കഥതകരുന്നുപോയതു്ഇവിടെയാണു്.

ബാലചന്ദ്രന്റെ ശവം ട്രെയിനിൽ കിടന്നിരുന്നുവെന്നു്, അയാളുടെ പെട്ടിയും ബാഗുമെററും മേനോനെ ഏല്പിച്ചുകൊണ്ടു് ഒരു പോലീസുകാരൻ പറയുന്നു. മേനോൻ അതു് സമ്മതിക്കുകയും ചെയ്തു. ചിത്രം രണ്ടാംപകുതി മദ്ധ്യത്തോടടുക്കുമ്പോൾ ബാലചന്ദ്രൻ ജീവനോടെ നില്ക്കുന്ന സസ്പെൻസ് സൃഷ്ടിക്കാൻവേണ്ടി ഈ വിധം ഘടിതം കൂട്ടേണ്ടിയിരുന്നുവോ? മിനിയുടെ അനുജനായി വരുന്ന രഘു അഭിനയിക്കാൻ കഴിവുള്ള ബാലനടനാണു്. പക്ഷേ ആ കുട്ടിയെക്കൊണ്ടു് അഗ്നിപുഷ്പ

ത്തിൽ കാട്ടിയവയൊക്കെ വിശ്വസനീയമായി അനുഭവപ്പെടുന്നവയല്ല. ഈ പ്രായത്തിലുള്ള ഒരു കുട്ടി "അച്ഛനേയും അമ്മയേയുംപോലെ ചേച്ചിയും ചീത്തയായി..." എന്ന രീതിയിൽ സംഭാഷണം ചെയ്യുകയും രാത്രി ഒന്നും രണ്ടും മണിവരെ ഉറക്കമിളച്ചിരിക്കുകയും ചെയ്യുന്നതും മററും പ്രേക്ഷകരുടെ മനസ്സിനെ ഇളക്കിമറിക്കാനുതകുമെന്നു് ജേസി ധരിച്ചിട്ടുണ്ടെങ്കിൽകഷ്ടംഎന്നല്ലാതെ എന്തുപറയാൻ. തിരുവനന്തപുരം റെയിൽവേസ്റ്റേഷനാണു് ചിത്രത്തിൽ കാണിക്കുന്നതു്. മിനി ട്രെയിനിൽ വന്നിറങ്ങുമ്പോൾ മുതൽ പരുന്തുവാസുവിന്റെ പിറകെ അവന്റെ വീട്ടിലേക്കു് നടന്നുപോകുന്നതുവരെ നടക്കുന്ന സംഭവങ്ങൾ വിചിത്രതരംതന്നെ ചിങ്ങക്കളിർകാറേറ എന്ന പാട്ടും മേരിയുടേയും അമ്മിണിയുടേയും ദേവസ്യായുടെ നൃത്തവുമൊക്കെ അല്പനിമിഷം പ്രേക്ഷകരെ രസിപ്പിക്കാൻ സഹായിച്ചു എന്നതു് സമ്മതിക്കാമെങ്കിലും ആ സമയത്തു് അതിന്റെ പ്രസക്തി എന്തെന്നു് മനസ്സിലാകുന്നില്ല. തന്റെ ഇത്രയെ വീട്ടിലേക്കു കൊണ്ടുപോകാനുള്ള ബദ്ധപ്പാടിൽ ടിക്കററുമേരി ഇത്തരത്തിലുള്ള കാട്ടിനും കൂത്തിനും നില്ക്കുമോ? ആ സന്ദർഭത്തു് ഒരു മഹാഷ്യമഹാസമുദ്രം തന്നെ കാണാം. ഷൂട്ടിംഗ് നടന്നിടത്തൊക്കെ ജനപ്രവാഹം സാധാരണയല്ലേ? സമാധാനിക്കുക. അവസാനമായി ഒരു നൃത്തകൂടി ചുണ്ടിക്കാണിക്കട്ടെ, "ഞാനിപ്പോൾ സമർത്ഥനായ വിദ്യാർത്ഥിയെ നിങ്ങൾക്കു് പരിചയപ്പെടുത്തുന്നു" എന്നു് സ്റ്റേജിൽനിന്നു് ഇന്ത്യാമേനോൻ പറഞ്ഞിട്ടു് ഗോവിന്ദസമീപമിരുന്നു് ഉറങ്ങിയ കുട്ടിയുടെ സമീപത്തേക്കു്ചെന്നു് അവനെ തട്ടിയുണർത്തി മാലയിട്ടകത്തേക്കു് കൊണ്ടുപോകുന്നു. പ്രിയപ്പെട്ട ജേസി തങ്കളിൽനിന്നു് ഇത്ര ഞാൻ പ്രതീക്ഷിച്ചിരുന്നില്ല.

ആകെ പാളിപ്പോയ കഥയാണെങ്കിലും ഇതിൽ ജീവിതത്തിന്റെ തുടിപ്പുകൾ ആദ്യന്തം നിറഞ്ഞുനില്ക്കുന്നു. സ്നേഹംകൊണ്ടു കച്ചവടംചെയ്യുന്ന പ്രതാപികളുടേയും, സ്നേഹിക്കാൻ മാത്രമറിയുന്ന പാവപ്പെട്ടവരുടേയും കഥ അതിഭാവുകത്വമുണ്ടെങ്കിൽക്കൂടി അതീവഭംഗിയായി പകർത്തിക്കാട്ടിയിരിക്കുന്നു. പക്ഷേ ലക്ഷങ്ങൾകൊണ്ടു് ബിസിനസ്സ് ചെയ്യുന്ന ഇന്ത്യാമേനോനെ ചിത്രത്തിൽ ചിത്രീകരിച്ചിരിക്കുന്നതുകണ്ടാൽ മദ്യപിക്കാനും ക്ളബ്ബിൽ പോകാനുംമററും ജീവിക്കുന്നയാളാണെന്നു തോന്നും. പരുന്തുവാസു വ്യക്തിത്വമുള്ള കഥാപാത്രമാണു്. പക്ഷേ മിനിയോടു് ഈ രീതിയിലുള്ള ഒരു പെരുമാററം ചെങ്കൽച്ചൂളയിലെ സന്തതിയായ അവനിൽ നിന്നു് പ്രതീക്ഷിക്കുവയ്യ. മിനി ഒരു പനിനീർപ്പൂവിനെപ്പോലെ പരിശുദ്ധയായി അവിടെ കഴിയുന്നതും മനസ്സിനു വിശ്വസിക്കാൻ പ്രയാസമാവും. കഥ ജേസിയുടേതാണു്. തിരക്കഥസംഭാഷണം എസ്. എൽ. പുരത്തിന്റേയും. "ഡാർലിംഗ് വിളി"കളുടെ പ്രവാഹം അറപ്പുണ്ടാക്കി. ഛായാഗ്രാഹകൻ രാമചന്ദ്രബാബുവാണു്. വെളിച്ചത്തെ നിയന്ത്രിക്കുന്നതിൽ കാണിച്ച അശ്രദ്ധ അദ്ദേഹത്തെ സാധാരണ നിലവാരത്തിൽനിന്നുയർത്തിയില്ല.

അഭിനയത്തിന്റെ കാര്യത്തിൽ നടീനടന്മാരെല്ലാം മുൻനിരയിൽത്തന്നെ. മിനിയെന്ന നാരായണിയെ ജയഭാരതി ഭംഗിയായി അവതരിപ്പിച്ചു. ബാലചന്ദ്രൻ എന്ന ശുദ്ധഹൃദയനായകാമുകൻ കമലഹാസനാണു്. ഇന്ത്യാമേനോനും പുഷ്പാമേനോനും ജോസ്പ്രകാശിന്റേയും, സുകുമാരിയുടേയും അനായാസമായ അഭിനയത്തിൽ ജീവസ്സുററതായി. പക്ഷേ അവർക്കുവേണ്ടി രചിച്ച സംഭാഷണത്തിനുകൂടി ജീവനുണ്ടായിരുന്നെങ്കിൽ എന്നാഗ്രഹിച്ചുപോയി. മാസ്റ്റർ രഘു കഴിവുള്ള ബാലനടനാണു്. പക്ഷേ തിരക്കഥാരചയിതാക്കൾ ഈ കുട്ടിയ്ക്കുവേണ്ടി രംഗങ്ങൾ സൃഷ്ടിക്കുമ്പോൾ ബാലമനശ്ശാസ്ത്രംകൂടി മുൻകൂട്ടി വായിക്കാൻ ശ്രമിക്കേണ്ടതുണ്ടു്. ചെങ്കൽച്ചൂളയിലെ ഏററവും ശ്രദ്ധേയമായിതോന്നിയ കഥാപാത്രം ടിക്കററുമേരിയാണു്. ലളിത മേരിയെ കഥാകൃത്തും സംവിധായകനും സങ്കല്പിച്ചതിനേക്കാൾ ഉജ്ജ്വലമാക്കി. കള്ളവാറുകാരനായ അമ്മിണിക്കുട്ടൻ ശങ്കരാടിയുടെ സർഗ്ഗവൈഭവത്തിനു മുന്നിൽ മിഴിവുററതായി. പക്ഷേ ജാനുവിനെ ഇത്രകാലം വിചാരിച്ചിട്ടും തന്റെ വഴിയിലേക്കു് കൊണ്ടുവരാൻ കഴിഞ്ഞില്ല എന്നതത്രുതം അതും ചെങ്കൽച്ചൂളയിൽ. രണ്ടുവർ പാപ്പച്ചന്റെ കരുത്തുററ കരവ

ജയഭാരതി, മാസ്റ്റർ രഘു, കമലഹാസൻ, ഗോവിന്ദൻകുട്ടി അഗ്നിപുഷ്പത്തിൽ

ലയത്തിൽനിന്നും കൊല്ലുന്നതുള്ള ജാനുവിനു് രക്ഷപെടാൻ കഴിയുമെന്നതും അത്ഭുതതന്നെ. രൂപത്തിലും ഭാവത്തിലും പാപ്പച്ചനെ ഗോവിന്ദൻകുട്ടി പൂർണ്ണമായും ഉൾക്കൊണ്ടു എം. ജി. സോമന്റെ പരുന്തുവാസുവാണു് ലളിതയുടെ ടിക്കററുമേരി കഴിഞ്ഞാൽ മുന്നിൽനില്ക്കുന്നതു്. അടൂർഭവാനിയും രാധാമണിയും പപ്പുവും റീനയും സുധീറും അഭിനയിക്കുന്നുവെങ്കിലും അവർ ഈ ചിത്രത്തിലെപ്രധാന കഥാപാത്രങ്ങൾക്കു പിന്നിലെ നിഴലുകൾ മാത്രമാണു്.

ഇടവേളക്കുശേഷം ചിത്രം ആരംഭിക്കുമ്പോൾ പെരുന്നു് ഒരു നോവൽ നമ്മുടെ മനസ്സിലേക്കുവരും. പെരുമ്പടവം ശ്രീധരന്റെ "ആയിരംകാതം ദൂരെ". ചിത്രമവസാനിക്കുമ്പോൾ അപൂർവ്വം ചില മാററങ്ങൾ മാത്രമേ നമുക്കു തോന്നൂ. ചിലപ്പോൾ യാദൃച്ഛികമാവാം.

ഓ എൻ. വി. കുറുപ്പിന്റെ അഞ്ചുഗാനങ്ങളാണു് ഇതിലുള്ളതു്. "നാദബ്രഹ്മമയീ മാനസനാളീകത്തെയുണർത്തുമനശ്വര—", "ഏകദിനതോട്ടത്തിൽ ഏകാന്തതയിൽ ആദ്യദുഃഖിതനായി നിന്നു—" എന്നിവ ഹൃദയസ്പർശിയായി. അർജ്ജുനനു് കുറേക്കൂടി ആഗാധമായി ഓ എൻ വി ആഴമുള്ള വരികൾക്കു് സംഗീതം നൽകാൻ കഴിയേണ്ടിയിരുന്നു. സംവിധായകൻ ജേസി

പുതുമയുള്ള പ്രമേയം തൃപ്തികരമായ അവതരണം. പുതിയ മേച്ചിൽസ്ഥലങ്ങളന്വേഷിക്കുന്ന ഡിപിനായരേയും ജേസിയേയും അഭിനന്ദിക്കുക.

—o—